പുസ്തകം 8 ലക്കം 9
ആഗസ്റ്റ് 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## കണ്ടുമുട്ടുന്നനേരത്ത് ഏറ്റുമുട്ടാതെ...

# പ്രിയ വായനക്കാർക്ക് ഏക തത്ത്വയുടെ ഓണാശംസകൾ

## അജയ് ബാലചന്ദ്രന് ഏക തത്ത്വയുടെ അഭിനന്ദനങ്ങൾ!



15 ജൂലായ് 2018. സ്ഥലം ഒറ്റപ്പാലം സി. എസ്. എൻ. ഓഡിറ്റോറിയം. സമയം 4 മണി. ശക്തമായ മഴയെ കണക്കിലെടുക്കാതെ ആയിരങ്ങളെക്കൊണ്ട് ഓഡിറ്റോറിയം നിറഞ്ഞു. അജയ് ബാലചന്ദ്രന്റെ സ്വപ്ന സാക്ഷാത്ക്കാരമായ ശ്രീരാമ ഗീത അങ്ങിനെ പ്രകാശിതമായി. 15 ദിവസം കൊണ്ട് ഒന്നാം പതിപ്പ് വിറ്റഴിഞ്ഞു. ശ്രീരാമ ഗീതയുടെ രണ്ടാം പതിപ്പ് ഉടൻ വിപണിയിൽ. പരാധീനതകളെ അതിജീവിച്ച് മാതൃകാപരമായ പ്രവൃത്തികൾ കാഴ്ചവെയ്ക്കുന്ന അജയിന് അഭിനന്ദനങ്ങൾ.




ഇടത്തുനിന്ന്: ശ്രീ. എൻ. പ്രദീപ് (പ്രസിഡണ്ട്, സി. എസ്. എൻ. അക്ഷരപക്ഷം), ശ്രീ. മുരളീധർ കൊല്ലത്ത് (കവിയും കുഞ്ഞുണ്ണി മാഷുടെ ശിഷ്യനും), ശ്രീ. ചിത്രേഷ് നായർ (സെക്രട്ടറി, സി. എസ്. എൻ. ട്രസ്റ്റ്), പുസ്തകപ്രകാശനം നടത്തിയ ശ്രീ. പി. ടി. നരേന്ദ്രമേനോൻ (പ്രശസ്ത കവിയും അഡ്വക്കേറ്റും), അജയ് ബാലചന്ദ്രൻ (ശ്രീരാമ ഗീതയുടെ സമ്പാദകൻ), ശ്രീമതി. രമ ഗംഗാധരൻ (പാലിയേറ്റിവ് കെയർ പ്രവർത്തക), പുസ്തകം ഏറ്റുവാങ്ങിയ ശ്രീമതി. ഇന്ദിര കൃഷ്ണകുമാർ (മെമ്പർ, ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് ബോർഡ്, റിട്ട.), ചടങ്ങിന്റെ അദ്ധ്യക്ഷനും ഏക തത്ത്വ മാസികയുടെ എഡിറ്ററുമായ ശ്രീ. ഇ. ടി. മുരളീധരൻ, ശ്രീ. സുരേഷ് തെക്കീട്ടിൽ (കഥാകൃത്ത്) എന്നിവർ വേദിയിൽ.

# നന്ദി...

## അജയ് ബാലചന്ദ്രൻ

**ഇ**ക്കഴിഞ്ഞ ജൂലൈ 15 ഞായറാഴ്ച എൻെറ പുസ്തകം 'ശ്രീരാമ ഗീത' പ്രകാശനം ചെയ്യപ്പെട്ടു. ചടങ്ങിനോടനുബന്ധിച്ച് പ്രൗഢഗംഭീരമായ സദസ്സിനെ അഭിമുഖീകരിച്ചു സംസാരിക്കാൻ ഒരു സുവർണ്ണാവസരം ഈ എളിയ കലാകാരന് ലഭിച്ചു. തദവസരത്തിൽ പ്രകടമാക്കുവാൻ ശ്രമിച്ച ഹൃദയവികാരം ഏക തത്ത്വ കുടുംബത്തിനുമുന്നിൽ സ്നേഹപൂർവ്വം പങ്കുവയ്ക്കുന്നു...

'വേദിയിലും സദസ്സിലുമായി സന്നിഹിതരായിട്ടുള്ള സ്നേഹംനിറഞ്ഞ കുടുംബങ്ങൾക്ക് നമസ്കാരം! ഈ പ്രതിസ്പന്ദത്തിലൂടെ ഏവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം ശ്രീരാമ ഗീതയുടെ താത്പര്യം കൂടെ നിങ്ങൾക്കുമുന്നിൽ വ്യക്തമാക്കിക്കൊള്ളട്ടെ. ഭഗവദ് അവതാരങ്ങൾ അനവധിയാണെങ്കിലും മനസ്സിലാക്കുവാനുള്ള എളുപ്പത്തിനായി ദശാവതാരസങ്കല്പം എങ്ങിനെയാണോ പരമാത്മാവാകുന്ന ഒരേയൊരു ഈശ്വരൻ അനേക അവതാരങ്ങളായി ഭൂമിയിലെത്തുന്നത് അതുപോലെതന്നെ പരമാത്മ ജ്ഞാനമാകുന്ന വേദം, അതാതു യുഗങ്ങളിലെ പരിസ്ഥിതികൾക്കനുസൃതമായി അവതരിക്കുന്നു. മഹാഭാരതം, രാമായണം, ഭഗവദ് ഗീത മുതലായവയെല്ലാം വേദ അവതാരങ്ങൾ തന്നെയാണെന്നു കാണാം. സമയപരിമിതികൾക്കിടയിൽ വായിക്കാവുന്ന, അറിവിന്റെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടുതന്നെ മനസ്സിലാക്കാവുന്ന ശ്രീരാമ ഗീത ഈ കാലഘട്ടത്തിന്റെ വേദ അവതാരമാണ് എന്നുവേണം കരുതാൻ. വേദസ്വരൂപിയാണ് ശ്രീരാമ ഗീത.

ശ്രീമദ് രാമായണത്തിലെ വരികൾ എന്റെ ജീവിതത്തിലെ വിഷമ ഘട്ടങ്ങളിൽ സാന്ത്വനവും ധൈര്യവുമായി എന്നും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ മഹദ് ഗ്രന്ഥത്തിലെ രാമോപദേശങ്ങൾ കോർത്തിണക്കിയ ഈ പുസ്തകം പാരായണം ചെയ്യുകയോ കേൾക്കുകയോ ചെയ്യുന്നത് ഏതൊരുത്തർക്കും ഉപകാരപ്പെടും എന്നതിനാൽ വളരെനാളത്തെ സ്വപ്നസാഫല്യമാണ് ശ്രീരാമ ഗീത. എങ്കിലും മാർഗ്ഗദീപങ്ങളായ അനേകം ഗ്രന്ഥങ്ങൾ നിലവിലുള്ളപ്പോൾ ശ്രീരാമ ഗീത എന്ന പുസ്തകത്തിൻെറ ആവശ്യകത എന്റെ ഉള്ളിൽ ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. അങ്ങനെയിരിക്കെയാണ് ഈ പുസ്തകം നിരീക്ഷിക്കുവാൻ വേണ്ടി ശ്രീ. നരേന്ദ്രമേനോൻ സാർക്ക് സമർപ്പിച്ചത്. നിങ്ങൾ

(43ാം പേജിൽ തുടർന്ന് വായിക്കുക...)

₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം 8 ലക്കം 9

ആഗസ്റ്റ് 2018

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**

07 - ഓണം സമൃദ്ധിയുടെ ഉത്സവം
- ടി. വി. നാരായണൻ കുട്ടി

10 - കേരളത്തിലെ വിനോദ സഞ്ചാര മേഖല തകരുന്നതെന്തുകൊണ്ട് - ഡോ. സുനീത് മാത്യു

13 - പഴംചൊല്ലുകൾ പാവം മൃഗങ്ങളറിയുന്നുണ്ടോ?
- ടി. വി. ഹരികുമാർ

14 - ഗുണത്തേക്കാൾ ഏറെ ദോഷം - ചെറിയാൻ തോട്ടുങ്കൽ

23 - മാംസ ഭോജന നിരോധം - പി. സുശീലാ ദേവി

24 - ഒളിമ്പിക്സ് നേട്ടങ്ങൾ കൊയ്യാൻ
- ഡോ. എസ്. എസ്. കൈമൾ

**കഥ**

27 - അസൂയ - അരവിന്ദൻ

31 - മിഴിയോർത്തിരുന്നിട്ടും - അശോകൻ രാജീവം

33 - വിൽക്കാനുണ്ട് അവാർഡുകൾ - സജിത അനിൽ

35 - മാവ് - ചന്തിരൂർ താഹ

35 - സംഗതി ക്ലാസ്സ് - തുളസി കേരളശ്ശേരി

35 - യോഗം - സുരേഷ് തെക്കീട്ടിൽ

37 - സഞ്ചാരി - ഉല്ലല ബാബു

39 - പറങ്കിമാങ്ങ - ടി. കെ. ഉണ്ണികൃഷ്ണൻ

40 - എന്റെ വീട് - പ്രതിഭ അംബാടി

40 - എന്റെ മോഹം പൂക്കാത്ത മരമായി
- ആർ. പ്രിയ പരമേശ്വരൻ

**കവിതകൾ**

11 - പാടം, പാപം, ആത്മഗതം - ഉണ്ണി വിശ്വനാഥ്

34 - മണ്ണിന്റെ മാറിൽ - ഇന്ദുജൻ

38 - ഉഴുതുണ്ണുന്നവരെ തൊഴുതുണ്ണുന്നവർ രാജാവായി
- എടത്തറ ജയൻ

41 - കുട - സൈനുദീൻ മുണ്ടക്കയം

42 - അഭിമന്യു വിശേഷം - പ്രമോദ് മഞ്ചേരി

**സ്മരണ**

12 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി

**യാത്രാവിവരണം**

15 - ദേവഭൂമിയിലെ ദേവദാരുക്കൾ
- ഈശ്വർകുമാർ തരവത്ത്

**അർബ്ബുദവായനയിലെ അത്ഭുതചിന്തകൾ**

19 - നോവൽ വായനയിലെ ആസുരകാലം
- മാമ്പള്ളം വിജയൻ

**ഫലിതമേള**

30 - എ. രാമകൃഷ്ണൻ

**കഥയും കാര്യവും**

38 - ഉപ്പു മാഹാത്മ്യം - ഭാസ്ക്കരൻ പൂവത്തിങ്കൽ

**പാചകം**

42 - ചെറുനാരങ്ങ മധുര അച്ചാർ - പി. എൻ. ഗംഗാലക്ഷ്മി

**മഹാത്മ**

42 - ബാല്യവിവാഹം - ബിന്ദു. കെ



ഇ. ടി. മുരളീധരൻ

# കണ്ടുമുട്ടുന്നനേരത്ത് ഏറ്റുമുട്ടാതെ...

**അ**ലക്കുകാരം ചേർത്ത പപ്പടവും റെഡ് ഓക്സൈഡ് ചേർത്ത അരിയും പാരഫിൻ ഓയിൽ ചേർത്ത എണ്ണകളും കാർബൈഡ് വെച്ച് പഴുപ്പിച്ച പഴവർഗ്ഗങ്ങളും പ്ലാസ്റ്റിക് കവർ ഇട്ട് തിളപ്പിച്ച എണ്ണയിൽ വറുത്തെടുത്ത വാഴയ്ക്കാ ചിപ്സും കെമിക്കലിൽ മുങ്ങിക്കുളിച്ച് കുട്ടപ്പനായെത്തിയ പഞ്ചസാരയും, പാലും പിന്നെ കീടനാശിനികൾ അമിതമായി തെളിച്ചും കുത്തിവെച്ചും വളർത്തിയെടുത്ത പച്ചക്കറികളും മത്സ്യമാംസാദികളും എല്ലാം സുലഭം. ഇവയെല്ലാം ശേഖരിച്ച് ഓണം ആഘോഷിക്കാനൊരുങ്ങുകയാണ് നമ്മൾ. മാരകരോഗം പിടിപെടുംവരെ നമുക്ക് പറയാം വേറെന്തുചെയ്യും? ഇങ്ങനെയൊക്കെ നോക്കിയാൽ ഒന്നും കഴിക്കാൻ പറ്റില്ല. ജീവിക്കാനും പറ്റില്ല. വരുന്നത് വരുന്നവിടെവെച്ച് കാണാം. അപ്പോഴും അല്പമെങ്കിലും നന്മ നിലനിർത്താൻ നമുക്കെന്തു ചെയ്യാനാകും എന്ന് ചിന്തിക്കരുത്. നന്മയ്ക്കായി നിലകൊള്ളുന്നവരെ പ്രോത്സാഹിപ്പിക്കരുത്, സഹായിക്കരുത്. അവർക്കൊന്നും വേറെ പണിയില്ലാത്ത പ്രാകൃതർ എന്നെല്ലാം പറഞ്ഞും കളിയാക്കിയും ചിരിക്കാം. ചിരി മുഴുമിപ്പിക്കും മുൻപ് രോഗമായി മരണം വന്ന് പുല്കാതിരുന്നാൽ ഭാഗ്യം. ജീവൻ നിലനിർത്താൻ നല്ല ഭക്ഷണം ആവശ്യമാണ്. കഠിനാദ്ധ്വാനത്തിലൂടെ നല്ല ഭക്ഷണമുണ്ടാക്കി കഴിച്ചുശീലിച്ചുവന്ന പഴയ തലമുറക്കാർ ഇവിടെ നൂറു വയസ്സുവരെ സുഖമായി ജീവിക്കുമ്പോൾ മടിയന്മാരായ യുവതലമുറ നേരാംവണ്ണം സമയത്തിന് ഭക്ഷണം പോലും കഴിക്കാതെ പണത്തിനുപിന്നാലെ പാഞ്ഞ് ബേക്കറി ഫുഡ്സും കുപ്പിവെള്ളവും കഴിച്ച് വണ്ണം കുറച്ച് സുന്ദരനും സുന്ദരിയുമായി 40 വയസ്സിനുള്ളിൽ ചത്തുപോകുന്നു. ഇത്തരത്തിൽ നശിച്ചുപോകുന്ന തലമുറയ്ക്ക് മാർഗ്ഗനിർദ്ദേശം ആര് നൽകും ? വളർന്നുവരുന്ന തലമുറയെ ആരും നേരാംവണ്ണം ശ്രദ്ധിക്കുന്നില്ല. അവർ വഴിതെറ്റി പോവാൻ നമ്മൾ തന്നെ ഒരു മാതൃകയാവുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

മത്സ്യത്തിൽ രാസപദാർത്ഥം പുരട്ടി കേടാകാതെ സൂക്ഷിച്ച് വിപണനം ചെയ്യാൻ തുടങ്ങിയത് ഇന്നും ഇന്നലേയുമൊന്നുമല്ല. പക്ഷെ എങ്ങിനെയാണിപ്പോൾ ഇത് ഇത്രയ്ക്ക് വിവാദമായത്? മാമൂൽ മുടക്കിയപ്പോൾ അതുമല്ലെങ്കിൽ വിൽപ്പനക്കാരുടെ ഇടയിൽ വല്ല തർക്കവും വന്നപ്പോൾ ആരോ ഒറ്റിക്കൊടുത്തു. അല്ലാതെ പിന്നെന്ത്? അതോടെ എല്ലാവരുടേയും ശ്രദ്ധ ആ സ്ഥാപനത്തിലേയ്ക്കായി. പക്ഷെ അവരുടെ പ്രശ്നങ്ങൾ കാശുകൊടുത്ത് പരിഹരിക്കപ്പെടുമ്പോൾ പിന്നെയെല്ലാം സാധാരണ നിലയിൽ തുടരുക തന്നെ ചെയ്യും. ധാരാളമായി വെളിച്ചെണ്ണ ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന കാലത്ത് വെളിച്ചെണ്ണയേ കുറ്റപ്പെടുത്തി അതിൽ കൊഴുപ്പ് കൂടുതലാണെന്ന് വരുത്തിത്തീർത്ത് വെളിച്ചെണ്ണയേക്കാൾ വില കൂടിയ പാമോയിലും സൺഫ്ളവർ ഓയിലും ഉപയോഗിക്കാൻ നമ്മെ ശീലിപ്പിച്ചു. ഒരുകിലോ സൺഫ്ളവർ സീഡിന് എത്രയാണെന്നോ വില? നാല്പ്പത് മുതൽ അമ്പത്തിയഞ്ച് രൂപ വരെ വിലയുണ്ട്. ഒരു ലിറ്റർ എണ്ണയുണ്ടാക്കാൻ ചുരുങ്ങിയത് എട്ട് കിലോ സീഡ് വേണം. അങ്ങനെയെങ്കിൽ അത്തരത്തിൽ ഉത്പാദിപ്പിച്ചെടുക്കുന്ന എണ്ണയ്ക്ക് എത്ര വില വരും? ചിന്തിച്ചുനോക്കൂ. പിന്നെ എങ്ങിനെയാണ് എൺപതിനും തൊണ്ണൂറും രൂപയ്ക്ക് ഒരുലിറ്റർ സൺഫ്ളവർ ഓയിൽ വിൽക്കാനാകുക ? ചിന്തിക്കുക. ഈയിടെയായി വെളിച്ചെണ്ണയുടെ അയോഗ്യത നീക്കിയിരിക്കുന്നു. ഏറ്റവും നല്ലത് വെളിച്ചെണ്ണ തന്നെയാണെന്നായി ഇപ്പോൾ. പക്ഷെ തേങ്ങയുടെ വില കുറഞ്ഞതും വെളിച്ചെണ്ണ ആർക്കും വേണ്ടാതായതും കണക്കിലെടുത്ത് പല കേരകർഷകരും കേര കൃഷി ഉപേക്ഷിച്ചു. പോരാത്തതിന് മണ്ഡരി പോലുള്ള പലതരം രോഗങ്ങളും കൃഷിയെ നശിപ്പിച്ചു. ഇപ്പോൾ വെളിച്ചെണ്ണയ്ക്ക് തീ പിടിച്ച വിലയാണ്. എങ്കിലും വേണ്ടില്ല ആരോഗ്യത്തിന് നല്ലതാണല്ലോ എന്ന് കരുതി പലരും വാങ്ങുന്നു. പക്ഷെ അവിടേയും മായം. ആവശ്യത്തിന് വെളിച്ചെണ്ണ ഇല്ല. എന്തു ചെയ്യും ? പാരഫിൻ ഓയിലിലുണ്ടല്ലോ. പാരഫിൻ ഓയിലിൽ സിൻന്തറ്റിക് ഫ്ളേവർ ചേർത്ത് ഏത് ഓയിൽ വേണമെങ്കിലും ഉണ്ടാക്കാമല്ലോ. എന്തൊരു കണ്ടുപിടിത്തമല്ലേ!

വീട്ടുകാർക്ക് വേണ്ടാത്തൊരാളെ നാട്ടുകാർക്ക് നേതാവായി കിട്ടിയിട്ടെന്തുകാര്യം ? ആദ്യം വീട്ടുകാര്യങ്ങൾ നേരാംവണ്ണം നോക്കി നടത്താൻ പഠിക്കണം. എന്നിട്ടുവേണം നാട്ടുകാര്യങ്ങളിലിടപെടാൻ. പക്വതയില്ലാത്ത ആളുകളാണ് പൊതുജനസേവകരായി എത്തുന്നതെങ്കിൽ കാര്യങ്ങളെല്ലാം പ്രശ്നമയമാകും. അറിവിന്റെ വഴിയിൽ നിന്ന് നാം കരസ്ഥമാക്കുന്നവയാണ് വിനയം അഥവാ എളിമ, ക്ഷമ. ഇതെല്ലാം ഉള്ളവനാകണം കാര്യങ്ങൾ പറയാനും തീരുമാനം കല്പ്പിക്കാനും. ഇവിടെ കാര്യങ്ങൾ പറയുന്നത് വിവരമില്ലാത്തവരും, ക്ഷമയില്ലാത്തവരും, അധികാരം ദുർവിനിയോഗം ചെയ്യുന്നവരും ആശയം കൊണ്ട് നേരിടാനാവാതെ ആയുധം കൊണ്ട് മറുപടി പറയുവാൻ മാത്രം ശീലിച്ചവരുമാണ്. ഓരോ പ്രവൃത്തിയിലേയും ശരി തെറ്റുകളെക്കുറിച്ച് ഇരുന്നൊന്നാലോചിക്കൂ. നാമായിട്ട് മറ്റുള്ളവരുടെ ക്ഷമയും സമയവും കളയരുത്. കലഹിക്കാനെളുപ്പമാണ്. സമാധാനം സൃഷ്ടിക്കുക, നിലനിർത്തുക എന്നത് പ്രയാസമുള്ള കാര്യമാണ്. കാരണം എല്ലാം ക്ഷമിക്കാൻ സാധിക്കണം. അറിവുള്ളവന് മാത്രമേ ക്ഷമിക്കാനാകൂ.

അതുകൊണ്ട് അറിവുനേടൂ കലഹിച്ച് ഒന്നും നേടിയിട്ട് കാര്യമില്ല. സമാധാന ജീവിതം ഒരിക്കലും ലഭിക്കില്ല.

വീട്ടിലെ സ്ത്രീകളുടെ കഷ്ടപ്പാട് കണ്ടിട്ടുണ്ടോ ? മണിക്കൂറുകളോളം നിന്ന് പണിയെടുത്ത് ഭക്ഷണമുണ്ടാക്കും. എന്നിട്ട് നമ്മളെല്ലാവരും ചേർന്ന് കഴിക്കാനെടുക്കുന്ന സമയമോ വെറും അഞ്ചു മിനിട്ട്. ഈ അഞ്ചുമിനിട്ടിനുവേണ്ടി ഇവർ ഇത്രയും കഷ്ടപ്പെടേണ്ടതുണ്ടോ ? ഭക്ഷണം ഏതു വേണമെങ്കിലും ഫോണിലൊന്ന് വിളിച്ചുപറഞ്ഞാൽ ഹോട്ടലിൽ നിന്ന് കൊണ്ടുവന്നുതരും. സമയവും ലാഭിക്കാം, കഷ്ടപ്പാടിൽ നിന്നൊരു മോചനവുമാകും. പോരാത്തതിന് വേറെ വല്ല ജോലിക്കും പോയി പണവുമുണ്ടാക്കാം. അങ്ങിനെ വീട്ടിലെ വരുമാനം ഇരട്ടിയാക്കാം. പലരുടേയും ചിന്തകളെല്ലാം ഈ വഴിക്കാണ് കടന്നുപോകുന്നത്. മിക്ക ആളുകളും ഭക്ഷണം ഹോട്ടലിലാക്കി. അതോടെ പലപ്പോഴും കിടപ്പ് ഹോസ്പിറ്റിലുമായി.

ഏതൊരു വിഷയവും പഠിക്കുമ്പോഴും മറ്റുള്ളവരെ, പുതുതലമുറയേ പഠിപ്പിക്കാൻ വേണ്ട വിധം അറിവ് ശേഖരിച്ച് പഠിക്കണം. അതിനായി ഇന്നുള്ള എല്ലാ ഗുരുക്കന്മാരേയും ഇന്റർനെറ്റ് ഉൾപ്പടെയുള്ള എല്ലാ വിവരസാങ്കേതിക വിദ്യകളേയും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. പക്ഷെ ഇന്ന് പഠിക്കാൻ വരുന്നത് അറിവ് നേടാനല്ലല്ലോ. 5 വയസ്സു മുതൽ 25 വയസ്സുവരെ പഠന കാലമാണ്. വേറൊരു പണിയും അവരെക്കൊണ്ട് ചെയ്യിക്കില്ല. മാതാപിതാക്കൾ തിരക്കിലാണ്. ഒന്നും നേരാംവണ്ണം പറഞ്ഞുകൊടുക്കാൻ അവർക്ക് സമയമില്ല. കുട്ടികളെ നല്ല പേരുകേട്ട സ്കൂളുകളിൽ ചേർക്കും. പഠിച്ചാലും ഇല്ലെങ്കിലും അവർ ജയിക്കും. തോൽവി എന്നൊന്നില്ലാതായി. അതുകൊണ്ടുതന്നെ ചെറിയ ശകാരമോ മാർക്കിൽ വന്ന കുറവോ മതി ജീവിതം അവസാനിപ്പിച്ച് യാത്രയാകാൻ. വൻ മരമായിത്തീരാവുന്ന വിത്തിനെ ചട്ടിയിൽ പാകി വളർത്തുന്നതുപോലെയാണ് നാം കുട്ടികളേയും വളർത്തുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ആപത്ത് വന്ന് ഭവിക്കുന്നു, അല്പായുസ്സുകാരായി തീരുന്നു.

മൊബൈൽ ഫോണിലേയ്ക്ക് തലയും താഴ്ത്തിയിരുന്ന് പരസ്പരം കാര്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് മെസ്സേജുകൾ അയച്ചും വായിച്ചുരസിച്ചും കാറ്ററിംഗ് സർവ്വീസിൽ നിന്ന് വാങ്ങിയ ഭക്ഷണം കഴിച്ച് ഓണം ഉൾപ്പടെയുള്ള ആഘോഷങ്ങൾ ആഘോഷിക്കുന്നവർ ഒരിക്കൽ പോലും പറയരുത് നമ്മുടെ രാജ്യമാണ് ഏറ്റവും നല്ലത്, നമ്മുടെ സംസ്കാരമാണ് ഏറ്റവും മഹത്തരമെന്ന്. കാരണം അത് കഠിനാദ്ധ്വാനികളായവരുടെ കാലത്തെ രാജ്യവും സംസ്കാരവുമാകുന്നു. അവർ സ്നേഹമുള്ളവരായിരുന്നു, നിഷ്കളങ്കരായിരുന്നു, മനുഷ്യരായിരുന്നു പക്ഷെ ഇന്ന് ഇവിടെ രണ്ടുവിരൽ കൊണ്ട് മാത്രം പണിയെടുക്കുന്ന കുബുദ്ധിക്കാരാണ്, സൂത്രപ്പണിക്കാരാണ് കൂടുതൽ. മെയ്യനങ്ങി പണിയെടുത്തിട്ടുണ്ടോ എന്നുതന്നെ സംശയം. ഇത്തരക്കാരൊന്നും ആ പഴയ സംസ്കാരത്തിന്റെ ഭാഗമാകാൻ പോലും യോഗ്യരല്ലതാനും. നാമാദ്യം വിവിധ രാജ്യങ്ങളിലെ മനുഷ്യരെക്കുറിച്ച് പഠിക്കണം പിന്നെ നമ്മുടെ രാജ്യത്ത് ജീവിച്ചിരുന്ന പഴമക്കാരെ കുറിച്ച് പഠിക്കണം. എന്നിട്ട് സ്വയം എവിടെ എത്തിനിൽക്കുന്നു എന്ന് ചിന്തിക്കുക. സന്തോഷം വരുമ്പോൾ ചിരിക്കാനും ദുഃഖം വരുമ്പോൾ കരയാനും ഉള്ളുതുറന്ന് സംസാരിക്കാനും കഴിയുന്നുണ്ടോ എന്നും ചിന്തിക്കേണ്ടതുണ്ട്. മനുഷ്യത്വമുള്ള മനുഷ്യനാകൂ.

സന്യാസി പീഡിപ്പിച്ചപ്പോൾ ആ വാർത്തയെ പൊടിപ്പും തൊങ്ങലും വെച്ച് പ്രചരിപ്പിച്ചവർ എന്തുകൊണ്ട് വൈദികരുടെ പീഡനകഥകൾ പ്രചരിപ്പിക്കുന്നില്ല എന്നാണ് പലരും സോഷ്യൽ മീഡിയയിലൂടെ ചോദിക്കുന്നത് ? കഷ്ടം ! അല്ലാതെന്തുപറയാൻ ? അതുപോലെ പ്രധാനമന്ത്രി അമേരിക്കയിൽ പോയ വാർത്തയെ കൊട്ടിഘോഷിക്കുമ്പോലെ എന്തുകൊണ്ടാണ് മുഖ്യമന്ത്രി അമേരിക്കയിൽ പോയതിനെക്കുറിച്ച് ഒന്നും ആരും മിണ്ടാത്തത് തുടങ്ങി ചോദ്യങ്ങളിങ്ങനെ ഉയരുകയാണ്. അവനെക്കൊന്നപ്പോൾ പ്രതികരിക്കാത്ത നീ എന്തിന് ഇപ്പോൾ ഇവനെ കൊന്നപ്പോൾ ഇത്രയ്ക്ക് രോഷാകുലനാകണം? എപ്പോഴും മരിച്ചവനുവേണ്ടിയല്ല, ബാധിക്കപ്പെട്ടവർക്കുവേണ്ടിയല്ല നാം പ്രതികരിക്കാറ്, അങ്ങനെ തോന്നുമെങ്കിൽ പോലും. ആവശ്യമില്ലെങ്കിലും നാമാരേയോ സംരക്ഷിക്കാനോ ന്യായീകരിക്കാനോ ഉള്ള ശ്രമത്തിലാണ്. അത് മറുഭാഗത്തിന് ഇഷ്ടമല്ല എന്നതും നമുക്കറിയാം. വെറുതെ തർക്കിക്കലുകൾ മാത്രമാണ് നമ്മൾ ചെയ്യുന്നത്. ഇതിന്റെയെല്ലാം പുറകിൽ ചില ക്രിമിനൽ ബുദ്ധി പ്രവർത്തിക്കുന്നുണ്ട്. അവർക്കാണ് ഗുണം ലഭിക്കുന്നത്. നമ്മളെയെല്ലാം തമ്മിലടിപ്പിച്ച് കൊല്ലുന്നതും കൊല്ലിക്കുന്നതും അവരാണ്. സന്യാസിക്ക്, പുരോഹിതന്, നേതാവിന് വേണ്ടി വെറുതെ നാം നമ്മുടെ ചോര തിളപ്പിക്കുന്നു, എന്നിട്ട് സ്വയം വ്യക്തിത്വം ഇല്ലാതാക്കുന്നു. ജീവിക്കുമ്പോൾ നാളെ ചരിത്രത്തിൽ നല്ലവിധത്തിൽ രേഖപ്പെടുംവിധം മാതൃകാപരമായി ജീവിക്കുക. എല്ലാവർക്കും വേണ്ടി ജീവക്കുക. ആർക്കെങ്കിലും വേണ്ടി ജീവിക്കരുത്, മരിക്കരുത്. കലിതുള്ളി പ്രതികരിച്ച് ബ്ലഡ് പ്രഷർ കൂട്ടി സ്വയം അസുഖങ്ങൾ വരുത്തിവയ്ക്കുന്ന ഇത്തരക്കാരുടെ ജീവൻ പോയാലും ജീവിതം പോയാലും അധികാരസ്ഥാനങ്ങളിൽ തുടരുന്നവർക്ക് എന്നും സുഖമാണ്. തീവ്രവാദവും തീവ്ര വികാരങ്ങളും എല്ലാം ആപത്താണ്. ഇത്തരക്കാർ ക്ഷമയില്ലാത്തവരാണ്. മറ്റൊന്നിനേയും കുറിച്ച് കൂടുതലായി മനസ്സിലാക്കാത്തവരാണ്, മനസ്സിലാക്കാൻ ശ്രമിക്കാത്തവരാണ്, പക്വത തീരെ കുറഞ്ഞവരാണ് ക്ഷിപ്രകോപികളാണ്. ഇത്തരക്കാരെ കണ്ടെത്തി അവരെ കുരുതി കൊടുത്ത് സ്ഥാനമാനങ്ങൾ നിലനിർത്തുന്നവരെ ശ്രദ്ധിച്ചിട്ടുണ്ടോ അവർ എന്നും എപ്പോഴും ഹാപ്പിയാണ്. ഇത് മനസ്സിലാക്കിയ ചിലരെല്ലാം നമുക്കിടയിലുണ്ട്. നേതാവിനെ, ഉദ്യോഗസ്ഥരെ, മന്ത്രിയേയുമെല്ലാം വാക്കുകൊണ്ടും പ്രവൃത്തി കൊണ്ടും സുഖിപ്പിച്ച് കൂടുതൽ പേർ സ്ഥാനമാനങ്ങളിലേയ്ക്ക് വലിഞ്ഞുകയറാൻ ശ്രമിക്കുന്നതും അതുകൊണ്ടാണ്. അവർ നമ്മയുടെ ഒപ്പമല്ല, നേതാവിന്റെ ഒപ്പമാണ്. എന്തുവൃത്തികേട് ചെയ്താലും അവർ സുരക്ഷിതരാണ്. നേതാവ് ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ച് ഒന്നും ചോദിക്കരുത്. ഇവിടെ അവർക്കുവേണ്ടി മരിക്കാൻ വരെ തയ്യാറാ

# ■ എനിക്കു പറയാനുള്ളത്

യ കുറേ പൊട്ടൻമാരുണ്ട്. അവർ പരസ്പരം ചോദ്യങ്ങൾ ചോദിച്ച് തമ്മിലടിച്ച് ചാകും. വേറെ വേലയും കൂലിയുമൊന്നുമില്ലാത്ത ഇവരിൽ ചിലർക്ക് നേതാവ് ചില പദവികൾ നൽകും, ഏതെങ്കിലും സംഘടനകളുടെ മാനേജർ പദവിയോ മറ്റോ. എന്നിട്ട് നാലാളുകേൾക്കേ ശകാരിക്കും, ചിലപ്പോൾ പോയി ചായ കൊണ്ടുവാ, ഓട്ടോ പിടിച്ചുകൊണ്ടുവാ എന്നെല്ലാം പറയും. ഇത്തരക്കാർ അതെല്ലാം അനുസരിക്കും. അവന്റെ ലക്ഷ്യം നേതാവിന്റെ കസേരയോടാണ്. തരം കിട്ടിയാൽ നേതാവിനെ കമഴ്ത്തിയടിക്കും. അതുവരെ പുറകെ മണിയടിച്ചുനടക്കും !

റിയാലിറ്റി ഷോ കൊഴുപ്പിക്കാൻ ഒരു കണ്ണു കാണാത്തതോ വികലാംഗനോ ആയ ഒരാളെ പാർട്ടിസിപ്പന്റാക്കിയാൽ മതി. ആ വ്യക്തിയെ എലിമിനേഷൻ റൗണ്ടിൽ പെടാതേയും പെട്ടാൽ തന്നെ രക്ഷപ്പെടുത്തിയും പ്രോഗ്രാമിലേക്കുള്ള ജനശ്രദ്ധ കൂട്ടിക്കൊണ്ടുവരും. പരസ്യത്തിലൂടെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിലാണ് പ്രൊഡ്യൂസറുടെ കണ്ണ്. ഈയിടെയായി സാഹിത്യമേഖലകളിലെ അധികാരസ്ഥാനങ്ങളിലുള്ളവർ ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതും പ്രോഗ്രാം വിജയിപ്പിക്കുന്നതും ഇതുപോലൊരു സൂത്രപ്പണിയിലൂടെയാണ്. സാഹിത്യ ചർച്ചയ്ക്ക് വിരുദ്ധ ആശയങ്ങളുള്ള ആളുകളെ മനഃപ്പൂർവ്വം പങ്കെടുപ്പിച്ച് ജാതി മത ചിന്തകളെക്കൂടി ചർച്ചയിൽ വലിച്ചുവാരിയിട്ട് കലഹിപ്പിച്ച് കണ്ടുരസിക്കുന്ന, ചിരിക്കുന്ന സംഘാടകർ ഉണ്ട്. കേൾവിക്കാരായി നിറയെ ആളുകളെ കിട്ടാൻ കഥാ ചർച്ച, മത്സരം എന്നൊക്കെ പറഞ്ഞാൽ മതി. നൂറുകണക്കിന് രചയിതാക്കൾ കൈയിലിരിക്കുന്ന കാശും കളഞ്ഞ് വരും. കഥാ ചർച്ചയൊന്നും കാര്യമായി നടക്കില്ല. സംഘാടകർ മുൻകൂട്ടി നിശ്ചയിച്ച ഒന്നോ രണ്ടോ കഥ പേരിന് ചർച്ച ചെയ്തെന്നും വരാം. എന്തായാലും വരുന്നവർക്ക് ഭക്ഷണം കൊടുക്കാനുള്ള വക ഗവൺമെന്റിന്റെ ഫണ്ടിൽ നിന്ന് വസൂലാക്കാനുള്ള വഴി സംഘാടകർ നേരത്തേക്കൂട്ടി കണ്ടിട്ടുണ്ടാകും. ഗവൺമെന്റ് ഫണ്ട് തട്ടിയെടുക്കുക എന്നതും മറ്റുള്ളവരേ വിവാദത്തിൽ പെടുത്തി രസിക്കുക എന്നതും സംഘാടകരുടെ ലക്ഷ്യമാകുന്നു. കോമാളിയായത് പങ്കെടുക്കാനായി പ്രതീക്ഷയോടെ പോയ സാധാരണ രചയിതാക്കൾ. പ്രതിഫലം പറ്റി സംസാരിക്കാനായി എത്തിച്ചേരുന്ന വിശിഷ്ട വ്യക്തികൾക്കാണ് വേദിയിൽ സ്ഥാനം. പക്ഷെ അവർക്കുള്ള പണിയാണ് അവർക്കിഷ്ടമില്ലാത്തവരെക്കൂടി ആ വേദിയിലിരുത്തി പരസ്പരം തമ്മിലടിപ്പിക്കുക എന്നത്. ചർച്ചയിൽ പങ്കെടുത്തവർ തന്നെ പലവിധത്തിൽ സോഷ്യൽ മീഡിയയിലൂടേയും മറ്റു മാധ്യമങ്ങളിലൂടേയും ഈ വാർത്ത ചേരി തിരിഞ്ഞ് പ്രചരിപ്പിച്ചുകൊള്ളും. അതോടെ എന്തായാലും പ്രോഗ്രാം വൻവിജയമായെന്ന് സംഘാടകർ പറയും. സാഹിത്യവേദികളിൽ ചെന്ന് അതിൽ പങ്കെടുത്ത് തിക്താനുഭവങ്ങൾ ഉണ്ടാകുമ്പോൾ കാശുവാങ്ങി പ്രോഗ്രാമിനുപങ്കെടുത്തവരും ഫ്രീയായി ഭക്ഷണം കഴിച്ച് പ്രോഗ്രാമുടനീളം കണ്ടവനും എന്തുചെയ്യണമെന്നറിയാതിരിക്കും ? പക്ഷെ കുറച്ചുനാളുകൾ കഴിയുമ്പോൾ നാമെല്ലാം മറക്കും. അതുകൊണ്ടുതന്നെ നമ്മൾ അടുത്ത പരിപാടിക്കും വേഷം കെട്ടിയിറങ്ങും. എങ്ങിനെയെങ്കിലും എന്നെ നാലുപേർ അറിയണം. എന്റെ രചനകൾ ചർച്ച ചെയ്യപ്പെടണം. അതുമാത്രമാണ് ഓരോ തവണയും പലരും ചിന്തിക്കാറുള്ളു. അവാർഡ് തട്ടിപ്പ് പോലെ വേറൊരു ചതിക്കുഴിയാണ് ഇത്തരം പ്രോഗ്രാമുകൾ.

മദ്യം ഉണ്ടാക്കുന്നവൻ നല്ലവനല്ല, വിതരണം ചെയ്യുന്നവനും നല്ലവനല്ല. പക്ഷെ കുടിക്കുന്നവൻ മാത്രമായി എങ്ങനെ നന്നാവും? കാരണം ഉത്പന്നമായ മദ്യമേ ശരിയല്ലല്ലോ. ഇതുപോലെയാണ് രചനയും ജീവിതവും. രചനയും സുഖമില്ല, ജീവിതവും സുഖമില്ല. പിന്നെ എങ്ങിനെയെങ്കിലും മദ്യപനെ പോലെ നിലവിളിച്ചും അടിപിടി കൂട്ടിയും മറ്റുള്ളവരുടെ ശ്രദ്ധ നേടിയാൽ മതിയോ? അങ്ങനെ ശ്രദ്ധ നേടിയിട്ടെന്തുകാര്യം? എഴുതുന്നതും ജീവിക്കുന്നതും മറ്റുള്ളവരെ അറിയിക്കാനാവരുത്. സ്വന്തം സംതൃപ്തിക്കും വായിക്കുന്ന ആളുകളെ വഴി പിഴപ്പിക്കുന്നതോ സമയം കളയുന്നതോ ആവരുത് രചനകൾ. അതുപോലെത്തന്നെ രചയിതാവ് നല്ല മാതൃകാപരമായ, സത്യസന്ധമായ ജീവിതം നയിക്കേണ്ടത് അനിവാര്യമാണ്. നല്ല വ്യക്തിയിൽ നിന്നുമാത്രമേ നല്ല രചനകൾ ഉണ്ടായിട്ടുകാര്യമുള്ളു.

എഴുതിയ ഒരുവരിയേ പോസിറ്റീവായും നെഗറ്റീവായും വായിച്ചെടുക്കാം. അതേച്ചൊല്ലി വേറെ പണിയൊന്നുമില്ലാത്തവർ വെറുതെ തമ്മിൽത്തല്ലി കാര്യങ്ങളറിയാത്തവരെ കൂടി പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് അവരുടെ ചിന്തകളെക്കൂടി കലുഷിതമാക്കിയതുകൊണ്ട് എന്തുനേടുന്നു? എഴുതിയ ആൾ ഉദ്ദേശിക്കാത്ത പലതും ഊഹിച്ചെടുത്ത് തമ്മിൽത്തല്ലിക്കുന്ന സ്വഭാവം പണ്ടുതൊട്ടേ ഉണ്ടല്ലോ. പുരാണ കൃതികളേയും ഗ്രന്ഥങ്ങളേയും വ്യാഖ്യാനത്തോടൊപ്പം ദുർവ്യാഖ്യാനങ്ങൾ ചെയ്യുന്നവരുമുണ്ട്. അതെല്ലാം എഴുതിയ ആളുകൾ ഇന്ന് ജീവിച്ചിരിപ്പില്ല. എങ്കിലും എഴുതിച്ച ശക്തി ഇവിടെത്തന്നെ ഉണ്ട് എന്ന് വിസ്മരിക്കുന്നതാണ് തെറ്റ്. എഴുതിയ വരികളിലെ ശരി തെറ്റുകളെക്കുറിച്ച് ആർക്കുമറിയില്ല. എഴുതിയവനുപോലും. കാലഘട്ടം മാറുമ്പോൾ ശരി തെറ്റും തെറ്റ് ശരിയായെന്നും വരാം. പക്ഷെ അനുഭവങ്ങൾ നല്കി, പദസമ്പത്ത് നല്കി, എഴുതിപ്പിക്കുന്ന ആളിനറിയാം ഇവയെല്ലാം എന്തിനെന്ന്. അദ്ദേഹത്തെയാണെങ്കിൽ എല്ലാവരും ഒരുപോലെ അറിയാതെയാണെങ്കിലും പല പേരുകളിൽ പല വിധത്തിൽ ആരാധിക്കുന്നു. ഇവരെല്ലാം ദൈവവിശ്വാസികളാണത്രെ. എന്തൊക്കെ കേട്ടാലും, കണ്ടാലും, അനുഭവിച്ചാലും നിഷ്പക്ഷമായി, സമാധാനപരമായി കാര്യങ്ങൾ ചിന്തിക്കാൻ കഴിയണം. നിങ്ങൾക്കിഷ്ടം രാമനെയാണോ രാവണനെയാണോ ? അല്ലെങ്കിൽ അതുപോട്ടെ, നിങ്ങൾ വാമനനോടൊപ്പമാണോ മഹാബലിയോടൊപ്പമാണോ ? ഇതിൽ ആരാണ് ശരിയെന്ന് നിങ്ങളെങ്ങനെ സ്ഥാപിക്കും ? നിങ്ങൾ പറയുന്നത് മറ്റൊരാൾക്ക് സ്വീകാര്യമാണെന്ന് തോന്നുന്നുണ്ടോ? തർക്കിക്കുക എന്നത് സ്വഭാവമായതിനാൽ തർക്കിക്കുക പതിവാണ്. കൈയ്യൂക്കുള്ളവൻ കയ്യാങ്കളിയും നടത്തുമെന്നത് സ്വാഭാവികം. ക്ഷമയുള്ളവർ മാറി നിന്ന് ചിന്തിക്കുക. പൊരുൾ പിടികിട്ടും. അപ്പോൾ ദൈവത്തിന്റെ പദ്ധതികളെക്കുറിച്ച് മനസ്സിലായതിന്റെ സന്തോ

ഷം ഒരു ചെറുചിരിയായി മന്ദസ്മിതമായി പുറത്ത് പ്രതിഫലിക്കും. ചിലപ്പോൾ ഉള്ളിന്റെ ഉള്ളിൽ തോന്നിപ്പോകും ഭാഗ്യം തന്നെയിത് ഞാനാരോടും പറയാഞ്ഞത്, പക്ഷം ചേരാഞ്ഞത്. ഒരുകാലഘട്ടത്തിൽ എഴുതിയവ, സ്ഥാപിച്ചവ അടുത്ത കാലഘട്ടത്തിൽ മറ്റൊന്നായി വ്യാഖ്യാനിക്കപ്പെടും. മാറ്റം പ്രകൃതി നിയമമാണല്ലോ. എല്ലാം അറിഞ്ഞവൻ വാക്ക് പോരോ യുദ്ധമോ നടത്തില്ല. അറിഞ്ഞിട്ടും പോരിനിറങ്ങുന്നവർക്ക് വേറെ ലക്ഷ്യങ്ങളുണ്ടാവും. കുളം കലക്കി മീൻ പിടിക്കുന്നവരാണവർ. സൂക്ഷിക്കുക. അവർക്ക് ചെവി കൊടുക്കാതിരിക്കുക.

പ്രകൃതി പലതും നമ്മെ പഠിപ്പിക്കുന്നുണ്ട്. മഴ തിമിർത്തു പെയ്യുന്നു. മനുഷ്യനിർമ്മിതമായ ഡാമുകൾ തകരുമോ എന്ന ആശങ്ക നിലനിൽക്കുന്നു. ബ്രിട്ടീഷുകാർ കെട്ടിയതുകാരണം തകരില്ല എന്ന് ചിലരും തകർന്നാൽ നമ്മളെ ബാധിക്കില്ല എന്ന് മറ്റുചിലരും സ്വയം ആശ്വസിക്കുന്നു. ഡാം പൊട്ടുമെന്നുള്ള ഭീതി പരത്തി പുതിയ ഡാം പണിയാനും അതിലൂടെ വൻ അഴിമതി നടത്താനും തയ്യാറായി നിൽക്കുന്നവർക്ക് കാര്യസാധ്യത്തിന് പറ്റിയ സമയമാണ്. അവർ ആഞ്ഞ് പരിശ്രമിക്കുന്നുമുണ്ട്. എപ്പോൾ കെട്ടണം, എപ്പോൾ പൊളിക്കണമെന്ന് തീരുമാനിക്കുന്നവനേ മറന്ന നിലയിലാണ് ശരിക്കും നാമേവരും. എല്ലാം ആവശ്യത്തിൽ കൂടുതലായാൽ കുഴപ്പമാകും എന്ന് ഈ വർഷത്തെ മഴയിലൂടേയും നമ്മെ പഠിപ്പിക്കുന്നു.

നാം പരസ്പരം കണ്ടുമുട്ടുമ്പോൾ ഏറ്റുമുട്ടാതെ നമുക്ക് നന്മയ്ക്കൊപ്പം നീങ്ങാം. വെറും ചടങ്ങിനു മാത്രമായി ഒന്നും ചെയ്തിട്ട് കാര്യമില്ല. യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് ഗുണം കിട്ടുംവിധം കാര്യങ്ങൾ ചെയ്യണം. അതിനായി നമുക്ക് ഒത്തുചേരാം, പ്രവൃത്തിക്കാം.

Why to speak ?

വിവരക്കേടുകൾ വിവരമായി
പരിണമിക്കും വരെ
എഴുതാം നമുക്ക് വരികളായി
പറയാം നമുക്ക് വാക്കുകളായി
നമ്മുടെ ശരിക്കായി വാദിക്കാം,
പ്രവൃത്തിക്കാം
പിന്നെ സാക്ഷീഭാവം മൗനം

Nothing to say...

# ഓണം
## സമൃദ്ധിയുടെ ഉത്സവം



**ടി. വി. നാരായണൻ കുട്ടി**
**8547594929**

**പ**ഴയ തലമുറക്കാർക്ക് ഓണത്തെപ്പറ്റിയും, അതിന്റെ ആഘോഷങ്ങളെപ്പറ്റിയും തരക്കേടില്ലാത്ത അറിവുണ്ടാകും. മുത്തശ്ശിമാർ പറഞ്ഞും, പുസ്തകവായനയിലൂടേയും, സമകാലീന പത്ര മാസികകളിലൂടേയും അവർ ഏറെക്കുറെ മനസ്സിലാക്കിയിരിക്കും. എന്നാൽ ഇന്നത്തെ തലമുറയിൽപെട്ടവർ (ന്യൂ ജെൻ) പ്രത്യേകിച്ച് കുട്ടികളിൽ ചിലർക്കെങ്കിലും ഇതേപ്പറ്റി വേണ്ടത്ര അറിവുണ്ടാകില്ലെന്ന് കരുതിക്കൊണ്ടാണ് നമ്മുടെ ദേശീയോത്സവമായ ഓണത്തെപ്പറ്റി ചില കാര്യങ്ങൾ ഇവിടെ കുറിക്കുന്നത്. മലയാളവർഷപ്പിറവിയുടെ തുടക്കം കുറിച്ച് ചിങ്ങപ്പുലരി ഉദിച്ചുയരുമ്പോൾ തന്നെ ജാതിമത ഭേദമന്യേ കേരളീയരുടേയും മറുനാടൻ മലയാളികളുടേയും മനസ്സിൽ ഓണാഘോഷങ്ങളുടെ കേളി കൊട്ടുയരും. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഇന്ന് ഇവയ്ക്ക് പല മാറ്റങ്ങളും വന്നിട്ടുണ്ടെങ്കിലും വൈവിധ്യമാർന്ന പുതിയ തരം ആഘോഷങ്ങളിലൂടെ ഇന്നും ഓണം മലയാളികൾ നെഞ്ചിലേറ്റുന്നത് വളരെ നല്ലൊരു കാര്യമാണ്.

***അല്പം ചരിത്രം***

പണ്ടു കാലത്ത്, കേരളദേശം വാണിരുന്ന ഒരു അസുരചക്രവർത്തിയായിരുന്നു മഹാബലി (മാവേലി എന്നും ചിലർ പറയുന്നു). ഇദ്ദേഹം അസുര രാജാവായ ഹിരണ്യകശിപുവിന്റെ പുത്രൻ പ്രഹ്ലാദന്റെ ചെറുമകനാണ്. പിതാവ് വിരോചനൻ, മാതാവ് വിജയവല്ലി. മഹാബലി ചക്രവർത്തിയുടെ സദ്ഭരണത്തിൽ നാട്ടിലെങ്ങും സമ്പദ് സമൃദ്ധിയും സമാധാനവും നടമാടി. ജനങ്ങളെയെല്ലാം വലിപ്പ, ചെറുപ്പ വ്യത്യാസമില്ലാതെ, മേൽ ജാതി കീഴ് ജാതി വ്യത്യാസമില്ലാതെ കാണാനും, അവരുടെ ന്യായമായ ഏതാവശ്യങ്ങളും യഥാസമയം നിറവേറ്റാനും, അദ്ദേഹം സദാ ജാഗരൂകനായിരുന്നു. അതുകൊണ്ട് തന്നെ ഇദ്ദേഹത്തിന്റെ യശസ്സ് ഇഹലോകത്തും പരലോകത്തും നാൾക്കുനാൾ ഉയർന്നുകൊണ്ടിരുന്നു. ഇതിൽ അസൂയ പൂണ്ട ദേവേന്ദ്രനും മറ്റു ദേവന്മാരും ഇതിന്നൊരറുതി വരുത്താനുള്ള മാർഗ്ഗങ്ങളാരാഞ്ഞു. ഒടുവിൽ ദേവമാതാവായ 'അതിഥി' ഇവരുടെ പ്രതിനിധിയായി, മഹാബലിയുടെ ഇഷ്ടദൈവമായ മഹാവിഷ്ണുവിനെ തങ്ങളുടെ സങ്കടമുണർത്തിച്ചു. മഹാവിഷ്ണുവാകട്ടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാമെന്ന് വാക്കും കൊടുത്തു.

ആരെന്ത് ചോദിച്ചാലും മുഖം നോക്കാതെ നൽകുന്ന ഒരുദാനശീലനാണ് മഹാബലിയെന്ന് മഹാവിഷ്ണുവിന്നറിയാമായിരുന്നു. മഹാബലിയുടെ ഈ സത്കർമ്മം മുതലെടുക്കാനുള്ള തന്ത്രവുമായി പ്രഭാത വന്ദന സമയത്ത് മഹാവിഷ്ണു ഒരു കൊച്ചു ബ്രാഹ്മണ കുമാരനായ വാമനനായി വേഷം പൂണ്ട് മഹാബലിയുടെ മുന്നിലെത്തി. വാമനനെ കണ്ട മഹാബലി ബഹുമാനപുരസ്സരം ആഗമനോദ്ദേശം തിരക്കി. താൻ കടുത്ത ദാരിദ്ര്യദുഃഖത്തിലാണെന്നും, ഗൃഹനിർമ്മാണത്തിനായി മൂന്നടി മണ്ണ് ദാനം ചെയ്യണമെന്നും ആവശ്യപ്പെട്ടു. ഈ മറുപടി കേട്ട മഹാബലിയുടെ രാജഗുരുവായ ശുക്രമുനിക്ക്

മനസ്സിൽ സംശയമുദിച്ചു. അദ്ദേഹം മഹാബലിയെ വിലക്കി. പക്ഷെ മഹാബലി, തന്റെ നീതി നിർവ്വഹണത്തിൽ നിന്ന് പിൻതിരിയാതെ വാമനനോട് താങ്കൾ ആവശ്യപ്പെട്ട മണ്ണ് അളന്നെടുക്കാൻ അനുമതി നൽകി. ദാനകർമ്മത്തിന്നായി കിണ്ടിയിലെ ജലം വീഴ്ത്താൻ ശ്രമിച്ചപ്പോൾ ജലം പുറത്തുവന്നില്ല. ശുക്രമഹർഷി ദാനം തടസ്സപ്പെടുത്താൻ ഒരു വണ്ടിന്റെ രൂപം പൂണ്ട് കിണ്ടിയുടെ വാലിന്നകത്ത് കയറിക്കൂടിയതാണിതിന് കാരണം. ഈ കാര്യം മനസ്സിലാക്കിയ വാമനൻ അരികെ കിടന്ന ഒരു ദർഭ പുല്ലെടുത്ത് കിണ്ടിയുടെ വാലിലൂടെ കുത്തിയിറക്കി. ദർഭപ്പുല്ല് കൊണ്ടത് മുനിയുടെ ഒരു കണ്ണിലാണ്. വേദന സഹിക്കാതെ വണ്ട് പുറത്തേക്ക് ചാടി. തുടർന്ന് കിണ്ടി വാലിൽ കൂടി പ്രവഹിച്ച തീർത്ഥം നൽകി ദാനകർമ്മങ്ങൾ തുടങ്ങി.

ആളക്കുവാനായി പുറപ്പെട്ട വാമനൻ തന്റെ ദിവ്യരൂപം കൈക്കൊണ്ട് വളർന്ന് വലുതായി. താനെന്നും ഭക്തിപൂർവ്വം പൂജിക്കുന്ന സാക്ഷാൽ മഹാവിഷ്ണുവിനെ കൺമുന്നിൽ കണ്ട മഹാബലി തനിക്ക് പറ്റിയ അമളിയിൽ അശേഷം ദുഃഖിതനായില്ല. ആദ്യത്തെ കാലടി കൊണ്ട് ഇഹലോകം മുഴുവനും രണ്ടാമത്തെ കാലടിയിൽ പരലോകവും ആകാശവും അളന്നു. മൂന്നാമത്തെ അടിവെക്കാൻ സ്ഥലമില്ലാതായപ്പോൾ മഹാബലി തന്റെ ശിരസ്സ് കാണിച്ചുകൊടുത്ത് അവിടെ വിഷ്ണുവിന്റെ തൃപ്പാദം വെക്കുവാനഭ്യർത്ഥിച്ചു. ശിരസ്സിൽ പാദം വെച്ചാൽ ഈ രാജ്യത്തെ ജനങ്ങളെ വിട്ട് പാതാള ലോകത്തേക്ക് പോകേണ്ടിവരുമെന്നരുളി ചെയ്ത മഹാവിഷ്ണുവിന്റെ വാക്കുകൾ യാതൊരു വൈമനസ്യവും കൂടാതെ മഹാബലി സ്വീകരിച്ചു. എങ്കിലും രാജ്യം വിട്ടുപോകുന്ന തനിക്ക് വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണാനുള്ള അനുവാദം നൽകണമെന്നഭ്യർത്ഥിച്ചു. ചിങ്ങമാസത്തെ തിരുവോണനാളിൽ ഇതിന്നവസരമുണ്ടാകുമെന്ന് വരവും നൽകി. മഹാബലി ഭക്തിപുരസ്സരം വിഷ്ണുവിന്റെ പാദങ്ങൾ തന്റെ നെറുകയിൽ വെച്ചു. തുടർന്ന് മഹാബലി ചക്രവർത്തി പാതാളത്തിലേക്കും, മഹാവിഷ്ണു വൈകുണ്ഠത്തിലേക്കും അപ്രത്യക്ഷരായി.

മഹാബലി പോയ ഉടനെ അദ്ദേഹത്തിന്റെ ബാണൻ എന്നൊരു മകൻ സ്വയം രാജാവായി പ്രഖ്യാപിച്ച് ബാണരാജ്യം എന്ന രാജ്യത്തിന്റെ രാജാവായി. ഈ സ്ഥലം മദ്ധ്യ ആസാമിലാണെന്ന് പറയപ്പെടുന്നു.

മഹാബലി ചക്രവർത്തിയുടേയും വാമനന്റേയും സാന്നിദ്ധ്യമറിയിച്ചുകൊണ്ട്, കൊച്ചിയിൽ നിന്ന് ഏകദേശം പത്ത് കിലോമീറ്റർ അകലെ, ഇടപ്പള്ളി-പൂക്കാട്ടുപടി റോഡിൽ തൃക്കാക്കര അപ്പനേയും വാമന മൂർത്തിയേയും രണ്ടിടങ്ങളിലായി പ്രതിഷ്ഠിച്ച ഒരമ്പലമുണ്ട്. ഇവിടെ വിഷ്ണു ഭഗവാൻ സ്വയം അവതരിച്ചതായാണ് ഭക്തർ വിശ്വസിക്കുന്നത്. കന്യാകുമാരി ജില്ലയിലെ ശുചീന്ദ്രത്തിലെ ക്ഷേത്രത്തിലും ഇതിന്റെ ഒരു ശില ഉള്ളതായി പറയപ്പെടുന്നു.

മഹാബലിയുടെ അഭ്യർത്ഥന അനുസരിച്ച് മഹാവിഷ്ണുവിൽ നിന്ന് ലഭിച്ച വരപ്രസാദവുമായി വർഷത്തിലൊരിക്കൽ ചിങ്ങമാസത്തിലെ തിരുവോണനാളിൽ തന്റെ പ്രജകളെ കാണാൻ കേരളത്തിലെത്തുന്ന മഹാബലിയെ വരവേൽക്കാനാണ് മലയാളികൾ ഓണമാഘോഷിക്കുന്നതെന്നാണ് സങ്കല്പം. ഒപ്പം സമൃദ്ധിയുടേയും സന്തോഷത്തിന്റേയും നാളുകളിൽ ഉത്സവപ്രതീതി സൃഷ്ടിച്ചുകൊണ്ടുള്ള ആഘോഷങ്ങളും അരങ്ങേറുന്നു. ഇത് കേരളത്തിലേയും മറുനാട്ടിലേയും മലയാളികൾക്ക് മാനസികോല്ലാസത്തിനും വഴിയൊരുക്കും. വളരെ വിപുലമായ തോതിലുള്ള ആഘോഷങ്ങൾ ഭാരതത്തിൽ മലയാളികളുള്ള എല്ലാ സ്ഥലങ്ങളിലും നടക്കുന്നതിനെ മുൻനിർത്തിയാണ് ഭാരതസർക്കാർ ഓണം ഒരു ദേശീയോത്സവമായി പ്രഖ്യാപിച്ചത്. ലോകത്തെങ്ങുമുള്ള മലയാളികൾ ഈ ആഘോഷങ്ങളിൽ ആസ്ഥലത്തെ അന്യഭാഷക്കാരേയും പങ്കാളികളാക്കാറുണ്ട്.

***കേരളത്തിലെ ഓണാഘോഷങ്ങൾ***

അത്തം തൊട്ട് പത്ത് നാൾ എന്നാണെങ്കിലും തിരുവോണം കഴിഞ്ഞ് അവിട്ടം, ചതയം എന്നീ ദിവസങ്ങളിൽ മൂന്നാം ഓണം, നാലാം ഓണം എന്നിങ്ങനെ ആഘോഷിക്കാറുണ്ട്. വടക്കേ മലബാറിലും തെക്കൻ കേരളത്തിലും ചടങ്ങുകളിലെല്ലാം ചില വ്യത്യാസങ്ങൾ ഉണ്ട്. പക്ഷെ ഇന്ന് രണ്ട് ഭാഗത്തുള്ളവരിൽ പലരും പരസ്പരം എല്ലാഭാഗത്തും എത്തിപ്പെട്ടപ്പോൾ ചിട്ടകൾക്ക് ഒരു ഐക്യരൂപം കൈ വന്നിട്ടുണ്ടോ എന്നൊരു സംശയം നിലനിൽക്കുന്നു.

വടക്കേ മലബാറിൽ കളിമണ്ണുകൊണ്ട് 'മാതേവരെ' ഉണ്ടാക്കി പൂജിക്കുന്ന ചടങ്ങ് സാധാരണ കാണാറില്ല. അവിടെ പൂക്കളവും ഓണത്തപ്പന്റെ വരവുമൊക്കെയാണ് പ്രധാനം. മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിലും മാതേവരെ പൂജിക്കുന്ന പതിവുണ്ട്. കളിമണ്ണിൽ നാല് കോൺ, സ്തൂപത്തിന്റെ ആകൃതിയിൽ മാതേവരെ നിർമ്മിക്കുന്നു. ഇത് ഉണക്കിയശേഷം ഓണനാളിൽ നാക്കിലയിൽ നിലത്തോ, പീഠത്തിന്മേലോ വെച്ച്, അരിമാവു കൊണ്ട് അണിയുന്നു. പിന്നീടാണ് പൂജാകർമ്മങ്ങൾ ചെയ്യുന്നത്. താഴെ പൂക്കളവും പതിവാണ്. മാതേവർ തൃക്കാക്കരയപ്പനാണെന്നാണ് സങ്കല്പം. അപ്പവും അടയും മറ്റും നിവേദ്യമായി അർപ്പിക്കാറുണ്ട്.

പണ്ടൊക്കെ പാടത്തും തൊടിയിലും വരമ്പത്തും ധാരാളം പൂക്കളുള്ള കാലമായിരുന്നു. ഓലകൊണ്ട് മടഞ്ഞ പൂക്കൂടകൾ കഴുത്തിൽ തൂക്കി, കൂട്ടുകാരോടൊത്ത് പൂക്കളിറുക്കാൻ പോകുന്നത് വളരെ രസകരമായ അനുഭവമാണ്. ഇന്ന് പാടങ്ങളും തൊടികളും നാമാവശേഷമായി. ഒപ്പം പൂക്കളുടെ ലഭ്യതയും. ഇന്ന് പണം മുടക്കി പൂക്കടകളിൽ നിന്നുള്ള പൂക്കൾ വാങ്ങി പൂക്കളം നിർമ്മിക്കുന്നു. അന്നത്തെ തലമുറകൾ അനുഭവിച്ച രസകരമായ പലതും ഇന്നത്തെ തലമുറകൾക്കന്യമാണ്. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. മാറ്റങ്ങൾ അനിവാര്യമായതുകൊണ്ടുതന്നെ ഇത് നമ്മൾ ഉൾക്കൊണ്ടേ പറ്റൂ.

ഉത്രാടം, തിരുവോണം ദിവസങ്ങളിലാണ് പ്രധാനമായും ഓണം ആഘോഷിക്കുന്നത്. ഈ ദിവസങ്ങ

ളിൽ ഉച്ചക്ക് നാക്കിലയിൽ വിഭവസമൃദ്ധമായ ഓണസദ്യ, ഉണ്ണുന്നത് മലയാളികളെ സംബന്ധിച്ചിടത്തോളം വളരെ വികാരപരമായ ഒരു കാര്യമായിട്ടാണ് കണക്കാക്കുന്നത്. പണ്ടൊക്കെ കുടുംബത്തിലെ എല്ലാവരും ഒത്തുചേർന്ന് അടുക്കളയിൽ പാചകത്തിന്റെ തിരക്കായിരിക്കും. സദ്യക്കാവശ്യമായ പച്ചക്കറികളും മറ്റും സ്വന്തം കൃഷിയിടങ്ങളിൽ നിന്ന് തന്നെ ലഭിക്കുകയും ചെയ്യും. കൂടാതെ പാട്ടക്കുടിയാന്മാർ തറവാട്ടിലെ കാരണവർക്ക് കാണിക്കയായി നൽകുന്ന പച്ചക്കറികളും വാഴക്കുലകളും കൊണ്ട് കലവറ നിറഞ്ഞിരിക്കുകയും ചെയ്യും. പുതുവസ്ത്രങ്ങളണിഞ്ഞ് ഉച്ചനേരത്തെ സദ്യ കഴിഞ്ഞാൽ പലതരം വിനോദങ്ങളിൽ കുടുംബാംഗങ്ങൾ വ്യാപൃതരാവും. സ്ത്രീകൾക്ക് കൈകൊട്ടിക്കളി, തിരുവാതിരക്കളി, തുമ്പിതുള്ളൽ തുടങ്ങിയവയും പുരുഷന്മാർ ഓണത്തല്ല്, വടംവലി എന്നിവയിലും വ്യാപൃതരാവും. കുട്ടികൾ കുമ്മാട്ടിക്കളി, തലപന്ത് കളി തുടങ്ങിയ കളികളിലാണ് കൂടുതൽ പങ്കാളികളാവുന്നത്. ഇതിനെല്ലാം പുറമെ ചില സ്ഥലങ്ങളിൽ വള്ളംകളിയും അരങ്ങേറും.

ഇന്നത്തെ കാലത്ത് ഇത്തരം വിനോദങ്ങൾ ദുർലഭമായെ കാണാറുള്ളു. കാലത്തിന്റെ മാറ്റത്തിനും പുതിയ തലമുറയുടെ അഭിരുചിക്കനുസരിച്ചും ആഘോഷങ്ങളിൽ കാതലായ മാറ്റം ഇന്ന് പ്രകടമാണ്. ഇക്കാലത്ത് ടെലിവിഷനിൽ ഓണക്കാലത്ത് അരങ്ങേറുന്ന പ്രത്യേക പരിപാടികൾ കാണുന്നതാണ് ചിലർക്കിഷ്ടം. കുട്ടികൾക്കാണെങ്കിൽ അച്ഛനമ്മമാരോടൊത്ത് വല്ല വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും ഒരു യാത്ര പോവുക എന്ന ആഗ്രഹമായിരിക്കും. ഓണക്കാലത്ത് പൂക്കള മത്സരങ്ങൾ വളരെ വാശിയോടെ നടന്നുവരുന്നുണ്ട്. പല സ്ഥാപനങ്ങളും തങ്ങളുടെ ഉത്പന്നങ്ങളുടെ പരസ്യം കണക്കിലെടുത്തും ഇത്തരം മത്സരങ്ങൾ നടത്തുന്നു. മോശമല്ലാത്ത തുക സമ്മാനമായി നൽകുകയും ചെയ്യുന്നു. ഇത് പ്രോത്സാഹജനകമാണെങ്കിലും ഇതിലെ കച്ചവട മനസ്ഥിതി, ഓണത്തിന്റെ ആഘോഷലക്ഷ്യത്തിന്മേലുള്ള ഒരു കടന്നുകയറ്റമായി ചിലർക്കെങ്കിലും തോന്നിക്കൂടായ്കയില്ല. പല കടന്നുകയറ്റമായി ചിലർക്കെങ്കിലും തോന്നിക്കൂടായ്കയില്ല. പല വ്യാപാര സ്ഥാപനങ്ങളും തങ്ങളുടെ ഉല്പന്നങ്ങളുടെ പ്രചരണാർത്ഥം മാവേലിയുടെ വേഷം കെട്ടി, ഓലക്കുടയും പിടിച്ച് കുടവയറനായ ഒരാളെ തെരുവിലിറക്കുന്നത് പലർക്കും ഒരു രസമായി തോന്നാമെങ്കിലും മേൽപ്പറഞ്ഞ വികാരം തന്നെ ഇക്കാര്യത്തിലും പലർക്കും അനുഭവപ്പെടാം. ഇതിന്നായി കുടവയറും ഒപ്പം ലക്ഷണമൊത്ത മുഖവുമുള്ളൊരാളെ കണ്ടെത്തുക അല്പം പ്രയാസമുള്ള കാര്യം തന്നെയാണ്. മഹാബലിക്ക് കുടവയറുണ്ടായിരുന്നോ ? എന്നത് വേറെ കാര്യം. ഇത് കണ്ട് കണ്ട് ജനങ്ങളുടെ മനസ്സിൽ മഹാബലിക്ക് കുടവയറുണ്ടായിരുന്നുവെന്ന വിശ്വാസം ഉറച്ചുകഴിഞ്ഞു. ഇനി കുടവയറില്ലാതെ മഹാബലിയെ കെട്ടാൻ ആരെങ്കിലും വന്നാൽ തന്നെ സമ്മതിക്കുമെന്നും തോന്നുന്നില്ല.

ഇക്കാലത്ത് ഓണത്തോടനുബന്ധിച്ച് റസിഡൻഷ്യൽ കോളനികളിലും ക്ലബ്ബുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലും വ്യാപകമായ തോതിൽ ഓണാഘോഷ ചടങ്ങുകൾ നടക്കുന്നത് നല്ലൊരു കാര്യം തന്നെ. പഴയമാതിരിയല്ലെങ്കിലും കാലത്തിനനുസരിച്ച് മാറ്റങ്ങളോടെ, അതും ഇന്നത്തെ തലമുറയ്ക്കനുയോജ്യമായ രീതിയിൽ കൂട്ടായിരുന്ന് ചില കാര്യങ്ങൾ, അത് കലാപരിപാടികളായാലും ഭക്ഷണം കഴിക്കലായാലും മറ്റേതെങ്കിലും സമൂഹനന്മയ്ക്കായുള്ള കാര്യങ്ങൾ ചെയ്യുന്നതിലായാലും ഓണക്കാലം ഉപയോഗപ്പെടുത്തുന്നത് എല്ലാവർക്കും നല്ല മാനസികോല്ലാസം പ്രദാനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.


കേരളത്തിനകത്തും പുറത്തുമുള്ള ഓണമാഘോഷിക്കുന്ന മലയാളികൾക്ക് പത്ത് ദിവസം മഹാബലി ഭരിച്ച നമ്മുടെ പഴയനാടിന്റെ സമൃദ്ധിയെക്കുറിച്ച് മനസ്സിലെങ്കിലും ഓർക്കാനുള്ള അവസരം ലഭിക്കുന്നു. ഉറ്റവരുടേയും ഉടയവരുടേയും കൂടെ തങ്ങളാലാവുന്ന വിധത്തിൽ അവസാന നാലുനാളുകളിൽ ഒരുദിവസമെങ്കിലും 'ഉള്ളത് കൊണ്ടോണം പോലെ' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന രീതിയിൽ അവർ ആഘോഷിക്കുകയും ചെയ്യുന്നു. ഓണത്തിന് എല്ലാവരും ജാതി, മത വ്യത്യാസമില്ലാതെ, പണ്ഡിത, പാമര വ്യത്യാസമില്ലാതെ ആഘോഷിക്കുമ്പോൾ ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്. 'നമുക്ക് ജാതിയില്ല' എന്നീ തത്ത്വസംഹിതകളുടെ ഉപജ്ഞാതാവായ ശ്രീനാരായണ ഗുരുദേവന്റെ ജന്മനാളും നാലാം ഓണദിനമായ ചതയനാളിൽ ആചരിക്കുന്നത് മഹത്തായൊരു കാര്യമായാണ് നമുക്കനുഭവപ്പെടുക. ഓണത്തിന്റെ സമാപനം ഇങ്ങിനെയായതും കേരളീയരുടെ ഒരു പുണ്യമായി കാണുക.

'മാവേലി നാട് വാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ' എന്ന വചനത്തിന്റെ അതേ അർത്ഥം തന്നെയാണ് അതിനുശേഷം ജന്മം കൊണ്ട ശ്രീനാരായണസുരുവിന്റെ വചനത്തിലൂടെ കേരളീയരായ നമ്മൾ കേട്ടത്. ഇത് വെറും യാദൃശ്ചികമാണെന്ന് പറയാൻ പറ്റുമോ? അക്കാലം കഴിഞ്ഞ് നാം ഇന്നെത്തിനിൽക്കുന്ന ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയിൽ ഇത്തരമൊരു മഹാബലിയോ, ശ്രീനാരായണ ഗുരുവോ' വീണ്ടും ജന്മം കൊള്ളേണ്ട അവസ്ഥ കൈവന്നിരിക്കുന്നുവെന്ന് ചിലർക്കെങ്കിലും തോന്നുന്നുണ്ടാവാം. ●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



ഡോ. സുനീത് മാത്യു
09486382600

# കേരളത്തിലെ വിനോദ സഞ്ചാര മേഖല തകരുന്നതെന്തുകൊണ്ട്?

**യാ**ത്രകൾ ഇഷ്ടപ്പെടാത്തവർ വിരളമായിരിക്കും. എന്നാൽ യാത്ര ചെയ്യുന്നവരും വിരളമാണെന്നതാണ് യാഥാർഥ്യം. യാത്രകളുടെ ചിലവുകൾ, അനുബന്ധ ബുദ്ധിമുട്ടുകൾ തുടങ്ങിയവയായിരിക്കാം ഇക്കൂട്ടരെ പിൻവലിപ്പിക്കുന്നത്. യാത്രകൾ മാനസിക ഉല്ലാസം നൽകുന്നുണ്ട് എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഇതിന് ശാരീരികവും രോഗശമനകരവുമായ ഗുണഫലമുണ്ട് എന്നത് പലർക്കും അറിയുമെന്ന് തോന്നുന്നില്ല. ഒരു യാത്രക്കൊരുങ്ങുന്ന നാൾ മുതൽ യാത്ര കഴിഞ്ഞു കുറേനാൾ വരെയെങ്കിലും യാത്രികർ സന്തോഷമനുഭവിക്കുന്നു. ഈ സന്തോഷം നമ്മുടെ ശരീരത്തിലെ ചില നല്ല ഹോർമോണുകളുടെ പ്രവർത്തനത്തിന് കാരണമാകുന്നു. ഇത്തരം ഹോർമോണുകൾ ചില രോഗങ്ങൾ ശമിപ്പിക്കുന്നതിനു പോലും പര്യാപ്തമാണെന്ന് ഇന്ന് ശാസ്ത്രം തെളിയിച്ചു കഴിഞ്ഞു. വിഷാദ രോഗം പോലും ഇത്തരത്തിലുള്ള ഒന്നാണ്.

നമുക്ക് കാണേണ്ടതായ പല സ്ഥലങ്ങളും നമ്മുടെ ചുറ്റുമുണ്ട്. കേരളത്തിലുണ്ട്, ഇന്ത്യയിലുണ്ട്, വിദേശങ്ങളിലിമുണ്ട്. അവരവരുടെ അഭിരുചിക്കും സാമ്പത്തിക ഭദ്രതക്കും അനുസരിച്ച് ഇവ തിരഞ്ഞെടുക്കാവുന്നതാണ്. അതുകൊണ്ടുതന്നെ പണം ആർക്കും ഒരു പ്രശ്നമാകുമെന്ന് എനിക്ക് തോന്നുന്നില്ല. മലയാളിയുടെ സ്വന്തം യാത്രികനായ ശ്രീ സന്തോഷ് ജോർജ്ജ് കുളങ്ങര ഒരു സന്ദേശം നൽകുകയുണ്ടായി. നൂറു രൂപ ഒരോ ദിവസവും എടുത്തുവെക്കാനാകുമെങ്കിൽ വർഷത്തിൽ ഒരിക്കൽ ഒരു വിദേശ യാത്ര സാധ്യമാണ് എന്ന്. യഥാർത്ഥ സഞ്ചാരി ഈ പണം എടുത്തു വെക്കാൻ തുടങ്ങുന്ന നാൾ മുതൽ സന്തോഷം അനുഭവിക്കാൻ തുടങ്ങുമെന്ന് മനഃശാസ്ത്ര വശം. യാത്രയെന്നാൽ വിദേശയാത്രകൾ മാത്രമല്ല. നമ്മുടെ തൊട്ടടുത്ത വിനോദ കേന്ദ്രങ്ങളിലേക്കുള്ളതും വിനോദയാത്രകൾ തന്നെ. അധികം പണം മുടക്കില്ലാതെ കണ്ടെടുക്കാനാകുന്ന ധാരാളം സ്ഥലങ്ങൾ നമുക്ക് ചുറ്റുമുണ്ട്.

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേരിൽ കുറച്ചുകാലം പേരെടുത്തിരുന്നു കേരളം. അത് നല്ലൊരു വിപണനതന്ത്രം ആയിരുന്നു എന്ന് പറയാതെ വയ്യ. എന്നാൽ ഇന്ന് കേരളം വിദേശ സഞ്ചാരികളുടെ പറുദീസയൊന്നുമല്ല. കേരളത്തിനേക്കാൾ പ്രകൃതി ഭംഗിയും വിനോദാകർഷണവുമുള്ള ധാരാളം സ്ഥലങ്ങൾ പല വിദേശങ്ങളിലുമുണ്ട്. അവർ അതെല്ലാം മികച്ച വിനോദ സഞ്ചാര മേഖലകളാക്കി വളർത്തിക്കഴിഞ്ഞു. കേരളത്തിന്റെ വിനോദ സഞ്ചാര മേഖല പഴയതിൽ നിന്നും പുറകോട്ടു പോവുകയാണുണ്ടായത്. മലയാളികളുടെ ഉള്ളിൽ ഒരു സഞ്ചാരിയുടെ മനസ്സ് കുറവുതന്നെയാണ്. വിനോദ സഞ്ചാര മേഖലയുടെ വിപുലമായ സാധ്യതകളെക്കുറിച്ച് മലയാളികൾ ഇന്നും അജ്ഞരാണ്. ലോകത്തിലെ തന്നെ മികച്ച വരുമാനമാർഗ്ഗങ്ങളിലൊന്നാണ് വിനോദ സഞ്ചാരമേഖല. അടുത്ത കാലങ്ങളിൽ ഇന്ത്യ സന്ദർശിച്ച വിദേശികളിൽ ഭൂരിഭാഗവും കേരളം ഒഴിവാക്കിയിരുന്നു. സഞ്ചാരികൾ ആശ്രയിക്കുന്ന പല യാത്രാ സഹായ സൈറ്റുകളും വായിക്കുമ്പോൾ നമുക്കും അതുതന്നെയാണ് തോന്നുക. കൃത്യമായ സഞ്ചാര വിവരങ്ങൾ നൽകുന്ന ധാരാളം സൈറ്റുകളും ബ്ലോഗുകളും ഇന്ന് ലഭ്യമാണ്. വിശദമായ ഹോംവർക്ക് നടത്താതെ ഇന്ന് സഞ്ചാരികൾ യാത്രക്കിറങ്ങാറില്ല. അത്തരം സൈറ്റുകളെല്ലാം ഇന്ന് കേരളത്തെ കൈവിട്ടപോലെയാണ് എനിക്ക് തോന്നിയിട്ടുള്ളത്. പലതിലും സഞ്ചാരികൾ എഴുതുന്ന അനുഭവക്കുറിപ്പുകളും ആകർഷണീയമല്ല.

അടിസ്ഥാനസൗകര്യങ്ങൾ, വൃത്തി, സുഖകരമായ യാത്ര എന്നിവ ഏതൊരു സഞ്ചാരിയും ആഗ്രഹിക്കുന്ന ഒന്നാണ്. മറ്റു വിദേശ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എടുത്തുപറയേണ്ട ചില കാര്യങ്ങളുണ്ട്. അതിൽ മുഖ്യമാണ് വൃത്തി. ഒരു സഞ്ചാരിക്ക് ഉപയോഗിക്കാൻ പറ്റുന്ന വൃത്തിയുള്ള മൂത്രപ്പുരകളും ടോയ്‌ലെറ്റുകളും കുളിമുറികളുമൊന്നും കേരളത്തിൽ എവിടെയുമില്ല. ദുർഗന്ധം വമിക്കുന്ന ഇത്തരം സാഹചര്യങ്ങളിലേക്കു വരാൻ സഞ്ചാരികൾ മടിച്ചാൽ അതിൽ ആശ്ചര്യപ്പെടേണ്ടതില്ല. പരിസര ശുചീകരണം ഓരോ മലയാളിയുടേയും സ്വഭാവത്തിലേക്ക് പകരുക എന്നതാണിതിനുള്ള ഏക പോംവഴി. ചപ്പുചവറുകൾ അവിടെയിവിടെ നിക്ഷേപിക്കുക, അത് നീക്കം ചെയ്യാതിരിക്കുക, പൊതുസ്ഥലങ്ങളിൽ തുപ്പുക, മൂക്ക് ചീറ്റുക, തുടങ്ങിയ കലാപരിപാടികൾ ഉപേക്ഷിക്കാൻ നമ്മൾ തയ്യാറാകണം. പല വിദേശ രാജ്യങ്ങളിലും ഇത് ശിക്ഷയർഹിക്കുന്ന കുറ്റം തന്നെ. നമ്മുടെ ഏറ്റവും നല്ല വിനോദ സ്രോതസ്സ് ആയ ജലം മലിനമാക്കുന്നതിൽ നാമോരോരുത്തരും നിസ്സാരമല്ലാത്ത പങ്കു വഹിക്കുന്നുണ്ട്. ഇത്തരം മലിനീകരണ പ്രവർത്തനങ്ങൾ വിനോദ സഞ്ചാര മേഖലയുടെ കടക്കൺ മാത്രമല്ല, നമ്മുടെ കുടിവെള്ള സ്രോതസ്സിനെത്തന്നെയാണ് കത്തിവെക്കുന്നത്.

നമ്മുടെ യാത്രകൾ പലപ്പോഴും നമുക്കുതന്നെ ഇഷ്ടപ്പെടാത്ത ഒരു സാഹചര്യമാണുള്ളത്. വൃത്തിഹീനമായ ബസ് നിലയങ്ങൾ, പല സ്ഥലങ്ങളിലും എത്തിച്ചേരാനുള്ള വാഹനസൗകര്യങ്ങളുടെ അഭാവം, വഴിയിൽ കേടായി നിൽക്കുന്ന

വാഹനങ്ങൾ, കൃത്യ സമയത്തിന് എത്തിച്ചേരുന്നതിനുള്ള വൈഷമ്യം, നടുവ് വേദനയുണ്ടാക്കുന്ന റോഡുകൾ ഇവയെല്ലാം വിനോദ സഞ്ചാരികളുടെ മനസ്സിൽ കേരളം പോറലേൽപ്പിക്കുന്നു. നല്ല റോഡുകളും അതിനൊത്ത ഗതാഗത സൗകര്യങ്ങളും വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷികമാണ്. വിനോദ സഞ്ചാരികൾക്കു സൗജന്യമായി യാത്ര ചെയ്യാവുന്ന എയർ കണ്ടീഷൻ ചെയ്ത അഞ്ചു ഡബിൾ ഡക്കർ ബസുകൾ ഇന്തോനേഷ്യയുടെ തലസ്ഥാനമായ ജക്കാർത്തയിൽ ഓടുന്നുണ്ട്. ഈ വാഹനങ്ങളിൽ ഡ്രൈവറെ കൂടാതെ ഒരു ഗൈഡും ഉണ്ടാകും. ഇത്തരം ആഡംബരമൊന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും നിലവാരമുള്ള ഒരു യാത്രാ മാർഗ്ഗം ഏതൊരു സഞ്ചാരിയുടേയും അവകാശമാണ്.


ഇന്ത്യയിൽ താമസച്ചിലവ് മറ്റു ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ചു വളരെ കൂടുതലാണ്. മറ്റു രാജ്യങ്ങളിൽ രണ്ടായിരമോ മൂവായിരമോ രൂപയ്ക്കു ലഭിക്കുന്ന സൗകര്യങ്ങളുള്ള ഹോട്ടലുകൾ ഇന്ത്യയിൽ ലഭ്യമാകണമെങ്കിൽ അയ്യായിരമോ പതിനായിരമോ വേണ്ടി വരും എന്നത് സ്വദേശ സഞ്ചാരികൾക്കു മാത്രമല്ല, കൃത്യമായ ചിലവുകൾ ആസൂത്രണം ചെയ്തെത്തുന്ന വിദേശ സഞ്ചാരികൾക്കും ബുദ്ധിമുട്ടുതന്നെയാണ്. സിംഗപ്പൂരിലും ഹോങ്കോങ്ങിലുമെല്ലാം ഹോട്ടലുകൾ ചിലവേറിയതാണെന്നു മറുവാദം ഉയർത്തിയേക്കും. എന്നാൽ അവിടുത്തെ സഞ്ചാര സാഹചര്യങ്ങളും സാമ്പത്തിക ഭദ്രതയും ഇന്ത്യയിലോ കേരളത്തിലോ ഇല്ലെന്നോർക്കണം. ഉയർന്ന സൗകര്യങ്ങളും സാമാന്യ നിരക്കുമുള്ള ഹോട്ടലുകൾ തന്നെയാണ് ഏതു സഞ്ചാരിക്കും പ്രിയം. നമ്മുടെ ഹോട്ടലുകളും റിസോർട്ടുകളുമെല്ലാം ഇപ്രകാരത്തിൽ വിദേശികളേയും സ്വദേശികളേയുമെല്ലാം ആകർഷിക്കുകയാണെങ്കിൽ വിനോദ സഞ്ചാര മേഖലക്കും അവരുടെ തന്നെ സാമ്പത്തിക ഭദ്രതക്കും മുതൽക്കൂട്ടാകുമെന്ന് തന്നെയാണ് എന്റെ പക്ഷം.

കേരളത്തിൽ മദ്യനയം പലപ്പോഴും വിനോദ സഞ്ചാര മേഖലക്ക് ഒരു തിരിച്ചടി തന്നെയാണ്. കേരളത്തിൽ ബാറുകൾ നിരോധിച്ചത് ശ്രീലങ്കൻ വിനോദ സഞ്ചാര മേഖലക്ക് ഉണർവേകിയെന്നു ചിലരെങ്കിലും വിശ്വസിക്കുന്നുണ്ട്. മദ്യപിക്കാനാണോ കേരളത്തിലെത്തുന്നത് എന്ന് ഒരു മറുചോദ്യം ആരോ അക്കാലത്തു ചോദിച്ചതോർക്കുന്നു. മദ്യപിക്കാനായി ആർക്കും കേരളത്തിലെത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അവരുടെ രാജ്യങ്ങളിലെല്ലാം സുലഭമായി കിട്ടുന്ന ഒന്നുതന്നെയാണ് മദ്യം. അത് ശീലിച്ചിട്ടുള്ളവർക്ക് മദ്യനിരോധനമുള്ള ഒരു സ്ഥലത്ത് വിനോദ സഞ്ചാരത്തിനെത്തുക അത്ര അത്യാവശ്യമുള്ള ഒരു കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. അല്ലെങ്കിൽ അത്രയധികം പ്രാധാന്യം ആ സ്ഥലത്തിനുണ്ടാകണം. ഏഷ്യയിലെ പല വിനോദ സഞ്ചാര കേന്ദ്രങ്ങളേക്കാൾ പിന്നോക്കാവസ്ഥയിലുള്ള കേരളത്തിലേക്ക് എന്തിനു പോകണം എന്ന് അവർ ചിന്തിച്ചാൽ കുറ്റം പറയുവാൻ കഴിയുകയില്ല.

പഞ്ചായത്തു ലെവലുകളിൽ ഭംഗിയായി പ്രവർത്തിക്കാൻ കഴിയുന്ന പല വിനോദ സഞ്ചാര കേന്ദ്രങ്ങളും നമുക്കുണ്ട്. എന്നാൽ അവയുടെ പ്രവർത്തനങ്ങൾ പലയിടത്തും മുടങ്ങിക്കിടക്കുന്നതായാണ് കാണുന്നത്. ലക്ഷങ്ങൾ മുടക്കിയുണ്ടാക്കിയ പല പദ്ധതികളും ആരംഭിക്കാനാകാതെയോ, പ്രവർത്തിക്കാനാകാതെയോ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് നമുക്ക് ഈ മേഖലയിൽ വലിയ പ്രയോജനങ്ങളൊന്നുമില്ല. ഇവിടേക്കെല്ലാം സഞ്ചാരികളെ ആകർഷിക്കാനാകണം. അതിന് അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തണം. വിദേശ സഞ്ചാരികളെ മാത്രമല്ല സ്വദേശികളേയും ഇതിന്റെ ഭാഗമായിക്കണ്ടുകൊണ്ട് വേണം വിനോദ സഞ്ചാര മേഖല വളർത്തിയെടുക്കേണ്ടത്. കൃത്യമായ ആസൂത്രണവും ജനപങ്കാളിത്തവും ഇല്ലാതെ കേരളത്തിൽ വിനോദ സഞ്ചാര മേഖല വളരുമെന്ന് പ്രതീക്ഷിക്കാൻ സാധ്യമല്ല. ●



# മൂന്നു കവിതകൾ



ഉണ്ണിവിശ്വനാഥ്
9895555393, 9447340590

## പാടം

പാടം തുണ്ടു തുണ്ടായ്
മുറിഞ്ഞുപോയപ്പോഴാണ്
ബന്ധങ്ങളെല്ലാം
അകന്നകന്ന് പോയത്

മുറിഞ്ഞ തുണ്ടുകൾ
വിലപേശി വിറ്റപ്പോഴാണ്
കഞ്ഞിക്കരി വാങ്ങാൻ
കടയിൽ പോകേണ്ടി വന്നത്.


## പാപം

മാടിനെ വെട്ടിയും
കോഴിയെ വെട്ടിയും
വേവിച്ചു ഭക്ഷിക്കുമ്പോൾ
പഴമക്കാർ പറയും
കൊന്നാൽ പാപം
തിന്നാൽ തീരുമെന്ന്.
തിന്നാനും കിട്ടിയില്ല
തിന്നാത്തതിനാൽ
കൊന്ന പാപവും തീർന്നില്ല
പാപം മാത്രമെനിക്കു-
ബാക്കിയെന്നു 'കറിക്കത്തി'.

## ആത്മഗതം

തേങ്ങായിൽ പലതവണ
പല്ലാഴ്ത്തിയിട്ടും
ഒരുതവണ പോലും
വയറുനിറഞ്ഞില്ല

താൻ പല്ലാഴ്ത്തിയതൊക്കെയും
മറ്റുള്ളവരുടെ വയറു-
നിറയാനായിരുന്നുവെന്ന്
വായിൽ നിന്ന് തേങ്ങാ
പറിച്ചുമാറ്റിയപ്പോഴാണ-
റിഞ്ഞതെന്ന് 'ചിരവ'.



## എന്റെ അഭിനയ സ്മരണകൾ



മുക്കം ഭാസി
9846138693

ഭാഗം 19

# തിരുമ്പിവന്താൻ തമ്പിയും പ്രേക്ഷകരുടെ വാക്കൗട്ടും

**അ**തൊരു പരീക്ഷണനാടകമായിരുന്നു. ജി. ശങ്കരപിള്ള സാറിന്റെ 'തിരുമ്പിവന്താൻ തമ്പി'. റിഹേഴ്സലും മറ്റും വളരെ ഗോപ്യമായാണ് ഞങ്ങൾ നടത്തിയിരുന്നത്. ഗുട്ടൻസ് ചോർന്നുപോകരുതല്ലോ.

നോട്ടീസും പരസ്യവുമെല്ലാം വളരെ ഗംഭീരം. പ്രഭാഷകനും എഴുത്തുകാരനുമായ പ്രൊഫ. ഹമീദ് ചേന്നമംഗലൂരാണ് ഉദ്ഘാടകൻ. എന്റെ സുഹൃത്ത്. ഉദ്ഘാടന ഭാഷണം പൊടിപൊടിച്ചു. രംഗപൂജയും കുറച്ചു നൃത്തനൃത്ത്യങ്ങളും ഏതാനും പ്രാദേശിക മിമിക്രികളും. അടുത്തതാണ് വെടിക്കെട്ട് ! നാടകം ! അതിന്നുവേണ്ടി കാത്തിരിയ്ക്കയാണ് നാട്ടുകാർ. പ്രത്യേകിച്ചും സ്ത്രീകളും കുട്ടികളും. അപ്പോഴാണ് ചില അപശ്രുതികൾ ! മൈക്ക് ഓൺ ആണ്. അരണ്ടവെളിച്ചത്തിൽ രംഗവേദി കാണാം. രംഗത്ത് ചില അവ്യക്തരൂപങ്ങൾ എന്തൊക്കെയോ പുലമ്പുന്നുണ്ട്. അപ്പോൾ ആരോ ഉറക്കെ അനൗൺസ് ചെയ്യുന്നു. "മാന്യരെ, തിരുമ്പിവന്താൻ തമ്പി എന്ന നാടകം ചില സാങ്കേതിക കാരണങ്ങളാൽ നടത്താൻ നിവൃത്തിയില്ലാതെ വന്നിരിയ്ക്കുന്നു. അതിനാൽ..." തുടർന്നു അണിയറയിൽ കലാപം.

"നടന്നതങ്ങട്ട് പറയണം."

"അതാ വേണ്ടത്."

"എന്നാൽ അങ്ങട്ട് ചെന്ന് പറയ്."

"അതെന്റെ ജോലിയല്ല."

"പിന്നെ."

പെട്ടെന്ന് രംഗത്ത് ലൈറ്റ് പ്രകാശിയ്ക്കുന്നു.

"എടോ, എടോ ലൈറ്റിടല്ലെ."

"ശ്ശെ ! നാശം !"

ഈ സന്ദർഭത്തിൽ സംവിധായകനെ ആരോ വേദിയിലേയ്ക്ക് തള്ളുന്നു ! പരിഭ്രാന്തനായ സംവിധായകൻ സദസ്സിനെ കാണുന്നു. വിക്കി, വിക്കി അദ്ദേഹം സദസ്യരോടായി.

"മാന്യമഹാജനങ്ങളെ... തിരുമ്പി വന്താൻ തമ്പി എന്ന നാടകം നടത്തുവാൻ സാധ്യമല്ല. കാരണം... കാരണം മേക്കപ്പാർട്ടിസ്റ്റ്..." മേക്കപ്പാർട്ടിസ്റ്റ് (രംഗത്തേയ്ക്ക് തലനീട്ടി) "എന്റെ കാര്യം എന്താ പറയുന്നത് ?"

സംവിധായകൻ - "നിന്റെ കാര്യം തന്ന്യാ പറയുന്നത്. ഇയാൾ പറയുന്നു. വേലുത്തമ്പിയുടേയും അനുജന്റെയും വേഷം..."

മേക്കപ്പ് ആർട്ടിസ്റ്റ് : (രംഗത്തേയ്ക്ക് ചാടിവീണു) "എന്റെ പേരിൽ കുറ്റം ചാരേണ്ട. കാര്യമെല്ലാം നേരത്തെ ഞാൻ ഈ മനുഷ്യനോട് പറഞ്ഞതാണ്." സംവിധായകനും മേക്കപ്പാർട്ടിസ്റ്റും പരസ്പരം കുറ്റപ്പെടുത്തി സംസാരിക്കുന്നു.

മേക്കപ്പ് ആർട്ടിസ്റ്റ് - "അപ്പം കുറ്റം മുഴുവൻ എന്റേത് ?"

സംവിധായകൻ - "അല്ല; പിന്നെ എന്റേതാ."

പെട്ടെന്ന് ഒരു പ്രേക്ഷകൻ സദസ്സിൽ നിന്ന് വിളിച്ചുപറയുന്നു.

പ്രേക്ഷകൻ - "അല്ലെടാ ! കുറ്റമൊക്കെ ഞങ്ങളുടേതാ !"

സംവിധായകനും മേക്കപ്പാർട്ടിസ്റ്റും വീണ്ടും കലഹിയ്ക്കുന്നു. പ്രേക്ഷകൻ സ്റ്റേജിൽ കയറുന്നു.

പ്രേക്ഷകൻ - "മര്യാദയ്ക്ക് നാടകം കളിച്ചോ ! നിങ്ങളുടെ ചക്കളത്തിൽ പോരാട്ടം കാണാൻ വന്നവരല്ല ഞങ്ങൾ !"

ഈ വാദപ്രതിവാദത്തിന്ന് മുമ്പിൽ ഒരുകൂട്ടം കാണികൾ - സ്ത്രീകളും കുട്ടികളും - ഞങ്ങളെ ശപിച്ചുകൊണ്ട് അതാ പോകുന്നു; പായും ചുരുട്ടിക്കൊണ്ട് !

"അവരുടെ ഒരു ഉലയ്ക്കമേലെ നാടകം ! സംഭാവന പിരിയ്ക്കാൻ എന്ത് ശുഷ്ക്കാന്തിയായിരുന്നു ? തേനേ, പാലെ... എന്ന് പറഞ്ഞുകൊണ്ട് ? നാളെ നേരം പുലരട്ടെ ! കാണിച്ചുകൊടുക്കാം !!"

ശുദ്ധ ഹൃദയരായ ഗ്രാമീണ ജനത ! അവർക്കുണ്ടോ ഇത്തരം ടെക്നിക് അറിയുന്നു ? വേലുത്തമ്പിയുടേയും അനിയന്റേയും വേഷം മോഷണം പോയി. അത് അടിച്ചുകൊണ്ടുപോയവർ ജയിലിലും ! വേഷം തൊണ്ടിസാധനമായി പോലീസ് കസ്റ്റഡിയിലും ! വേഷമില്ലാതെ എങ്ങനെ നാടകം കളിയ്ക്കും ? അതാണ് പ്രശ്നം. കളിച്ചേ പറ്റൂ എന്ന പ്രേക്ഷകർ ! എന്താണ് സംഭവിച്ചത് അത് കളിച്ചുകാണിയ്ക്കണമെന്ന് പ്രേക്ഷകർ. അങ്ങനെ സംഭവിച്ചതെന്താണെന്ന് കാണിയ്ക്കുന്നതാണ് നാടകം തിരുമ്പിവന്താൻ തമ്പി ! നാടകത്തിലെ പുതുമയുടെ വക്താവാണ് ശങ്കരപിള്ള സാർ. അവതരണത്തിലായാലും ആശയത്തിലായാലും അ

തിലൊക്കെ സാറിന്റെ ഒരു 'ടച്ച്' വേറിട്ടുനിൽക്കും.

സാറിന്റെ 'പരേതനായ സിംഹവും മൂന്നു പണ്ഡിതന്മാരും' എന്ന നാടകം യുവജനോത്സവത്തിൽ ജില്ലയിൽ ഒന്നാം സമ്മാനർഹമായത് ഞങ്ങളുടെ സ്കൂളിനായിരുന്നു! 32 നാടകങ്ങളിൽ ഒന്നാമത്തേത്! സംവിധാനം ചെയ്തതാവട്ടെ, എന്റെ സഹപ്രവർത്തകൻ അശോകൻ മാഷും ! എന്റെ സഹകരണവും എപ്പോഴുമുണ്ടായിരുന്നു അദ്ദേഹത്തിന്.

വളരെ രസകരമായ 'തിരുമ്പി വന്താൻ തമ്പി'യിൽ സംവിധായകന്റെ വേഷമായിരുന്നു എനിയ്ക്ക്. തമ്പിയുടെ വേഷം അശോകൻ മാഷ് വളരെ ഭംഗിയായി കൈകാര്യം ചെയ്തു. ആർ. ഗോപിനാഥ്, കെ. എസ്. മാമ്പറ്റ, എം. ടി. ബി. നായർ, അംബുജം സുരാസു എന്നിവർ മറ്റു വേഷങ്ങൾ കൈകാര്യം ചെയ്തു.

നാടകം ഗംഭീരമായി നടന്നു എന്നറിഞ്ഞ അമ്മമാരും സഹോദരിമാരും പിറ്റേന്ന് ഞങ്ങളെ കണ്ടപ്പോൾ അണ്ടി കളഞ്ഞ അണ്ണാന്മാരെപ്പോലെയായി. അവർ നാടകം ബഹിഷ്ക്കരിച്ചവരായിരുന്നല്ലോ ! ഇതേ നാടകം മറ്റൊരു സദസ്സിൽ ഞങ്ങൾ കളിച്ചപ്പോൾ അവിടെ ബഹളവും ചോദ്യം ചെയ്യലുകളുമൊക്കെയുണ്ടായി. പക്ഷെ, ആരും പോയില്ല. കാരണം അവർ കുറേക്കൂടി പ്രബുദ്ധരായിരുന്നു.

പാവം, എന്റെ നാട്ടിലെ ഗ്രാമീണ സഹോദരിമാർ. 'നേരേ വാ, നേരേ പോ...' എന്ന തരക്കാരായിരുന്നു. കാപട്യമില്ലാത്ത ശുദ്ധമനസ്ക്കർ ! അവരുടെ അംഗീകാരത്തിലുപരി മറ്റെന്ത് അംഗീകാരവും അത്രവിലപ്പെട്ടതായി എനിയ്ക്ക് തോന്നിയിട്ടില്ല. ആദ്യാക്ഷരം പഠിപ്പിച്ച ഗുരുവിന്റെ സ്ഥാനമായിരുന്നു അവരോരോരുത്തർക്കും. നോവലിസ്റ്റും, നാടകകൃത്തും കവിയുമൊക്കെയായ ശ്രീ. ചെറുകാട് ഒരിയ്ക്കൽ ഒരു സാഹിത്യക്യാമ്പിൽ പ്രസംഗിയ്ക്കയുണ്ടായി. "എന്റെ വീട്ടിലെ മുരിങ്ങാച്ചുവടാണ് എന്റെ സൃഷ്ടിയുടെ ഈറ്റില്ലം" എന്ന്.

ഞാൻ ജനിച്ച് വളർന്ന മണ്ണ്. മണ്ണിനെ സ്നേഹിക്കുന്ന അവിടുത്തെ കർഷകർ. അവരുടെ വിയർപ്പിൽ കുരുത്ത കാർഷികോൽപ്പന്നങ്ങൾ - കാർഷിക തൊഴിലാളികൾ - അവരുടെ ഞാറ്റുപാട്ടും, നാട്ടിപാട്ടും. നാടൻ കലകൾ, ഉത്സവങ്ങൾ... എല്ലാമെല്ലാമാണ് എന്നിലെ കലാകാരനെ പരിപോഷിപ്പിച്ചതെന്ന് ഞാനെക്കാലവും വിശ്വസിയ്ക്കുന്നു. ഇങ്ങിനിവരാത്തവണ്ണം കൊഴിഞ്ഞുപോയ ആ സ്നേഹനിർഭര വസന്ത കാലഘട്ടത്തെ ഓർമ്മച്ചെപ്പിൽ നിന്ന് പൊടിതട്ടിയെടുത്ത് വായനക്കാരുടെ മുമ്പിൽ പ്രദർശിപ്പിയ്ക്ക മാത്രമാണ് ഞാൻ ചെയ്തുകൊണ്ടിരിയ്ക്കുന്നത്.

(തുടരും)

■ ലേഖനം

# പഴംചൊല്ലുകൾ പാവം മൃഗങ്ങളറിയുന്നുണ്ടോ ?



**ടി. വി. ഹരികുമാർ**
**9446118387**

**പ**ഴംചൊല്ലിൽ പതിരില്ല. പക്ഷെ പല പഴംചൊല്ലുകളും മൃഗങ്ങളെ കഥാപാത്രമാക്കിയുള്ളതാണ്. പാവം സംസാരിക്കാനും, വായിക്കുവാനും കഴിവില്ലല്ലോ ആയതിനാൽ അവ ഇതൊക്കെ സഹിച്ചുകൊണ്ട് മനുഷ്യനെ സേവിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും കൂടുതൽ മനുഷ്യനുമായി ഇണങ്ങി ജീവിക്കുന്ന മൃഗം പട്ടിയാണ്. കൂടുതൽ ചൊല്ലുകളും പട്ടിയെക്കുറിച്ചുതന്നെ. 'പന്തിരാണ്ടു കൊല്ലം കുഴലിലിട്ടാലും പട്ടിയുടെ വാല് വളഞ്ഞുതന്നെ'. വാലില്ലാത്ത പട്ടികൾ വരെ മനുഷ്യസേവനത്തിനെത്തിയെങ്കിലും പഴംചൊല്ല് അങ്ങനെതന്നെ. നായ നടുക്കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ, ഞായറാഴ്ച നായ കടപ്പുറത്തുപോയ പോലെ, നായ ഒട്ടു തിന്നത്തുമില്ല പശുവിനെക്കൊണ്ട് തീറ്റിക്കത്തുമില്ല, അരിയും തിന്ന് വീട്ടമ്മയേയും കടിച്ചു എന്നിട്ടും പട്ടിക്ക് മുറുമുറുപ്പ് തുടങ്ങി ഏതാണ്ടെല്ലാ പഴംചൊല്ലും നായക്കപമാനകരമാണ്. പശു ഐശ്വര്യത്തിന്റെ ലക്ഷണമാണെങ്കിലും, ആറുനാഴി കറക്കാം ഒരുനാളും പെറുകയില്ല എന്ന ചൊല്ല് പശുവിനപമാനമാണ്. കരയിലെ ഏറ്റവും വലിയ ജീവി ആനയാണ്. ആനയെക്കുറിച്ചുമുണ്ട് ആവശ്യത്തിലധികം പഴംചൊല്ല്. ആനപ്പുറത്തിരുന്നാൽ പട്ടിയെ ഭയക്കേണ്ട, ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടുമോ, ആന വാ പൊളിക്കുമ്പോലെ അണ്ണാൻ വാ പൊളിക്കാമോ തുടങ്ങിയവ ആനയെ പ്രകീർത്തിക്കുന്നതാണെങ്കിൽ ആന കരിമ്പിൻ കാട്ടിൽ കയറിയപോലെ, ആനച്ചോറ് കൊലച്ചോറ് തുടങ്ങിയവ ആനക്കപമാനമാണ്. പോത്തിനെക്കുറിച്ചാണ് പിന്നെ. എടാ പോത്തേ... എന്നു സംബോധനയിൽ തുടങ്ങി കന്നിനെ കയം കാണിക്കരുത്, വെട്ടാൻ വരുന്ന പോത്തിനോട് വേദം ഓതിയിട്ടെന്തു കാര്യം തുടങ്ങിയവ. മനുഷ്യനുമായി സമ്പർക്കമില്ലെങ്കിലും കുറുക്കൻ ആവശ്യത്തിന് പഴി കേൾക്കുന്ന ജീവിയാണ്. കുറുക്കന് മുന്തിരി പുളിക്കും, കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിലാണ്, കുറുക്കൻ നീലത്തിൽ വീണ പോലെ, നായയേയും കുറുക്കനേയും ഒരുപോലെ പറയുന്ന ചൊല്ലാണ് നായ നടന്നാൽ ഫലവുമില്ല നായക്കിരിക്കാൻ നേരവുമില്ല. ഇങ്ങനെ മൃഗങ്ങളെ ചുറ്റിപ്പറ്റിയെത്രയെത്ര പഴം ചൊല്ലുകൾ... അവ പ്രതികരിക്കാത്തത് ഭാഗ്യം. ●



**ചെറിയാൻ തോട്ടുങ്കൽ**
**8281343742**

# ഗുണത്തേക്കാൾ ഏറെ ദോഷം

**ജീ**വിത നിലവാരം അനുസരിച്ച് മാറ്റങ്ങൾ തന്നേ വന്നുകൊണ്ടിരിക്കും. അതിൽ ഗുണവും അതോടൊപ്പം ദോഷവും ഉണ്ടെന്ന് കരുതണം. സൗകര്യം കൂടുംതോറും ഒപ്പത്തിന് അനുസരിച്ച് ദാരിദ്ര്യവും കൂടുന്നു. ഉള്ള സൗകര്യത്തിനനുസരിച്ച് ജീവിക്കാൻ അന്തസ്സ് സമ്മതിക്കില്ല. ഇന്ന് ടെലിവിഷൻ ഇല്ലാത്ത വീടുകൾ ഇല്ല. ഇതിന് വിഡ്ഢിപ്പെട്ടി എന്നൊരു ഓമനപ്പേരുണ്ട്. ഏതായാലും ഇത് നല്ലതാണ്. ധാരാളം പുതിയ അറിവുകൾ നേടാനും വിദേശ വിഷയങ്ങൾ അന്നേരം അന്നേരം അറിയാനും പലതും ചിന്തിപ്പിക്കാനും പഠിപ്പിക്കുന്നു. പല നേതാക്കന്മാരേയും ഉന്നതന്മാരേയും പണ്ട് കേട്ടിട്ടുണ്ടാകും ഇപ്പോൾ നേരിൽ കാണുന്ന മാതിരിയാണ്. അതുകൊണ്ട് വീട് പട്ടിണിയാണെങ്കിലും ടെലിവിഷൻ നിർബന്ധമാണ്. കള്ളന്മാർക്ക് ഇപ്പോൾ സമയം നോക്കിയാണ് പോകുന്നത്. സന്ധ്യയായിക്കഴിഞ്ഞാൽ പത്തുമണിവരെ വിവിധ ചാനലുകളിൽ കൂടി സീരിയൽ ഉണ്ട്. എല്ലാവരും ഇതിന്റെ മുന്നിൽ സ്ഥാനം പിടിച്ചിരിക്കും. പിന്നെ എന്തു സംഭവിച്ചാലും അറിയുകയില്ല. പല വിഡ്ഢിത്തരങ്ങൾ വിളമ്പുന്നത് കേട്ട് രസിച്ചിരിക്കുമ്പോൾ വിലപിടിപ്പുള്ള പല സാധനങ്ങളും കണ്ടെന്നു വരികയില്ല. പ്രേമിക്കുന്നവർക്ക് ഇതൊരു നല്ല സമയം തന്നെ. മുതിർന്നവർ ടി.വി കാണുമ്പോൾ കമിതാക്കൾക്ക് സൊള്ളാൻ പറ്റിയ അവസരം. ഭക്ഷണക്കാര്യത്തിൽ പ്രത്യേക സമയങ്ങൾ ഇല്ല. പല ജോലികളും മാറ്റിവെച്ച് ഇതിന്റെ മുന്നിൽ തപസ്സ് ഇരിക്കുന്ന സ്ത്രീകൾക്ക് പലവിധ രോഗങ്ങൾ ഉണ്ടാകുന്നു. അദ്ധ്വാനം കുറയുന്നതു കാരണം അവശരായി മാറുന്നു. പിന്നെ വെറുതെ അന്തസ്സിനു രാവിലെ ഒരു നടത്തം, കൂടെ വളർത്തുനായയും ഉണ്ടാകും. ഈ നടത്തത്തിൽ വീട്ടിലെ ചില മാലിന്യവസ്തുക്കൾ പാക്കറ്റാക്കി പോകുന്ന വഴിക്ക് ആരും കാണാതെ റോഡിൽ തള്ളുന്നു.

പഠിക്കുന്ന കുട്ടികളുടെ ഭാവിക്ക് ഇത് വലിയ തടസ്സമായി തീരുന്നു. കുട്ടികളുടെ ഉന്മേഷ കുറവിന് പ്രധാന കാരണം ടെലിവിഷൻ ആണെന്ന് ചില ഗവേഷകർ പറയുന്നു. ചെറിയ കുട്ടികൾ പോലും ചാനലിൽ വരുന്ന സ്റ്റൈലിൽ വർത്തമാനം പറയുകയും പോടാ പുല്ലേ എന്ന് പറഞ്ഞാൽ എന്താണെന്ന് അറിയാത്ത മക്കൾ പോലും വീട്ടുകാരെ വിളിക്കുന്നു. ഇത് എല്ലാം ടി.വിയിൽ നിന്നും കേട്ടുപഠിക്കുന്നതാണ്. പല പരസ്യ സാധനങ്ങളും ടി. വി.യിൽ കൂടി കാണിക്കുന്നതുകൊണ്ട് അത് വാങ്ങാൻ നിർബന്ധം പിടിക്കുന്ന വീട്ടുകാരികളും മക്കളും ഉണ്ട്. വാങ്ങിക്കൊടുത്തില്ലെങ്കിൽ ആത്മഹത്യ ചെയ്തവരും ഉണ്ട്. കല്യാണത്തിന് മുമ്പേ അന്വേഷണം ചെല്ലുന്ന വീട്ടിൽ ടി. വി. ഉണ്ടോ എന്നാണ്. പലരുടേയും പൊങ്ങച്ചം സൃഷ്ടിക്കുന്നത് ഇത്തരം വിഡ്ഢിപ്പെട്ടികൾ ആണ്. ബസ് സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലും ടി. വി. സ്ഥാപിച്ചത് നല്ലതു തന്നെ. വണ്ടി വരുന്നതുവരെ സമയം ചിലവാക്കാൻ കഴിയുന്നു. ഇത് കാണുന്നവരുടെ ശ്രദ്ധയിൽ പോക്കറ്റടിക്കാർ അവരുടെ ജോലികൾ നടത്തിയിരിക്കും.

സ്ഥിരം കാണുന്നവരുടെ കാഴ്ചക്ക് നേരത്തെ തന്നെ കാഴ്ച കുറയുന്നു. ഉറങ്ങേണ്ട സമയത്ത് ടി. വി. കണ്ടാൽ പിന്നെ ഉറങ്ങാൻ കഴിയാത്ത അവസ്ഥയിൽ എത്തുന്നു. ഒരു നിശ്ചിത സമയം വരെ കാണുവാൻ അനുവദിക്കുക നിങ്ങളുടെ മക്കളെ. ടി. വി.യെ ചൊല്ലി ധാരാളം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ടി. വി. പരിപാടിയെ ചൊല്ലി തർക്കം ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു. ചാനൽ മാറ്റിയതിനെ ചൊല്ലി തർക്കം, മരുമകളെ കൊലപ്പെടുത്തി. ഇത് തിരുനെൽവേലിയിൽ ഉണ്ടായതാണ്. തിരുവനന്തപുരത്ത് മകന്റെ കുത്തേറ്റ് അച്ഛൻ മരിച്ചു. മൂലമറ്റം, കേരളത്തിൽ തന്നെ, ഭർത്താവ് ചാനൽ മാറ്റി ഭാര്യ ജീവനൊടുക്കി.

ടെലിവിഷന്റെ ഇരകൾ എന്നുപറയുന്നത് കുട്ടികളാണ് കൂടുതൽ. ഇതിൽ കാണുന്ന ചില അഭ്യാസങ്ങൾ കുട്ടികൾ കാണിക്കുമ്പോൾ അപകടം പറ്റുന്നു. പല കളവുകളും ചെയ്യാൻ പ്രേരിപ്പിക്കുന്നു. പൊതുവിൽ ഇതിന്റെ സ്വാധീനം പല ദോഷത്തേയും ഉണ്ടാക്കുന്നു എന്നുള്ളതിൽ സംശയമില്ല. അക്രമം നിറഞ്ഞ ടി.വി പരിപാടികൾ കാണുന്നത് കുട്ടികൾക്ക് വളരെ ദോഷം ചെയ്യുന്നു. കുട്ടികൾ വലുതാകുമ്പോൾ അക്രമസ്വഭാവത്തിൽ എത്താൻ പ്രേരിപ്പിക്കുകയാണ്. തിരുവനന്തപുരത്തു തന്നെ ചാനൽ മാറ്റിയ പ്രശ്നത്തിൽ സഹോദരിയെ വധിച്ചു. ടി. വി. കാണുന്നതിനെ ചൊല്ലി കലഹം. പിന്നെ കൊലപാതകത്തിൽ കലാശിക്കുന്നു.

നെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും. വിഡ്ഢിപ്പെട്ടി ആദ്യം മധുരിക്കും പിന്നെ കൈയ്പ്പ് തന്നേ അറിഞ്ഞോളും. ചില സിനിമകളിൽ മനുഷ്യനെ കുറ്റവാളികൾ ആക്കാൻ പഠിപ്പിക്കുന്ന മാതിരിയാണ്. അതുപോലെ സിനിമയിൽ കട്ടൻചായ ആയിരിക്കാം ഒരുപക്ഷേ അഭിനയത്തിൽ കുടിക്കുന്നത് മദ്യതുല്യമാണ്. ഇതുകാണുന്നവർ യഥാർത്ഥത്തിലുള്ള ലഹരിയെ സമീപിക്കുകയാണ്. അതിനുവേണ്ടി പ്രേരിപ്പിക്കുകയാണോ എന്ന് തോന്നിപ്പോകും. ചില സീരിയലുകൾ കുടുംബമായി ഒരുമിച്ചുകാണാൻ പറ്റാത്തതാണ്. ഇതിലുള്ള ചില ചതിവ് പരിപാടികൾ പ്രയോഗിക്കാൻ പ്രേരണ കൊടുക്കുന്നു. അതുകൊണ്ട് ഈ കാഴ്ചപ്പെട്ടി ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യുന്നു. മൊബൈലിന്റെ മാതിരി ഈ കാഴ്ചപ്പെട്ടി ഇല്ലെങ്കിൽ

ജീവിതത്തിന്റെ പകുതി ഭാഗം നഷ്ട പ്പെട്ടു എന്നാണ് കരുതുന്നത്. ഇത് ലഹരി വസ്തുപോലെ ടെലിവിഷൻ കാണുന്നതും ഒരു ലഹരിയായി മാറിയിരിക്കുന്നു. ഭക്ഷണം കഴിക്കാൻ കുട്ടികളെ വിളിച്ചാൽ വരികയില്ല. വിശപ്പ് എന്ത് എന്നറിയുന്നില്ല. ഇതിന്റെ മുന്നിൽ ഇരുന്നാൽ ഇല്ലാത്ത രോഗങ്ങളെ വിളിച്ചുവരുത്തുന്നു. സമയത്തിന് ഉണരാൻ കഴിയാതെ ജോലികൾക്ക് പോകാനും മടിയന്മാരായി തീരാനും ഇടയാകുന്നു. ഭക്ഷണം കഴിക്കുന്ന സമയം ടി. വി. തുറന്നാൽ അമിതമായ ഭക്ഷണം കഴിച്ചുപോകുന്നു. ചില്ലറ അസുഖങ്ങൾ ഉണ്ടാകുന്നു. ശ്രദ്ധ മുഴുവനും ടി. വിയിൽ ആകുമ്പോൾ കഴിക്കുന്ന ഭക്ഷണത്തിൽ വല്ലതും വീണാൽ തന്നെ അറിയുന്നില്ല. വാരിവലിച്ചകത്താക്കുന്നതും ടി. വിയിൽ നോക്കിക്കൊണ്ടാണല്ലോ. സിനിമയിൽ കാണുന്ന ഭാവം പോലെ തന്റെ ഭർത്താവ് ആകണം എന്ന് ആഗ്രഹിക്കുന്ന സ്ത്രീകൾ പലപ്പോഴും നിരാശയിൽ കഴിയുന്നു. ഇത് സിനിമയിലാണ് ജീവിതത്തിലല്ലെന്ന് കരുതുന്നില്ല. ഈ കാരണത്താൽ കുടുംബബന്ധം തകരുന്നു. ഓരോരുത്തരുടേയും ജന്മ വാസനയായ വായനശീലം, ചിത്രം വരക്കൽ ഇതെല്ലാം സ്ഥിരമായി ടി.വി. കാണുന്നവർക്ക് ഇല്ലാതാകുന്നു.

ഒരു നല്ല പ്രോഗ്രാം കണ്ടുകൊണ്ടിരിക്കുകയാണെങ്കിൽ ആരെങ്കിലും വിളിച്ചാൽ അറിയാതെ ദേഷ്യം തോന്നുകയും വിളിച്ചവരുടെ പ്രശ്നങ്ങൾക്ക് തക്കതായ മറുപടി കൊടുക്കാൻ കഴിയാതെ വരുന്നു. നമുക്ക് പിന്നെ കാണാം എന്നു പറഞ്ഞ് ഒഴിഞ്ഞുമാറി ടി. വി.യുടെ മുന്നിൽ ശരണം പ്രാപിക്കുന്നു. ഒരേ ഇരിപ്പിൽ ഇരുന്നു കാണുന്നതുകൊണ്ട് ശരീരം ഇളകാതെ പലതരം അസുഖങ്ങൾക്കും ഇടയാകുന്നു. കണ്ടുകൊണ്ട് ഇരിക്കുന്ന പരിപാടി തീർന്നിട്ട് ഭക്ഷണം കഴിക്കാം എന്നുകരുതിയാൽ കഴിക്കാൻ സാധിക്കാതെ ശ്രദ്ധ മുഴുവനും ടി.വി.യിൽ തന്നെ ആകുമ്പോൾ പല രോഗത്തേയും സൃഷ്ടിക്കുന്നു. മനസ്സിനെ ഏറ്റവും അധികം സ്വാധീനിച്ചു കഴിഞ്ഞിരിക്കുകയാണ് ഈ വിഡ്ഢിപ്പെട്ടി. ●

■ യാത്രാവിവരണം ( ഭാഗം 3)


**ഈശ്വർകുമാർ തരവത്ത്**
**9946655277**




# ദേവഭൂമിയിലെ ദേവദാരുക്കൾ



## സംയുക്ത തലസ്ഥാനം

**ഇ**ന്നും 'സവേര ഗ്രാന്റ്' ഹോട്ടലിൽതന്നെയാണ് താമസം. പലർക്കും അവിടുത്തെ പഞ്ചാബി ഭക്ഷണത്തോട് ഏറെ താത്പര്യമുള്ളതായി തോന്നി. അത് അവർ ശരിക്കും ആസ്വദിക്കുന്നതും കണ്ടു. അടാരിയിലെ ആന്റിബയോട്ടിക്സ് ഗുളികകളുടെ ഗുണഫലങ്ങൾ, കുറെയേറെ എനിക്കനുഭവപ്പെട്ടു തുടങ്ങിയിരുന്നെങ്കിലും, ഭക്ഷണ കാര്യത്തിൽ, ഞാൻ പതിവുപോലെ നിയന്ത്രണം പാലിച്ചു. തുടക്കം മുതൽ ഈ കാര്യത്തിൽ അനിയേട്ടൻ എനിക്കൊപ്പമുണ്ടായിരുന്നു താനും !!

രാമചന്ദ്രനും പീതാംബരനും യാത്രയേയും സംഘത്തേയും ശ്രദ്ധയോടെയും കൃത്യതയോടേയും നിയന്ത്രിച്ചുവരുന്നുണ്ടായിരുന്നു.

* * * * *

പ്രാതലിനുശേഷം ചണ്ഡീഗഢിലേക്ക് മടക്കം. യാത്രയും ദൂരവും ഒരു പരിധിവരെ എല്ലാവരേയും ക്ഷീണിതരാക്കിയിരുന്നു. അപ്രതീക്ഷിതമായി ലുധിയാനക്ക് സമീപത്തെ ശ്രീരത്നാ റസ്റ്റോറന്റിൽ കിട്ടിയ, നല്ലൊരു സൗത്തിന്ത്യൻ ഊണ്, എല്ലാവരിലും ഉന്മേഷം സൃഷ്ടിച്ചു!

വശങ്ങളിലെ പറമ്പുകളുടേയും വയലേലകളുടേയും വിസ്തൃതി ക്രമേണ കുറഞ്ഞു കുറഞ്ഞു വരുന്നത്, വാഹനം ചണ്ഡീഗഢിനെ സമീപിക്കുകയാണെന്ന സൂചന തന്നു. സമയക്കുറവുള്ളതുകൊണ്ട് ചായയ്ക്കു ശേഷം വിശ്രമിക്കാതെ, നേരെ ചണ്ഡീഗഢ് സിറ്റി കാണാനിറങ്ങി. പഞ്ചാബിന്റേയും ഹരിയാനയുടേയും സംയുക്ത തലസ്ഥാനമായ ചണ്ഡീഗഢ് ഇന്ത്യയിലെ പ്രഥമ ആസൂത്രിത നഗരമാണ്. 1967 മുതൽ യൂണിയൻ ടെറിട്ടറിയായി തുടർന്ന ഈ നഗരം രൂപകല്പന ചെയ്തു നിർമ്മിച്ചത്, പ്രസിദ്ധ ഫ്രഞ്ച് ആർക്കിടെക്റ്റ്, 'ലെ കോർബുഷർ' ആണ്. 246 ഏക്കർ വീതം, സ്വരൂപാർജ്ജിത സെക്ടറുകളിലായി, സ്വന്തം വാണിജ്യ സമുച്ചയങ്ങളും, ആശുപത്രികളും, വിദ്യാഭ്യാസ സ്ഥാപനങ്ങ

ളും, ആരാധനാലയങ്ങളും, പൂന്തോട്ടങ്ങളും, കളിസ്ഥലങ്ങളുമായി അത് പരന്നുകിടക്കുന്നു ! മ്യൂസിയം, ആർട്ട് ഗ്യാലറി, സുഖാന തടാകം, സെക്രട്ടറിയേറ്റ്, ലെജിസ്ലേച്ചർ കെട്ടിടം, പഞ്ചാബ് യൂണിവേഴ്സിറ്റി ക്യാമ്പസ് തുടങ്ങി നിരവധി കാഴ്ചകൾ ഇവിടെ കാണാനുണ്ട്.

നേക്ക്ചന്ദ് എന്ന പ്രശസ്ത കലാകാരൻ നിർമ്മിച്ചെടുത്ത ഇവിടുത്തെ 'റോക്ക് ഗാർഡൻ' ഏറെ പ്രസിദ്ധമാണ്. വെറും പാഴ്വസ്തുക്കൾ കൊണ്ടുമാത്രം വിവിധതരത്തിലും വിധത്തിലും നിർമ്മിച്ച കൗതുകമാർന്ന ശില്പങ്ങൾ, നമ്മളിൽ അത്ഭുതവും ആരാധനയും വളർത്തും ! കൂട്ടത്തിൽ പറയട്ടെ, വലുപ്പത്തിൽ ചെറുതെങ്കിലും ഇദ്ദേഹം തന്നെ നിർമ്മിച്ചെടുത്ത, രാജ്യത്തെ രണ്ടാമത്തെ റോക്ക്ഗാർഡൻ, നമ്മുടെ മലമ്പുഴയിലാണെന്ന് അഭിമാനത്തോടെ ഇവിടെ ഓർമ്മിക്കാം. ഏഷ്യയിലെ ഏറ്റവും വലിയ 'റോസ് ഗാർഡൻ' ഇവിടെയാണെങ്കിലും അതിന്റെ നിലവിലെ ശോചനീയാവസ്ഥ എന്തുകൊണ്ടോ നിരാശപ്പെടുത്തും.

ആധുനിക രീതിയിൽ വിഭാവനം ചെയ്തു നിർമ്മിച്ച ഈ നഗരത്തിലെ ഗതാഗതസംവിധാനം, അടുത്ത 150 വർഷത്തേക്ക് ആസൂത്രണം ചെയ്തതാണെന്ന് ഗൈഡ് പറഞ്ഞു. നിശ്ചിത സമയം ആറുമണിക്കുതന്നെ, ചണ്ഡീഗഢ് എയർപോർട്ടിൽ എത്തി. ഡൽഹിയിലേക്ക് നല്ല തിരക്കായിരുന്നു. പരിശോധനകൾക്കുശേഷം, എട്ടരയുടെ സ്പൈസ് ജെറ്റിന് പുറപ്പെട്ട്, ഒമ്പതേമുക്കാലിന് ഡൽഹിയിലെത്തി.

ഡൽഹിയിൽ പ്രസന്നമായ കാലാവസ്ഥയായിരുന്നു ! അനിൽ, ഞങ്ങളെ കരോൾബാഗിലെ ഹോട്ടലിൽ വിട്ടു. രാത്രി ശരവണഭവയിലെ മസാലദോശയും കഴിച്ച്, നാളത്തെ ജയ്പൂർ യാത്രയെക്കുറിച്ചോർത്ത്, കിടക്കയിലൊതുങ്ങി. കാണാതെ തന്നെ അറിയുന്ന, ഭംഗിയുള്ള ചിലതുണ്ടല്ലോ ഭൂമിയിൽ ! ആ 'ചിലതുകൾ' അന്നേരം എന്റെ ഓർമ്മയിലൊഴുകി നടക്കുന്നുണ്ടായിരുന്നു.

## *നിറങ്ങളുടെ നഗരം*

രാവിലെ ആറുമണിക്കുതന്നെ എല്ലാവരും റെഡിയായി. ആകാശം മൂടിക്കെട്ടിനിന്നിരുന്നു. വിശാലമായ രാജപാതയിലൂടെ, ഞങ്ങളുടെ വാഹനയാത്ര സുഖപ്രദമായിരുന്നു. ഡൽഹിയിൽ നിന്ന് ജയ്പൂരിലേക്ക് 260 കി. മീ. ദൂരമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ രാജസ്ഥാനെ, അതിന്റെ ആരാവലിക്കുന്നുകൾ, വടക്കുപടിഞ്ഞാറൻഭാഗമായും, തെക്കുകിഴക്കൻ ഭാഗമായും വേർതിരിക്കുന്നു. ഒന്ന്, വിശാലമായ മരുപ്രദേശമായും, മറ്റേത് ഫലഭൂയിഷ്ടമായ പീഠഭൂമിയായും കാണപ്പെടുന്നു. യുദ്ധവീരന്മാരായ രജപുത്രന്മാരുടെ ഈ നാട് നിറങ്ങളിലാറാടുന്ന ഒരു കലാസംസ്ക്കാരത്തിന്റെ കൂടി ആസ്ഥാനമാണ്. രാജ്യത്തെ ഏറ്റവും നല്ല ടൂറിസകേന്ദ്രങ്ങളിലൊന്നായ ഇവിടെ, നിരവധി കൊട്ടാരങ്ങളും, കോട്ട-കൊത്തളങ്ങളും, ക്ഷേത്രസമുച്ചയങ്ങളും, പൂന്തോട്ടങ്ങളും, തടാകങ്ങളും വന്യസങ്കേതങ്ങളുമുണ്ട്.

എ. ഡി. 1727ൽ മഹാരാജ സവായ് ജയ്സിങ് ഒന്നാമൻ, സ്ഥാപിച്ച പഴയ ജയ്പൂർ നഗരം, ഇന്ന് 'പിങ്ക് സിറ്റി' എന്ന പേരിലറിയപ്പെടുന്നു. ഐശ്വര്യത്തിന്റെ നിറമായ ഈ നിറം, നഗരത്തിലെ ചെറുതും വലുതുമായ എല്ലാ കെട്ടിടസമുച്ചയങ്ങളിലും നിർബന്ധമാക്കിയിരുന്നുവത്രെ! ഇന്നും അതിവിടെ നിലനിന്നുവരുന്നുവെന്നത് രസാവഹം തന്നെ!

പിന്നീട് വന്ന നവാബ് പ്രതാപ്സിങ്ങിന് നിയമപരമായും അല്ലാതെയുമുള്ള നിരവധി ഭാര്യമാർ ഉണ്ടായിരുന്നുവത്രെ ! ഇവർക്ക്, പൊതുനിരത്തിലെ കാഴ്ചകളേയും, നഗരത്തിലെ ജനപഥത്തേയും കാണുന്നതിനായി, ഓരോ ജനാലയിലും ഓരോ ദ്വാരങ്ങളുള്ള 953 ജനാലകൾ അവിടെ കാണാം. പ്രധാന കൊട്ടാരത്തിനുപുറമെ, ചന്ദ്രമഹൽ, മുബാറക്ക് മഹൽ, ദിവാൻ-ഇ-ആം, ദിവാൻ-ഇ.ഘാസ് എന്നീ നാലു പാലസുകൾ കൂടിയുണ്ട്. ഈ കൊട്ടാരങ്ങൾ രൂപകല്പന ചെയ്തത് അക്കാലത്തെ പ്രശസ്ത വാസ്തു ശില്പി, വിദ്യാധർ ഭട്ടാചാര്യ ആണെന്ന് ചരിത്രരേഖകൾ പറയുന്നു.

ജീവിതത്തിൽ ഒരിക്കലും, ഈ ദൃശ്യാത്ഭുതങ്ങൾ കാണാൻ ആരും വിട്ടുപോകരുത്! രജപുത്രന്മാരുടെ കാലത്ത്, ജ്യോതിശാസ്ത്രത്തിൽ കൈവരിച്ചിരുന്ന പുരോഗതിയുടെ നിദർശനങ്ങൾ, ഇവിടെ, 1724ൽ, സവായ് ജയ്സിങ് രണ്ടാമൻ സ്ഥാപിച്ച 'ജന്തർ-മന്തർ' എന്ന വാനനിരീക്ഷണ - വൈജ്ഞാനിക സ്ഥാപനത്തിൽനിന്നു വായിച്ചെടുക്കാം. ഡൽഹി, വാരണാസി, ഉജ്ജയിൻ, മഥുര എന്നിവിടങ്ങളിൽ കൂടി അദ്ദേഹം, ഇത്തരം നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സൂര്യ-ചന്ദ്രന്മാർ അടക്കമുള്ള ഗ്രഹങ്ങളുടേയും, നക്ഷത്രങ്ങളുടേയും ചലനങ്ങൾ നിരീക്ഷിക്കുവാൻ ഉള്ള ഉപകരണങ്ങൾ ഇവിടെയുണ്ട്.



ജന്തർ-മന്തർ എന്ന വാക്കിന്റെ യഥാർത്ഥ ഉച്ചാരണം 'യന്ത്ര-മന്ത്ര' എന്നാണ്. യന്ത്ര എന്നാൽ ഉപകരണം (Instrument), മന്ത്ര എന്നാൽ സൂത്രവാക്യം (Formula).

ചരിത്രം പരിശോധിച്ചാൽ ജയ്പൂർ രാജവംശം, മുഗൾ സാമ്രാജ്യവുമായി നല്ല സൗഹൃദം പുലർത്തിവന്നിരുന്നതായി കാണാം. 1799-ൽ സവായ് പ്രതാപ് സിങ്ങ് നിർമ്മിച്ച, അതിമനോഹരമായ വേനൽക്കാല വസതിയായ 'ഹവാ മഹൽ' ആണ്, ഇവിടെയുള്ള മറ്റൊരു ആകർഷണ കേന്ദ്രം. കൃത്രിമമായി നിർമ്മിച്ച ഒരു വലിയ തടാകത്തിന്റെ ഒത്തമധ്യത്തിലായി നിൽക്കുന്ന ഈ സുന്ദര ഹർമ്മ്യത്തിലാണ്, രാജകുടുംബാംഗങ്ങൾ വേനൽക്കാലം കഴിച്ചുകൂട്ടിയിരുന്നതത്രേ! ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ, ഇതിനെ ഒരു നക്ഷത്ര ഹോട്ടലാക്കി മാറ്റിയെടുക്കാനുള്ള പദ്ധതികൾ, അണിയറയിൽ നടന്നുവരുന്നതായി ഗൈഡ് പറഞ്ഞു. നഗരത്തിന്റെ ഏതുഭാഗത്തുനിന്നു നോക്കിയാലും ഇത് കാണാമെന്നതാണ് മറ്റൊരു പ്രത്യേകത.

കാഴ്ചകളുടെ ഇടയ്ക്ക്, വെയിൽ, നിഴലിനെ കൂട്ടിയും കുറുക്കിയും, പതുങ്ങി നിൽക്കുന്നു. അന്നു രാത്രി 'ഫോർട്ട് ചന്ദ്രഗുപ്ത' എന്ന ഹോട്ടലിലാണ് താമസം. പഴയ ഒരു പാലസിനെ തന്നെ, പുനർനവീകരിച്ചിരിക്കുന്നതാണ്, മനോഹരമായ ഈ ഹോട്ടൽ.

## *യമുന നദിക്കരയിൽ*

ജെയ്പൂരിൽനിന്ന് 235 കി. മീ. ദൂരമുള്ള ആഗ്രയാണ് അടുത്ത ലക്ഷ്യം. യാത്രയിലെ ഗതാഗത പ്രശ്ന സാധ്യത മുന്നിൽകണ്ട്, രാവിലെ അഞ്ചുമണിക്കുതന്നെ റെഡിയാവാൻ അനിൽ ഞങ്ങളെ നിർബന്ധിച്ചു. അഞ്ചരമണിക്കുതന്നെ പുറപ്പെട്ടു. ദൗസ, ഭരത്പൂർ വഴിയുള്ള എക്സ്പ്രസ് ഹൈവേ വഴിയാണ് യാത്ര. ദൗസയിൽ, പട്ടണത്തിനുപുറത്ത്, ഒരു ദാബയിൽ നിർത്തി പ്രാതൽ കഴിച്ചു. അസ്സൽ രാജസ്ഥാനി നാഷ്ത !

പതിനൊന്നുമണിയോടെ ആഗ്രയിലെത്തി. യമുനയുടെ തീരത്തെ ഈ ചരിത്രനഗരം, സാമാന്യം വൃത്തിയും വെടിപ്പും ഉള്ളതാണ്. അംബരചുംബികൾക്കുപകരം അധികവും രണ്ടും മൂന്നും നിലകളുള്ള കെട്ടിടങ്ങൾ - ആഗ്രയിൽ നിരവധി ഹോട്ടലുകളും റിസോർട്ടുകളും ഉണ്ട്.

'ഫത്തേപ്പൂർ സിക്രി'യിലേക്കാണ് ആദ്യം പോയത്. മഹാനായ മുഗൾ ചക്രവർത്തി അക്ബർ പണിതീർത്ത് ഈ അതിശയസമുച്ചയം, ആഗ്രക്കു കിലോമീറ്ററുകൾ മുമ്പേതന്നെ കാഴ്ചയിൽ വന്നുതുടങ്ങിയിരുന്നു. 1571ൽ പണിതുടങ്ങിയ ഈ കൊത്തളം, പതിനൊന്നു കി. മീ. ദൈർഘ്യമുള്ള ഒരു കോട്ടമതിലിനാൽ സംരക്ഷിതമാക്കിയിരിക്കുന്നു. തന്റെ, ഹിന്ദു-മുസ്ലിം-പാർസി ഭാര്യമാർക്കായി പ്രത്യേകം പ്രത്യേകം രൂപകല്പന ചെയ്യപ്പെട്ട കൊട്ടാരങ്ങൾ, ഇവിടെ നിർമ്മിച്ചിരിക്കുന്നു. അവരുടെ ആചാരാനുസരണം ആരാധിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അവർക്കായി പ്രത്യേകം പ്രത്യേകം സ്ഥലങ്ങളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. സാധാരണയുള്ള താമസ സ്ഥലങ്ങൾക്കുപുറമെ, ശവകുടീരങ്ങൾ, നഖർഘാന (Drum house), തക്സൽ (Mint), കാർഘാനാസ് (Workshops), ഹക്കീംഖാന (medical rooms), ദിവാൻ- ഇ-ആം (Hall of Public Audience), സുനേരാ മകാൻ (Golden House), ജോദ്ബായി പാലസ്, ബീർബലിന്റെ താമസസ്ഥലം എന്നിവയും ഇവയിലുൾപ്പെടുന്നു. നിർമ്മാണം പൂർത്തിയാക്കി അഞ്ചുവർഷത്തിനുശേഷം, അക്ബർ നിർമ്മിച്ച, 'ബുലാന്ത് ദർവാസ' എന്ന കവാടം ഗുജറാത്തിനു മേൽ നടത്തിയ വിജയത്തിന്റെ സ്മാരകമത്രെ ! 1570 നും 1574നും ഇടയിലാണ് പണിമുഴുവൻ പൂർത്തിയായതെന്നു കരുതുന്നു.

യമുനാതീരത്തെ ഈ എടുപ്പുകൾ, എത്രയെത്ര പടയോട്ടങ്ങൾക്കും നിറസാഫല്യങ്ങൾക്കും നൈരാശ്യങ്ങൾക്കും മൂകസാക്ഷിയായി നിന്നിരിയ്ക്കാം. ഇവിടെനിന്ന് ആഗ്ര ഫോർട്ടിലേക്കാണ് പോയത്. അക്ബർ ആദ്യമായി നിർമ്മിച്ച കോട്ട ഇതാണത്രെ. 1565 ൽ തുടങ്ങി 1575 ഏകദേശം പൂർത്തീകരിച്ച ഇതിന്റെ മറ്റു പലഭാഗങ്ങളും, പിന്നീട് 1630 - 1655 കാലഘട്ടത്തിൽ, ഷാജഹാനാണ് പൂർത്തിയാക്കിയത്. ജഹാൻഗിരി മഹൽ, ഖാസ് മഹൽ, മാക്ഷീ ഭവൻ, മോത്തി മസ്ജിദ് തുടങ്ങിയത് ഇതിൽ ചിലതാണ്. ത്രികോണാകൃതിയിലുള്ള ഈ നിർമ്മിതി, ചുമന്ന മണൽക്കല്ലുകൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു. നാലുകമാനങ്ങളിൽ ഏറ്റവും മനോഹരം, പടിഞ്ഞാറുഭാഗത്തെ 'ദില്ലി ദർവാസ' തന്നെ ! മാനവസ്നേഹത്തിലും, സഹിഷ്ണുതയിലും അധിഷ്ഠിതമായ തന്റെ ദർശനങ്ങൾ പ്രചരിപ്പിക്കുവാൻ 'ദീൻ ഇലാഹി' എന്നൊരു കൂട്ടായ്മക്കുതന്നെ അദ്ദേഹം രൂപം നൽകിയത്രെ.

* * * * *

ചായയും, ലഘുഭക്ഷണവും കഴിഞ്ഞ് വെയിൽ ചായാൻ തുടങ്ങിയപ്പോഴാണ് ഇവിടെ നിന്ന് ഏകദേശം 50 കി.മീ. ദൂരമുള്ള മഥുരയിലേക്ക് പുറപ്പെട്ടത്. ശ്രീകൃഷ്ണന്റെ ജന്മസ്ഥലം ! കൃഷ്ണസങ്കല്പത്തിന്റെ വൈവിധ്യമാർന്ന ഭാവതലങ്ങളെ സംബന്ധിച്ച്, ആശയ-വിനിമയ-സംവാദങ്ങൾക്കിടയിലും, അതിലുൾക്കൊള്ളുന്ന ദാർശനീകതലത്തിൽ മാത്രമാണ്, എനിയ്ക്ക് താത്പര്യം തോന്നിയിട്ടുള്ളത്.

ഇടുങ്ങിയ വഴികളും, പഴകിയ കെട്ടിടങ്ങളുമുള്ള ഒരു ചെറുപട്ടണം! പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും, പഴമയും, ഗ്രാമവിശുദ്ധിയും തോന്നിപ്പിക്കുന്ന സ്ത്രീ- പുരുഷന്മാർ ! നിരത്തുകളിൽ നിറയെ നെറ്റിയിൽ പൊട്ടുള്ള പശുക്കൾ !

നിസ്വാർത്ഥ സ്നേഹത്തിന്റേയും ഉദാത്ത പ്രേമത്തിന്റേയും നദിയായ യമുന, മഥുരയേയും അടുത്തുള്ള വൃന്ദാവനത്തെയും തഴുകിയൊഴുകുന്നു. യമുനക്ക് 'കാളിന്ദി' എന്നൊരു പേരുകൂടിയുണ്ട്. നദിയോടുചേർന്നുള്ള ഒരു കെട്ടിടത്തിലാണ് കൃഷ്ണന്റെ ജനനമെന്ന് പറയപ്പെടുന്നു ! ഇതൊരു കാരാഗൃഹമായിരുന്നുവെന്നും അവിടെ പിറന്നുവീഴുന്ന തന്റെ പൈതലിനെ അമ്മാവനായ കംസനിൽ നിന്ന് രക്ഷിക്കാൻ ഒരു കൂടയിലാക്കി അച്ഛൻ വസുദേവൻ യമുനാനദി മുറിച്ചുകടന്നെന്നും ഐതീഹ്യം !

കൃഷ്ണഭക്തിയിലധിഷ്ഠി

തമായ ഒരാദ്ധ്യാത്മിക സംഘത്തിനു കീഴിൽ, ലാളിത്യവും ഭക്തിയും നില നിർത്തിക്കൊണ്ടുതന്നെ, ഈ സ്ഥലം പരിപാവനമായി സംരക്ഷിച്ചുവരുന്നു. പഴമനസ്സുകളിൽ, പലരും മഥുരയെക്കുറിച്ച് പലതരം, വിശുദ്ധ സങ്കല്പങ്ങൾ സൂക്ഷിക്കുന്നുണ്ടാകാം !

* * * * *

ഡൽഹി ഹോട്ടലിൽ എത്തിയപ്പോൾ, മഴയുടെ രാത്രിയായിരുന്നു. അഭിപ്രായങ്ങളും വീട്ടിലേക്കുള്ള ഫോൺവിളികളും മറ്റും കഴിഞ്ഞ്, ഉഡുപ്പി ഹോട്ടലിൽ വിശപ്പകറ്റി, മുറികളിൽ തിരിച്ചെത്തി. എന്റെ ജലദോഷവും ചുമയും ഒരു പരിധിവരെ മാറിയിരുന്നു. എന്നാൽ മറ്റു പലർക്കും അതിന്റെ പ്രാരംഭലക്ഷണങ്ങൾ തോന്നി തുടങ്ങുകയും ചെയ്യുന്നുണ്ട്. പുറത്തു മഴ തകർത്തു പെയ്തുകൊണ്ടിരുന്നു. തുറന്നിട്ട ജനലിലൂടെ, മഴയുടെ സീൽക്കാരവും കേട്ട് കിടക്കയിൽ നിവർന്നുകിടന്നു.

* * * * *

രാവിലെ പതിവിൽ കൂടുതൽ ആകാംക്ഷയോടെ ഉറക്കമുണർന്നു. മഹാത്ഭുതങ്ങളിലൊന്നായ താജ്മഹലിലേക്കിന്നു പോകുന്നു - നീലനിലാവിൽ കുളിച്ചുനിൽക്കുന്ന, ആ സങ്കൽപസൗധത്തെ ഒരു ഭാവഗീതം പോലെ, ഞാൻ ഉള്ളിൽ സൂക്ഷിച്ചുവെച്ചിരുന്നു ! പാഠപുസ്തകത്തിൽ നിന്ന് ആ ചിത്രം വെട്ടിയെടുത്ത് സൂക്ഷിച്ചതിന് അടികിട്ടിയത് ഇന്നും ഓർമ്മയിലുണ്ട്.

മുഗൾ സാമ്രാജ്യത്തിൽ ഷാജഹാൻ എന്നും ഒരു ദുരന്ത കഥാനായകനായിരുന്നു. പ്രിയ പത്നി മുംതാസിന്റെ ഓർമ്മക്കായി, മാർബിളിൽ തീർത്ത ഈ ശില്പകാവ്യം, എ.ഡി. 1631ൽ പണിതുടങ്ങി, പതിനേഴു കൊല്ലം കൊണ്ടാണ് പൂർത്തിയാക്കിയത്! ഉസ്താദ് അഹമ്മദ് ലഹോറി എന്ന ശില്പിയുടെ നേതൃത്വത്തിൽ, രാജ്യത്തെ വിവിധഭാഗങ്ങളിലെ വിദഗ്ദ്ധ തൊഴിലാളികൾക്കുപുറമെ, മധ്യേഷ്യയിൽ നിന്നും ഇറാനിൽ നിന്നുള്ളവരും പങ്കാളികളായി ഷാജഹാന്റെ സൗന്ദര്യബോധത്തിന്റെ അദമ്യമായ തെളിവുകൂടിയാണിത്.

മകനായ ഔറംഗസീബിനാൽ ബന്ധനസ്ഥനാക്കപ്പെട്ട് മരണം വരെ തടവറയിൽ കഴിഞ്ഞിരുന്ന ഷാജഹാന്, മകൻ കൊടുത്ത ഏക ഔദാര്യം, മുംതാസിന്റെ ഓർമ്മക്കായി, യമുനാതീരത്ത് താൻ പണിതീർത്ത ഈ വെണ്ണക്കൽശില്പം, മറുകരയിലെ തടവറയിലിരുന്ന്, കാണാനുള്ള അനുമതി മാത്രമായിരുന്നു.

തെളിഞ്ഞനിലാവിൽ, എത്രയെത്രരാവുകളിൽ, ഈ ചക്രവർത്തി, തടവറയിൽ കിടന്നുകൊണ്ട് പ്രിയതമയുടെ സ്മരണകൾ അയവിറക്കിയശേഷം - വെണ്ണക്കല്ലിലെ ഈ ശില്പസൗധം, ജീവിതകാലത്തും മരണശേഷവും ഒരു വെൺതൂവൽസ്പർശം പോലെ അദ്ദേഹത്തെ, അഭിരമിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തിരിക്കാം.

പഴയ 'ദില്ലി' നഗരവും ഷാജഹാന്റെ സംഭാവന തന്നെയാണ്. കിഴക്ക് യമുനയും പടിഞ്ഞാറ് മലനിരകളും അതിരിട്ട, ആകർഷകമായ സ്ഥലത്ത്, 1639 ൽ ഷാജഹാൻ അതിന്റെ നിർമ്മാണമാരംഭിച്ചു. ഷാജഹാനാബാദ് എന്നായിരുന്നു പഴയ പേര്. ലോകത്തെ തന്നെ അക്കാലത്തെ ഏറ്റവും സമ്പന്നനായ ചക്രവർത്തിയായിരുന്നു അദ്ദേഹം !

സാമ്രാജ്യങ്ങൾ അതിന്റെ അത്യുന്നതികളിലെത്തുമ്പോഴാണ് പതനത്തിലേയ്ക്ക് കൂപ്പുകുത്തുന്നത്, എന്നത് ചരിത്രം - എല്ലാ അധിനിവേശങ്ങളുടേയും പോരാട്ടങ്ങളുടേയും അടിസ്ഥാനകാരണം, മതമോ ജാതീയതയോ മാത്രമല്ലെന്നും, മറിച്ച് ധനത്തിനോടും അധികാരത്തോടുമുള്ള അതിരുകടന്ന അഭിനിവേശമാണെന്നുമാണ് എന്റെ വിശ്വാസം!

കാലത്തിന്റെ കുത്തൊഴുക്കിൽ, എത്രയെത്ര കിരീടങ്ങളും ചെങ്കോലുകളും, സിംഹാസനങ്ങളും, സാമ്രാജ്യങ്ങളും ഇവിടെ തകർന്നടിഞ്ഞു പോയിരിക്കുന്നു ?

ഇന്ത്യയിലെ ഏറ്റവും വലിയ മുസ്ലീം ദേവാലയമായ ജുമാമസ്ജിദും ഷാജഹാന്റെ ഈടുറ്റ സംഭാവനകളിൽ ഉൾപ്പെടുന്നു!

* * * * *

സൂര്യൻ അസ്തമിക്കാൻ തുടങ്ങിയിരുന്നു. ഫരീദാബാദ് - നോയ്ഡ വഴിയുള്ള തെക്കു-വടക്കൻ ഇടനാഴി (South-North Corridor Express Highway) യിലൂടെയാണ് മടക്കം. പ്രതലത്തിലെ മിനുമിനുപ്പും, തെരുവുവിളക്കിന്റെ ദീപപ്രഭയും, യഥാർത്ഥ സഞ്ചാരസുഖമെന്തെന്നു വിളിച്ചുപറയുന്നുണ്ടായിരുന്നു. വാഹനങ്ങൾ മറികടക്കുന്നതും പിന്തള്ളപ്പെടുന്നതും ഈ ആറുവരിപ്പാതയിൽ, അറിയുന്നതേയില്ല!

അടിസ്ഥാനപരമായ ഈ വിഷയത്തിൽ കേരളം എത്ര പിന്നിലാണെന്ന്, അറിയാതെ ഓർത്തുപോയി. 'ബൃഹത് ഡൽഹി നിർമ്മാൺ പദ്ധതി'യുടെ വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ നോയ്ഡ, ഡൽഹിയുടെ അതിവേഗം വളരുന്ന വ്യാവസായിക ഭൂമിയാണിന്ന് ! പുരോഗതിയുടെ അനിവാര്യതകൾക്കൊപ്പം തന്നെ കച്ചവടതാത്പ്പര്യങ്ങളുടെ അധിനിവേശത്തില കപ്പെട്ട്, അനുദിനം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിത്തകർച്ച, മാലിന്യനിർമ്മാർജ്ജനം, അന്തരീക്ഷമലിനീകരണം എന്നിവയെല്ലാം, ഇതുവഴി കടന്നുപോകുമ്പോൾ നമ്മെ ഗ്രസിക്കുന്നു.

വഴിയിലൊരിടത്ത് വാഹനം നിർത്തി ചപ്പാത്തിയും ദാലും കഴിച്ചു. വിശപ്പിന്റെ മേധാവിത്തം സ്വാദിനെ കീഴ്പ്പെടുത്തി. ഹോട്ടലിലെത്തിയപ്പോൾ പത്തരമണി കഴിഞ്ഞിരുന്നു. പതിനൊന്നേമുക്കാലിന്റെ നന്ദാദേവി എക്സ്പ്രസ്സിനാണ് ഹരിദ്വാറിന് റിസർവ്വ് ചെയ്തിരിക്കുന്നത്. സമയം കളയാതെ ബാഗുകളെടുത്ത്, അനിൽ ഞങ്ങളെ റെയിൽവേ സ്റ്റേഷനിലെത്തിച്ചു. ന്യൂഡൽഹി പ്രധാന ടെർമിനലിൽ നിന്നുതന്നെയാണ് വണ്ടി.

തലസ്ഥാന നഗരിയിലെ, വൃത്തികേടുകളുടെ കൂമ്പാരമായ ഈ റെയിൽവേ സ്റ്റേഷനോട് ഏവർക്കും അവജ്ഞ തോന്നും. കേരളത്തിലെ സ്റ്റേഷനുകളോട് ഈ കാര്യത്തിൽ നമുക്ക് നന്ദി പറയേണ്ടിവരും.

ക്ഷീണം മൂലം, വണ്ടിയിലെ ചുരുങ്ങിയ മണിക്കൂറുകൾ ഉറക്കത്തിനുമാത്രമായി ഉപയോഗിച്ചു.

(തുടരും)

# നോവൽ വായനയിലെ ആസുരകാലം (അവസാനിക്കുന്നില്ല)

മാമ്പള്ളം വിജയൻ
9448312631, 9444540631

**നോ**വൽ വായനായജ്ഞ സമാപ്തിക്ക് നോട്ടീസടിച്ചിറക്കാൻ ഒരുമ്പെട്ടിരിക്കുമ്പോൾ രവി ഡി സി ഒരു പണിയൊപ്പിച്ചു. അഞ്ഞൂററുറുപ്യക്ക് പൊത്തകം മേടിച്ചാൽ മൂന്നൂററുറുപ്യക്കുള്ള കൂപ്പൺ തരാമെന്നൊരു ചൂണ്ടയിട്ടു. മത്സ്യശാസ്ത്രജ്ഞനായിട്ടും ഈയുള്ളവൻ ചൂണ്ടയിൽ കൊത്തി. കൂപ്പൺ വന്നു. അതുപയോഗിച്ച് അഞ്ചാറു പൊത്തകങ്ങൾ മേടിച്ചു. ഉടനെ വീണ്ടുമൊരു കൂപ്പൺ വന്നു. അതുകൊണ്ട് പിന്നേയും നാലഞ്ചുപൊത്തകങ്ങൾ മേടിച്ചു. വൈകാതെ പിന്നേയും ഒരു കൂപ്പൺ വന്നു. അതുപയോഗിച്ച് വീണ്ടും അഞ്ചാറ് പൊത്തകങ്ങൾ മേടിച്ചു. അപ്പോൾ പിന്നെയും ഒരു കൂപ്പൺ വന്നു. അതുമുതലാക്കി പിന്നെയും അഞ്ചാറ് പൊത്തകങ്ങൾ മേടിച്ചു. കളി ഞാൻ കുത്തുപാളയെടുക്കും വരെ തുടരുമായിരുന്നു. ഭാഗ്യമെന്നു പറയട്ടെ കൂപ്പൺ വരവ് നിലച്ചു. (മാർച്ച് മുപ്പത്തൊന്നുവരെയായിരുന്നു രവിയുടെ മീൻപിടിത്തം.)

വീണ്ടുമൊരു മുവ്വായിരവും കോപ്പും നഷ്ടപ്പെട്ട്, പത്തിരുപത്തഞ്ച് പുതു പൊത്തകങ്ങളും ചുമന്ന്, തിരിച്ച് രവിക്കിട്ട് പണിയാനൊരു മാർഗ്ഗവും കാണാത്ത നിലയിൽ ഞാനെന്തുചെയ്യും ? നാട്ടാചാരം പോലെ അങ്ങാടിയിൽ തോറ്റാൽ അമ്മയോടെന്ന പ്രമാണം പ്രിയ വായനക്കാരെ നിങ്ങളോടല്ലാതെ ആരോട് നിവർത്തിക്കും ? വായിച്ച്ട്ടവടെ മുണ്ടാണ്ടിരുന്നൂടേന്ന് ഇങ്ങള് ചോയ്ക്കീന്ന്. (വേണ്ടാട്ടോ!) ഇതാ മറ്റൊരു പത്ത് പുത്തൻ പൊത്തകച്ചിന്തകൾ.

***കോരപുരാണം – ഘോരപുരാണം*[1]**

ചെങ്കിസ്ഖാനോളം വിപുലമായല്ലെങ്കിലും കുന്ദംകുളം മുതൽ പതിനെട്ടു നാടുകളിൽ എഴുപത്തൊൻപത് വിത്തുകൾ വിതച്ച ഒരു 'വല്ലഭനുക്കും വല്ലഭനായ്' കോരപിതാമഹനെപ്പറ്റി സമീപകാലങ്ങളിൽ ചിലർക്കുണ്ടായ അന്വേഷണ താൽപര്യങ്ങളിലൂടെ ചുരുളഴിയുന്ന ഘോരപുരാണമാണ് ടി ഡി രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'. കണക്കും, കണക്കിലധികം രതിയും, അനുബന്ധകലകളും, പീഢനങ്ങളും ഒക്കെ കണക്കായിറക്കിയൊരു കൃതി. ജപ്പാൻ മുതൽ പെറുവരെ വ്യാപിച്ചു കിടക്കുന്ന കഥയുടെ ഭൂതലവ്യാപ്തിയും അനേകവർഷങ്ങളുടെ ചരിത്രവ്യാപ്തിയും കണ്ട് അന്തംവിട്ടിരുന്നുപോയി. ആഗോളവത്കരണത്തിന്റെ കുടിലതന്ത്രങ്ങളുടെ ഉത്ഭവം കോരസന്ദേശമായി വായിക്കാം. കച്ചവടനീതി അന്യോന്യം പച്ചയ്ക്ക് കൊന്നുതിന്നുന്ന ഭീകരമായ ലെവലിലെത്തുമെന്ന ഒരു വ്യംഗ്യമായ മുന്നറിയിപ്പും നോവലിൽ വായിക്കാനായി. ഡബ്ലിയു ടി ഓയും കാനിബാൾസ് ക്ലബ്ബും തമ്മിൽ വല്ല സാമ്യവുമുണ്ടോ എന്ന് അന്വേഷിക്കുകയാണിപ്പോൾ.

വന്യമായ വായനയും അതിലും വന്യമായ ഭാവനയും ചേരുമ്പോൾ ടി ഡി രാമകൃഷ്ണൻ രൂപം കൊള്ളുന്നു. കലൈഞ്ജർ കവി വൈരമുത്തുവിനോട് പറഞ്ഞ കൂട്ട് എനിക്കൊന്നു തോന്നി (റെയിൽ യാത്രക്കാർ പൊറുക്കണം). 'ഇത്തരം കൃതികൾ ഉരുവാകുമെങ്കിൽ തീവണ്ടികളൊക്കെ വൈകിയോടിയാലും കുഴപ്പമില്ല' ! ഈ വൃക്ഷത്തിൽ നിന്നും വല്ലപ്പോഴും കിട്ടുന്ന കനികളെ പന്ത്രണ്ടാണ്ടിൽ പൂക്കുന്ന കുറിഞ്ചിയോടുപമിക്കുന്നതിനേക്കാൾ പാലക്കാട് നാട്ടിൻപുറത്തുള്ളൊരു ചൊല്ലിനോടുപമിക്കാൻ തോന്നുന്നു. ആവുന്നതും തൂറുല, തൂറിയാൽ പത്തു പറക്കണ്ടം ! സംഗതി വിപുലമാണെന്നും, ആഘാതം ഗംഭീരമാണെന്നുമേ അർത്ഥമുള്ളൂട്ടോ!

ആഷാമേനോന്റെ അവതാരിക ഒട്ടും നിരാശാജനകമല്ല. (പേരന്വർത്ഥമാക്കുന്ന ഒരു കുലീനയായ നായർ സ്ത്രീസൗന്ദര്യത്തെ പ്രതീക്ഷിച്ചുചെന്ന ലേഖകന് ആദ്യദർശനത്തിലുണ്ടായ നിരാശ ഇപ്പോഴും ബാക്കിയുണ്ട് - ആന കൊടുത്താലും ആശ(ഷ)കൊടുക്കരുതെന്ന ചൊല്ല് ഇവിടെ ഓർമ്മിക്കണം.) ഈ അപാരവായനയൊക്കെ അങ്ങോര് എങ്ങനെ ഒപ്പിക്കുന്നു എന്നാണ് എന്റെ അത്ഭുതചിന്ത.

***ഇങ്ങനെയുമുണ്ടോ അനുഭവങ്ങൾ!*[2]**

നന്തനാരുടെ അനുഭവങ്ങൾ വായിക്കുന്നവർ സ്വന്തം ജീവിതത്തിൽ അല്പമെങ്കിലും കഷ്ടപ്പാടും പട്ടിണിയും രുചിച്ചിട്ടുണ്ടെങ്കിൽ വായന വല്ലാത്ത ഒരനുഭൂതിയായിത്തീരും. ഇത്രയും ലളിതസുന്ദരമായി ഇല്ലായ്മയുടെ കഥ പറയാൻ ആർക്ക് കഴിയും ? വല്ലപ്പോഴും അയൽവീട്ടിൽ നിന്നുകിട്ടുന്ന ചായച്ചണ്ടി തിളപ്പിച്ച് ചുട്ട പപ്പടത്തോടൊപ്പം കഴിക്കുന്ന പ്രാതലും, അതിലും വിരളമായ പടച്ചോറിൽ ചേമ്പിൻതണ്ടിന്റെ പുളിങ്കറിയൊഴിച്ചുള്ള ഊണും, ഓർക്കാപ്പുറത്ത്, ആരുമറിയാത്തിടത്ത് തേക്കിലയിൽ വിളമ്പിയ സർവാണിസദ്യയുടെ ചോറും കറികളും ഒക്കെ

സുഭിക്ഷതയുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് രുചികരമാകുമോ?

പി സി ഗോപാലൻ എന്ന നന്തനാർ ഗോപിനാഥനെന്ന ഗോപിയിലൂടെ സമ്പത്തൊക്കെയും നഷ്ടമായ 'മഹത്തായ' തറവാട്ടിൽ പിറന്നതിനാൽ മാത്രം ദാരിദ്ര്യത്തിന്റെ ബഹുമുഖങ്ങൾ അമ്മയോടൊപ്പം സഹിക്കാൻ വിധിക്കപ്പെട്ട 'അനേകം വേദനകളുടെ ബിന്ദുവായ' ഒരു ബാല്യക്കാരന്റെ കഥ പറയുന്നു. ബന്ധങ്ങളും, ബന്ധനങ്ങളും, സംബന്ധങ്ങളും, അവയിലെ അസംബന്ധങ്ങളും ഒക്കെയായി കുറെ മനുഷ്യർ. ഇടയ്ക്കിടെ മരണത്തെ സങ്കൽപ്പിക്കുന്ന ഗോപിക്ക് അല്പമെങ്കിലും (നിരുപാധികം) ആശ്വാസം നൽകുന്ന മീനാക്ഷിക്കുട്ടിയെന്ന കഥാപാത്രം അവാച്യമായ ചില പ്രത്യേകതകളാൽ മനസ്സു നിറഞ്ഞുനിൽക്കുന്നു.

അമ്മുച്ചെറിയമ്മ തന്റെ നമ്പൂതിരിയെ ഇല്ലത്തുചെന്നു കണ്ടു മടങ്ങുമ്പോൾ അദ്ദേഹം നൽകുന്ന നാലണയുടെ പിച്ചക്കാശും, രണ്ടു കൊല്ലത്തിലൊരിക്കലെത്തുന്ന കേശവമ്മാൻ ജീവിച്ചിരുന്നപ്പോൾ തന്നെ ഒട്ടും സ്നേഹിക്കാത്ത ചേട്ടന്റെ നിരാലംബരായ കുട്ടികൾക്ക് കൊടുക്കുന്ന മുപ്പതു രൂപയും, ഒരുൾപ്രേരണയാൽ മീനാക്ഷിക്കുട്ടിക്ക് ഗോപി വെച്ചുനീട്ടിയ, അവൾ സ്നേഹപൂർവ്വം നിരസിക്കുന്ന, എട്ടണയും ബന്ധങ്ങളുടെ വില അറിയാൻ സഹായിക്കുന്ന ചില പണമിടപാടുകളാണ്.

ഒടുവിൽ ഗോപി തന്റെ ദുഃഖസാഗരയാത്ര പട്ടാളമെന്ന തുരുത്തിൽ അവസാനിപ്പിക്കുമ്പോൾ കഥയവസാനിക്കുന്നു. മറ്റൊരു തുടക്കത്തിന്റെ സൂചനയില്ലേ അവിടെ? നന്തനാരെ വായിക്കുന്നവർ അദ്ദേഹം അവസാനം എഴുതിയ അനുഭവങ്ങളിൽനിന്നും തുടങ്ങണം എന്ന് അവതാരികയിൽ എൻ. പി. വിജയകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. ഉണ്ണിക്കുട്ടന്റെ ലോകവും, ആത്മാവിന്റെ നോവുകളും കയ്യിലിരിക്കെ അനുഭവങ്ങൾ തന്നെ ആദ്യം വായിക്കാനിടയായത് തികച്ചും യാദൃശ്ചികം മാത്രം.

***ബുദ്ധനുണ്ടാക്കിയ ബുദ്ധിമുട്ടുകൾ[3]***

പുരാണ-ചരിത്രകഥാപാത്രങ്ങളെ അവലംബിച്ച് എഴുതിയ അസംഖ്യം നോവലുകൾ നമുക്കുണ്ട്. അവയിൽനിന്നും വ്യത്യസ്തമായി സിദ്ധാർത്ഥ ഗൗതമനുപേക്ഷിച്ച കപിലവസ്തു എന്ന ഇട്ടാവട്ടത്തിലെ കുറെ മനുഷ്യരുടെ നോവുകളുടെ കഥ പറയുകയാണ് 'ഞാനും ബുദ്ധനും' എന്ന കൃതിയിലൂടെ രാജേന്ദ്രൻ എടത്തുംകര. ചരിത്രത്തിൽ കാണുന്ന കഥാപാത്രങ്ങളുടെ ചരിത്രം സ്പർശിക്കാതെ പോയ ബുദ്ധിമുട്ടുകൾ വിഭാവനം ചെയ്തെഴുതിയ ഒരസുലഭ നോവൽ. ബുദ്ധൻ എന്ന സുനാമിയുടെ പ്രഭാവം, കപിലവസ്തുവും, മഗതവും, വൈശാലിയും, ശ്രാവസ്തിയും, ബനാറസ്സും (ഇതെന്തുകൊണ്ട് കാശിയെന്നോ വാരണാസിയെന്നോ എഴുതപ്പെട്ടില്ല എന്ന ചോദ്യം മനസ്സിലുദിച്ചു) ഗയയും വരെ വ്യാപിക്കുന്ന സൂചനയുണ്ട്.

അമ്മ ഗോപയുടെ പ്രേരണയാൽ തന്റെ പിതാവിലുള്ള അവകാശം ഏഴുവയസ്സുകാരൻ രാഹുലൻ ഉന്നയിക്കുന്ന ഒരു രംഗമുണ്ട് (സേതു അടയാളങ്ങളിൽ പ്രതിപാദിച്ച, നൂറമ്മയ്ക്ക് പകരം നൽകാനാവാത്ത 'ഇത്തിരിയച്ഛനെ' ഓർത്തുപോയി)[4]. ഒരു ചെമ്പിലെ വെള്ളം കമഴ്ത്തിക്കളഞ്ഞ് ഇതാ നിന്റെ അവകാശം എന്നു വ്യംഗ്യമായി ദ്യോതിപ്പിക്കുന്ന ബുദ്ധന് രാഹുലന്റെ പ്രായത്തെപ്പറ്റി ബോധമില്ലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സന്നിവേശം ചരിത്രപരമായ പിശകോ അതോ നോവലിസ്റ്റിന്റെ ബുദ്ധസങ്കൽപ്പത്തിലെ പിഴയോ എന്നാണ് എന്റെ വികല്പം.

പുത്രപ്രാപ്തിയിൽ ആമോദിക്കുന്ന അജാതശത്രുവിനോട് അമ്മ കോസലദേവി ഈ സന്തോഷത്തിൽ പങ്കുചേരാൻ തന്റെ പിതാവായ ബിംബിസാരനേയും (മകൻ പിതൃഹത്യ നടപ്പിലാക്കി അധികം വൈകിയിട്ടില്ലെന്ന കാര്യമറിയാതെ) അനുവദിക്കണമെന്ന് അപേക്ഷിക്കുന്ന രംഗം ചാരുതയോടെ ചിത്രീകരിക്കുന്നുണ്ട്. ദേവദത്തൻ, ഗോപ എന്നീ കഥാപാത്രങ്ങൾ അനുകമ്പ അർഹിക്കുന്നു. ഈ നോവലിലെ ശക്തമായ ഒരു സ്ത്രീകഥാപാത്രത്തെ ചൂണ്ടിക്കാണിക്കാൻ പറഞ്ഞാൽ അത് കമലയല്ലാതെ മറ്റാരുമാകാൻ നിവൃത്തിയില്ല, കപിലവസ്തുവിന്റെ അഗാധങ്ങളിൽ വേരാഴ്ന്നുപോയ ആ ഒറ്റത്തടിമരത്തെ ഒരു സുനാമിക്കും പിഴുതെടുക്കാനാവുന്നില്ല.

***പ്രണയമെന്ന മായാമൃഗം[5]***

വി ആർ സുധീഷിന്റെ 'മായ' ഒരു ചെറിയ വലിയ പ്രണയകഥയാണ് - അർബ്ബുദവായനയിലെ മറ്റൊരു യഥാർത്ഥ അർബ്ബുദം മായയിൽ പ്രത്യക്ഷപ്പെടുന്നു. വിഭാര്യനും ഒരു പതിനേഴു വയസ്സുകാരിയുടെ തന്തയും ആയ നായകൻ ഇരുപത്തിമൂന്നുകാരിയായ മായാചന്ദനയെ ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട് പ്രേമിക്കാൻ തുടങ്ങുമ്പോൾ ഇതൊരു അരക്കിഴവന്റെ മുഴുക്കിറുക്കാണെന്ന് ആദ്യം തോന്നി. വായന പുരോഗമിക്കുമ്പോൾ എന്റെ വിറകുപോലെ ഉണങ്ങിയ ഹൃദയത്തിൽ പോലും നനവുണ്ടാക്കിയെന്നു പറഞ്ഞാൽ മതിയല്ലോ! ഒരു രസകരമായ വായനാനുഭവം. അറുപത്താറു പേജിൽ ഒരു മനോഹര പ്രണയകാവ്യം.

***മുഖമൂടി അണിയാത്തവൾ[6]***

ബർസ എന്നാൽ മുഖം മറയ്ക്കാത്തവൾ എന്നത്രേ അർത്ഥം. മുഖം മനസ്സിന്റെ കണ്ണാടിയാണെന്ന അറിവായിരിക്കുമോ ഖദീജാ മുംതാസ് സബിത എന്ന കഥാപാത്രത്തെ അത്തരത്തിൽ പടച്ചതിന് കാരണം? ഇസ്ലാമിന്റെ പുണ്യകേന്ദ്രമായ മക്കയിൽ വസിച്ച് വായനയിലൂടേയും, തുറന്ന ചിന്തയിലൂടേയും, സ്വയാർജ്ജിത അനുഭവങ്ങളിലൂടേയും മുസ്ലീം സ്ത്രീയനുഭവിക്കുന്ന വിവേചനങ്ങളുടെ ഭാണ്ഡമഴിക്കുകയാണ് സബിത. പ്രവാചകനിൽ നിന്നും ഉത്ഭവിച്ചതാണെന്നവകാശപ്പെടുന്ന ഒരു ലക്ഷത്തോളം വരുന്ന ഹദീസുകളുടെ കഥ വായിച്ചപ്പോൾ ഭജഗോവിന്ദം ആദിശങ്കരനാൽ എഴുതിയതാവാൻ വഴിയില്ലെന്ന് (നാരീ സ്തനഭര നാഭീദേശം എന്നൊക്കെ 'വിഷയത്തിൽ' അസാരം കമ്പമുള്ള ഒരു വികടകവിക്കേ എഴുതാനാവൂന്ന് നി

ശ്ലം!) വാദിച്ച പനോളിയെ ഓർത്തുപോയി[7].

അസംഖ്യം അറബി പദങ്ങളും പ്രയോഗങ്ങളും ഉൾപ്പെടുത്തിയ നോവലിലെ ഭാഷ രസകരമാണ്. പ്രണയത്തിന്റെ കെമിസ്റ്റ്രിക്കുമുമ്പുള്ള ഫിസിക്സ് ചിത്രീകരിച്ചിരിക്കുന്നത് നോക്കൂ: കക്കട്ടു സ്റ്റോപ്പിൽ ബസ്സിറങ്ങി, തിരിഞ്ഞു നടക്കുന്നതിനുമുമ്പ് സൂത്രത്തിലൊരു നോട്ടത്തിലെ ട്രൈആംഗിളിൽ പിരിഞ്ഞുപോകലിന്റെ വ്യഥയുമായി കുനിഞ്ഞുനോക്കുന്ന ആ മുഖം കൃത്യമായി ഫ്രെയിമിലെത്തിയതിന്റെ സന്തോഷമായി പിന്നെ കൂട്ട്. 'ക്ലിനിക്കലി പ്രിസൈസ്' ആയ എഴുത്തിനും ഇത്ര സൗന്ദര്യമോ എന്ന് അത്ഭുതം തോന്നി.

***ബുദ്ധിജീവികളുടെ ഉറക്കം[8]***

നോവലുകൾ പൊതുവെ കാല്പനികമാണ്. സാബു ശങ്കർ എഴുതിയ ശിശിരനിദ്ര ഹിന്ദി സിനിമകളിൽ പറയുന്നതുപോലെ കാല്പനികതയുടെ 'ബാപ് നിക്‌ലാ'. നഗരത്തിലെ ബുദ്ധിജീവികളെ ഒരു പ്രത്യേക രോഗം ബാധിക്കുന്നു. അവരൊക്കെ പ്രതികരണശേഷി നഷ്ടപ്പെട്ട് ആശുപത്രിയിൽ പ്രത്യേകം സജ്ജമാക്കപ്പെട്ട സെല്ലുകളിൽ അടിഞ്ഞുകൂടുന്നു. അസാമാന്യ തണുപ്പനുഭവിക്കുന്ന അവരിൽ ചിലർക്ക് തീ കായാനുള്ള സംവിധാനം നഗരസഭയൊരുക്കുന്നു. ആറുമുഖൻ അയ്യപ്പൻ എന്ന പത്രാധിപർ മാത്രം ശിശിരനിദ്രയുടെ പിടിയിലകപ്പെടാതെ തന്റെ സായാഹ്നപത്രമായ 'പ്രതികരണത്തിൽ' അനീതിക്കെതിരെ പ്രതികരിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ അയാളും രോഗത്തിന്നിരയാകുന്നു. ഇലക്ഷൻ എന്ന വസന്തം വന്നണയുമ്പോൾ ശിശിരനിദ്രയിലുള്ള ബുദ്ധിജീവികളെ ദിവസവാടകയ്ക്കെടുത്ത് പ്രതിപക്ഷവും ഭരണപക്ഷവും പ്രചരണവാഹനം അലങ്കരിക്കുന്ന മഹത്തായ ദൃശ്യവും നോവലിൽ വായിക്കാം.

ഇടയ്ക്ക് പട്ടികളുടെ ഒരു രസകരമായ സംഭാഷണം വായിച്ചപ്പോൾ പണ്ടെങ്ങോ വായിച്ചുമറന്ന പമ്മന്റെ ഒരു നോവൽ ഓർമ്മവന്നു. ശിശിരനിദ്രയുടെ പ്രസാരകരായ ആറു മിനിമാർ ഒരു അപൂർവ്വ ഭാവനയാണ്, ക്യാപ്റ്റൻ മിനിക്ക് അറുപത്തൊമ്പതെന്ന ക്രമ നമ്പർ നൽകിയ സാബു രസികനല്ലെന്ന് ആരെങ്കിലും പറയുമോ? മിനിമാരുടെ കിസ്സിയോളജി എന്നൊരു ശാസ്ത്രശാഖയുടെ അന്വേഷണകൗതുകത്തെപ്പറ്റി പരാമർശം ഇങ്ങനെ പോകുന്നു: 'അകലങ്ങളിൽ നിൽക്കുന്ന ഒരു പുരുഷന്റേയും സ്ത്രീയുടേയും അധരങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞ് കുറഞ്ഞ് ഒരു മില്ലിമീറ്ററിൽ നിന്ന് പൂജ്യത്തിലെത്തി, അവിടെനിന്ന് മൈനസ് വണ്ണിലേക്ക് പ്രവേശിക്കുന്ന പ്രകമ്പന നിമിഷങ്ങളിൽ അന്തരീക്ഷത്തിലുണ്ടാകുന്ന വ്യതിയാനങ്ങളാണ് കണ്ടുപിടിക്കാൻ യത്നിക്കുന്നത്'. ഒരിടത്തൊരു ഇടതുപക്ഷ മാർക്സിസ്റ്റ് മന്ത്രവാദിയെ വിവരിക്കുന്നത് അത്യന്തം രസകരമാണ്. സാബു വന്യഭാവനയുടെ സകല അതിരുകളും ലംഘിച്ചിരിക്കുന്നു.

നോവൽ വായന കഴിഞ്ഞ് ഉറങ്ങിയെണീറ്റപ്പോൾ തലക്കൊരു പെരുപ്പ്, അസാധാരണമായ ഒരാലസ്യം, വല്ലാത്ത കുളിര്. വീണ്ടുമൊന്നു കിടന്നാൽ തരക്കേടില്ലെന്നു തോന്നി. പെട്ടെന്നാണ് ബോധമുണ്ടായത്. ശിശിരനിദ്ര തന്നെയും ബാധിച്ചുവോ? ഉടനെ സർവ്വശക്തിയും സംഭരിച്ച് ഉച്ചത്തിൽ വിളിച്ചുചോദിച്ചു: "ആരെന്നെ ബുദ്ധിജീവിയെന്നു വിളിച്ചു?" അപ്പുറത്ത് ഭാര്യയുടെ ഉറക്കെയുള്ള ആത്മഗതം: "കൊച്ചുവെളുപ്പാങ്കാലം വരെ പൊത്തകം വായിച്ചിട്ട് നേരാംവണ്ണം ഒറങ്ങാണ്ട് എണീറ്റ ഒടനെ പിച്ചും പേയും തൊടങ്ങിയോന്റെ ഈശ്വരാ..."

***നവ വരാഹപുരാണം[9]***

ഒർവെലിന്റെ 'അനിമൽ ഫാം'നുശേഷം ഞാൻ വായിച്ച, ഒരു പന്നി മുഖ്യപാത്രമാകുന്ന, രസകരമായൊരു (പരിസ്ഥിതി) നോവലാണ് 'കുഞ്ഞ്രാമ്പള്ളം'. മനുഷ്യൻ കാടുകൾ നശിപ്പിക്കുമ്പോൾ ഒരു മൃഗം കാടിന്റെ സംരക്ഷമേറ്റെടുക്കുന്ന ഒരു പ്രമേയം വളരെ പുതുമയുള്ളതായിത്തോന്നി. അതിലും പുതുമയുള്ളതാണല്ലോ ജീവിതസഖാക്കൾ ഒരുമിച്ചിരുന്നെഴുതുന്ന കഥ (പിള്ളേരുണ്ടാകുന്നപോലെ കഥയുണ്ടാകുമോ എന്ന ചോദ്യത്തിനുത്തരമാണ് നോവൽ).

ജീവിതം ദുസ്സഹമാകുമ്പോൾ മനുഷ്യസമൂഹം മിത്തുകളെ സൃഷ്ടിക്കുകയും അവയിലൂടെ ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നത് സ്വാഭാവികം മാത്രം. കുഞ്ഞ്രാൻ എന്ന് മിത്ത് ഉരുവമെടുക്കുന്നത് വനങ്ങൾ നഷ്ടപ്പെട്ട് വരൾച്ചയുടെ കെടുതിയിൽ നട്ടംതിരിയുന്ന അട്ടപ്പാടിയിലാണ്. കുഞ്ഞ്രാൻ തന്റെ അത്ഭുതങ്ങളിലൂടെ ഒരു വനമേഖല മനുഷ്യാക്രമണമില്ലാതെ സംരക്ഷിക്കുന്നതും, അവിടെ ജലസമ്പത്തും ജൈവസമ്പത്തും പുനഃസ്ഥാപിക്കുന്നതും കാതലായ സന്ദേശമാണ്. അനവധി കഥാപാത്രങ്ങളും നാടകീയ സന്ദർഭങ്ങളും നിറഞ്ഞ കഥ ഒരു ഡിറ്റക്ടീവ് നോവലുപോലെ പരിണമിക്കുമ്പോൾ (ഒരു റാഷനലിസ്റ്റ് ആയിട്ടും) മിത്തുകളെ സ്നേഹിക്കുന്ന എന്റെ മനസ്സിൽ അല്പം നിരാശയുണ്ടായി എന്ന കാര്യം മറച്ചുവെക്കുന്നില്ല.

അട്ടപ്പാടിയിലെ ആദിവാസികളുടെ ഭാഷ അതുപോലെ ആവിഷ്ക്കരിച്ചത് വളരെ രസകരമായിത്തോന്നി. അതിലും ആകർഷകമായ എഴുത്ത് ഒന്ന് ഉദാഹരിക്കാം: കാറ്റിനെപ്പറ്റി ഇങ്ങനെ എഴുതാൻ ആർക്കെങ്കിലും ഇതിനുമുമ്പ് കഴിഞ്ഞിട്ടുണ്ടോ എന്നറിയില്ല. 'കാക്കാന്റെ കടയ്ക്ക് പിന്നിലെ കാടിറങ്ങി മലയിറങ്ങി വരുന്ന ഇളം കാറ്റാണത്. കാക്കാന്റെ ഖൽബിലെ നീറ്റലും പൊകച്ചിലും മാറ്റുന്ന തണുത്ത കാറ്റ്. കർക്കശനായ കാക്കയെ തണുപ്പിച്ച കാറ്റ്. കെട്ട്യോള്ടെ ഉടമസ്ഥനല്ല കെട്ട്യോൻ എന്ന് കാക്കയെ പഠിപ്പിച്ച ഇളംകാറ്റ്. കാക്കയെ പ്രേമം എന്താണെന്ന് പഠിപ്പിച്ച കാറ്റ്!' ഇതൊരു സാമ്പിൾ മാത്രം. ഗൗതം സാരംഗിന്റെ കവർചിത്രം മനം കവർന്നു.

***കാടിന്റെ വിളി[10]***

വി ജെ ജെയിംസിന്റെ ദത്താപഹാരം ഒട്ടുവളരെ സമ്മിശ്രവികാരങ്ങളുണർത്തിയ ഒരു നോവലാണ്. ഒപ്പം കലാലയജീവിതത്തിന്റെ നൊസ്റ്റാൾജിയയും. ചെറുപ്പത്തിൽ കാടിനോടുണ്ടായിരുന്ന കമ്പം വീണ്ടും ഉണർത്താൻ ഈ വായന ഒരു

പരിധിവരെ കാരണമായി.

ഫ്രെഡി എന്നൊരു താന്തോന്നി-യുധിഷ്ഠിരന്റെ വലയത്തിലകപ്പെട്ട നാലു പാണ്ഡവരും ഒരു പാഞ്ചാലിയുമടങ്ങുന്ന സംഘം ഇടയ്ക്കിടെ നടത്തുന്ന വനയാത്രയ്ക്കൊടുവിൽ ഫ്രെഡി തനിച്ചൊരു തിരിച്ചുവരാത്ത യാത്ര നടത്തുന്നു. ചില നാൾക്കൾ കഴിഞ്ഞ് ഒരു പര്യവേഷണസംഘം കാട്ടിലൊരു വനമനുഷ്യനെ കണ്ടതായി ഒരു പത്രവാർത്ത വരുന്നു. അത് ഫ്രെഡിയായിരിക്കുമെന്ന് പാണ്ഡവർ കരുതുന്നു. നാലു പാണ്ഡവരും പാഞ്ചാലിയുമടങ്ങുന്ന സംഘം ഫ്രെഡിയെത്തേടി കാട്ടിലേക്ക് പോകുന്നു. ഇതിനിടയ്ക്ക് കഥാപാത്രങ്ങൾ ഫ്രെഡിയുമായുള്ള അവരുടെ ഇടപാടുകൾ അയവിറക്കുന്നു. കൂടാതെ ഫ്രെഡിയുടെ ഡയറിയിലൂടെ അവന്റെ ചില ചിന്തകളും അനുഭവങ്ങളും വെളിവാകുന്നു. കാനനഭംഗിയും കാട്ടിലെ അത്ഭുതങ്ങൾക്കുമുപരി, കാടുകയറുന്ന, കാട്ടിനുമപ്പുറം പോകുന്ന തത്ത്വചിന്തകളും, മനോവ്യാപരങ്ങളും നോവലിൽ പൂർവ്വഭാഗത്ത് യഥേഷ്ടം കാണാം.

ഒരു വ്യത്യസ്തമായ പ്രമേയമാണീ നോവലിൽ. പ്രകൃതിയിൽ വിലയം ചെയ്യേണ്ട പുരുഷസത്തയുടെ പ്രതീകമായി കഥാപാത്രങ്ങളുടെ അസ്ഥിത്വം ഇല്ലാതാവുമ്പോൾ ഒരു ചോദ്യം പൊന്തിവരുന്നു: ഈ കാടെവിടാണ്. സുനിൽ സി ഈ എഴുതിയ പഠനം 'ഫിക്ഷന്റെ വ്യാകരണമാറ്റം' ഒരു മുന്തിയതരം സമീപനമായിത്തോന്നി. കഥാപാത്രങ്ങളെപ്പറ്റിപ്പറയുമ്പോൾ അദ്ദേഹം മഹേഷ് (അർജ്ജുനൻ), സുധാകരൻ (സഹദേവൻ) എന്നിവരെ എന്തുകൊണ്ടാണ് ഉപേക്ഷിച്ചത് എന്നു മനസ്സിലായില്ല.

### *ഒരു നല്ല പാതിയുടെ മറ്റേപ്പകുതി*[11]

ജീവിതത്തെ സ്ഥല-കാല-വ്യക്തി-വ്യവഹാരങ്ങളനുസരിച്ച് രണ്ടായും നാലായും ഒക്കെ നമുക്ക് വിഭജിക്കാനാവും. സാജൻ എൻ ആർ എഴുതിയ 'പകുതി ജീവിതങ്ങളിൽ' ശ്യാമയെന്ന ഒരു ഭാര്യയുടെ, രണ്ടു കുട്ടികളുടെ മാതാവിന്റെ, ഒരമ്മയുടെ പുത്രവധുവിന്റെ ഇന്നത്തെ പകുതിജീവിതത്തിൽ അതിനുമുമ്പത്തെ പകുതിജീവിതം നടത്തുന്ന അധിനിവേശമാണ് പ്രതിപാദ്യം. ആത്മഹത്യാപ്രവണതയുള്ള ഹരിനാരായണനെന്ന ഭയങ്കരകാമുകനെ ഭർത്താവാക്കി, ഒരു കുഞ്ഞിന്റെ അച്ഛനുമാക്കിയ ശ്യാമയുടെ മുന്നിൽ അയാൾ തന്റേതായ ഒന്നും ആരുമായും പകുക്കാനാവാത്ത ഒരു വാശിക്കാരനായ കുട്ടിയായി അവശേഷിക്കുന്ന ദുരന്തത്തിൽനിന്നും രക്ഷ നേടിയാണ് അരുണുമായുള്ള രണ്ടാമത്തെ ജീവിതം ആരംഭിക്കുന്നത്. പക്ഷേ മനസ്സിനുണ്ടോ മോചനം? എഴുതിയതിനേക്കാൾ ഇനിയും എഴുതാത്തതുണ്ടെന്ന സൂചന പോലെ പുസ്തകത്തിന്റെ അവസാനം എട്ടുപേജുകൾ (നാലു ഷീറ്റ്) ശൂന്യമായിട്ടിരിക്കുന്നു. എഴുത്ത് രസകരമാണ് - പ്രത്യേകിച്ച് പ്രണയചാപല്യങ്ങൾ.

### *കടിഞ്ഞൂൽവായനയുടെ സ്മരണ*[12]

അഞ്ചാം ക്ലാസ്സിൽ (ആദ്യത്തെ) ഉപപാഠപുസ്തകമായിരുന്നു 'ഒരു കുടയും കുഞ്ഞു പെങ്ങളും'. ഇന്നും മറക്കാത്ത ആദ്യവായനാനുഭൂതി ബാല്യത്തിൽ നൽകിയ ആ പുസ്തകം അര നൂറ്റാണ്ടിനുശേഷം വീണ്ടും മേടിച്ചുവായിക്കുവാനുള്ള ഭാഗ്യം എത്രപേർക്കുണ്ടാവും? പെങ്ങൾക്കായി നോക്കിവെച്ച കുടയുടെ പിടിയിലെ 'സ്വർണ്ണവർണ്ണമുള്ള കുരുവിയും', 'കയ്യറുത്തു കൊണ്ടുചെന്നാൽ ഉപ്പുതേയ്ക്കാത്ത പ്രകൃതക്കാരിയായ മാമിത്തള്ളയും' അവിടെത്തന്നെയുണ്ടോ എന്നറിയാനായിരുന്നു തിടുക്കം.

വിദ്യുത്ദീപ്തമായ മുറിയിൽ അസംഖ്യം പുസ്തകങ്ങളാൽ ചൂഴ്ന്നിരുന്ന രണ്ടാം വായന മേൽക്കൂര ചോർന്നിറ്റുവീഴുന്ന തുള്ളികൾ പാതിനിറഞ്ഞ അണ്ടാവിൽ താളാത്മകമായി വീഴുന്ന ശബ്ദം കേട്ട് മങ്ങിയ റാന്തലിന്റെ വെളിച്ചത്തിൽ പുല്ലുപായിൽ കമഴ്ന്നു കിടന്ന് നടത്തിയ ആദ്യവായനയുടെ സ്മരണകൾ വീണ്ടുമുണർത്തി. വായനക്കിടയിൽ പലകുറി കണ്ണുകളീറനായി, എല്ലാം പഴയപോലെത്തന്നെ. വായനയിലേക്ക് വഴിനടത്തിയ മുട്ടത്തുവർക്കിയേയും, അതൊരാസക്തിയാക്കാൻ സഹായിച്ച ഡി സി കിഴക്കേമുറിയേയും സ്മരിക്കാതിരിപ്പതെങ്ങിനെ?

### *കുറിപ്പുകൾ*

*അർബ്ബുദവായന രണ്ടിനുശേഷം, അഞ്ചും, ആറും, ഏഴുമായിട്ടും മൂന്നും, നാലും വരാത്തതെന്തേ എന്നല്ലേ നിങ്ങളുടെ ചോദ്യം? ചില അർബുദങ്ങൾ അങ്ങിനെയാണ് (റേഡിയേഷനും കീമോതെറാപ്പിയും ഒന്നും ചെയ്യുന്നില്ലാട്ടോ). അതിനുള്ള വായന പതുക്കെ പുരോഗമിക്കുന്നുണ്ട്. ക്ഷമയോടെ കാത്തിരിക്കുക.

1. ടി. ഡി. രാമകൃഷ്ണൻ, 2009, ഫ്രാൻസിസ് ഇട്ടിക്കോര, ഡി സി ബുക്സ്, കോട്ടയം.
2. നന്തനാർ 2016 (1975), അനുഭവങ്ങൾ, ഡി സി ബുക്സ്, കോട്ടയം.
3. രാജേന്ദ്രൻ എടത്തുംകര, 2017, ഞാനും ബുദ്ധനും, ഡി സി ബുക്സ്, കോട്ടയം.
4. സേതു, 2014 (2005), അടയാളങ്ങൾ, ഡി സി ബുക്സ്, കോട്ടയം.
5. വി ആർ സുധീഷ്, 2018, മായ, ഡി സി ബുക്സ്, കോട്ടയം.
6. ഖദീജാ മുംതാസ്, 2017 (2007), ബർസ, ഡി സി ബുക്സ്, കോട്ടയം.
7. വി പനോളി, 2011 (2001), അറിയപ്പെടാത്ത ആദിശങ്കരൻ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
8. സാബു ശങ്കർ, 2016, ശിശിരനിദ്ര, ഡി സി ബുക്സ്, കോട്ടയം.
9. ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി, 2016, കുഞ്ഞ്രാമ്പള്ളം, ഡി സി ബുക്സ്, കോട്ടയം.
10. വി ജെ ജെയിംസ്, 2017 (2005), ദത്താപഹാരം, ഡി സി ബുക്സ്, കോട്ടയം.
11. സാജൻ എൻ ആർ, 2016, പകുതി ജീവിതങ്ങൾ, സെൽഫ് പബ്ലിഷ്ഡ് (എക്സ്പ്രഷൻസ്) - ഡി സി ബുക്സ്, കോട്ടയം.
12. മുട്ടത്തു വർക്കി, 2017 (1961), ഒരു കുടയും കുഞ്ഞുപെങ്ങളും, മാമ്പഴം (ഡി സി ബുക്സ് മുദ്രണം), കോട്ടയം.

# മാംസ ഭോജന നിരോധം

സമ്പാദനം : തിരുക്കുറൾ (തിരുവള്ളുവർ)
ധർമ്മപദ്ധതി – 1957
വിവർത്തനം : വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.
സമ്പാദക : പി. സുശീലാ ദേവി

**അധികാരം – 26**

1. തന്റെ ശരീരത്തെ പോഷിപ്പിക്കാൻ വേണ്ടി മറ്റൊന്നിന്റെ ശരീരത്തെ (മാംസത്തെ) ഭക്ഷിക്കുന്നവൻ കരുണയെ പുലർത്തുന്നുതെങ്ങനെയാണ്? ജന്തുഹിംസയും മാംസ ഭോജനവും നിഷിദ്ധമാണെന്നു സാരം.

2. ധനത്തിന്റെ ഗുണം ധൂർത്തൻ ഗ്രഹിക്കുകയില്ല. കരുണയുടെ ഗുണം മാംസഭുക്കും. തുമ്പില്ലാതെ ചിലവാക്കുന്നവനു പണത്തിന്റെ മേന്മ അറിയാൻ കഴിയാത്തതുപോലെയാണ് മാംസം ഭുജിക്കുന്നവന് ഭൂതദയയുടെ മേന്മ ഗ്രാഹിക്കാൻ സാധിക്കാത്തതെന്നുഭാവം.

3. മറ്റൊന്നിന്റെ ശരീരത്തിലെ മാംസം രുചിയോടെ ഭക്ഷിച്ചവരുടെ മനസ്സ് പടയാളിയുടെ മനസ്സ് തന്നെയാണ്. പരഹിംസ തൊഴിലാക്കിയിട്ടുള്ള പോരാളിയുടെ ഹൃദയം പോലെ നിഷ്ക്കരുണമാണ് മാംസഭുക്കിന്റെ ഹൃദയവും.

4. അഹിംസയെന്നതാണ് കരുണ. ഹിംസയാണ് കരുണയില്ലായ്മ. അതിനാൽ കൊന്നു തിന്നുന്നത് അധർമ്മം തന്നെ. മാംസ ഭോജനം ധർമ്മ വിരുദ്ധമാണെന്നു താൽപര്യം.

5. ജീവൻ തങ്ങിനിന്ന ശരീരത്തിലെ മാംസം കഴിക്കരുത്. കഴിക്കുന്നവനെ നരകം ഉരുളയാക്കി വിഴുങ്ങും.

6. മാംസം തിന്നുന്നവരില്ലെങ്കിൽ ലോകത്തിൽ അത് വില്ക്കുന്നവരും ഉണ്ടായിരിക്കയില്ല. തിന്നുന്നവരാണ് കൊല്ലുന്നവരെ പ്രേരിപ്പിച്ചു പാപം ചെയ്യിക്കുന്നതെന്നു താൽപര്യം.

7. വേറൊരു ശരീരത്തിന്റെ പുണ്ണാണ് മാംസം. അതിനെ അറിവുള്ളവർ ആഹാരമാക്കുകയില്ല.

8. കുറ്റമില്ലാത്ത വിദ്വാന്മാർ ജീവൻ വേർപ്പെട്ട ശരീരത്തിലെ മാംസം ഭക്ഷിക്കുകയില്ല. ശവം ഭക്ഷിക്കുവാൻ പഠിപ്പുള്ളവർ ഒരുങ്ങുകയില്ലെന്നു സാരം.

9. അനവധി യാഗങ്ങൾ നടത്തി നേടുന്ന സുകൃതത്തെക്കാൾ ശ്രേഷ്ഠമാണ് ഒരു ജീവനെ നശിപ്പിക്കാതിരിക്കുന്നത്.

10. ഒന്നിനേയും ഹിംസിക്കാതെ, മാംസം കഴിക്കാതെ ജീവിക്കുന്ന മനുഷ്യനെ സകലരും വന്ദിക്കും.

**അധികാരം – 93 മദ്യവർജ്ജനം**

1. മദ്യപാനത്തിൽ ആസക്തിയുള്ള രാജാവിനെ ശത്രുക്കൾ ഭയപ്പെടുകയില്ല. അദ്ദേഹത്തിന്റെ ശക്തി നശിക്കുകയും ചെയ്യും.

2. മദ്യപാനം ഉപേക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ സജ്ജനങ്ങളുടെ ആദരം വേണമെന്നില്ലാത്തവർക്ക് മദ്യം ഉപയോഗിക്കാം. മദ്യപാനശീലന്മാരെ സജ്ജനങ്ങൾ നിന്ദിക്കുമെന്ന താൽപര്യം.

3. സ്വന്തം മാതാവിന്റെ മുമ്പിലായിരുന്നാലും മദ്യപാനശീലൻ നിന്ദ്യനായിത്തീരും. പിന്നെ മറ്റുള്ളവരുടെ മുമ്പിലായലത്തെ കഥ പറയേണ്ടതായിട്ടില്ല. കള്ളു കുടിക്കുന്ന മകന്റെ വിക്രിയ അമ്മ പോലും സഹിക്കുകയില്ലാത്ത നിലയ്ക്ക് അന്യരുടെ കാര്യം പറയണമോ എന്നു ഭാവം.

4. മദ്യപാനമെന്ന നിന്ദ്യമായ കുറ്റം ചെയ്തവരെ കണ്ടാൽ ലജ്ജിച്ചു ലജ്ജാദേവി പിന്തിരിയും. മദ്യപാനി നിർലജ്ജനാണെന്നു സാരം.

5. കൈയിലുള്ള പണം കൊടുത്തു പകരം ലഹരി (ബുദ്ധിമയക്കം) വാങ്ങുന്നത് കഴിഞ്ഞ ജന്മത്തിലെ മൂഢതയുടെ ഫലമാകുന്നു. പൂർവ്വ ജന്മത്തിലുണ്ടായിരുന്ന മൗഢ്യം മദ്യപാനരൂപത്തിൽ പിന്തുടരുകയാണെന്നു സാരം.

6. ഉറങ്ങിയവരും മരിച്ചവരും തമ്മിൽ വലിയ വ്യത്യാസമില്ല. തുല്യരാണെന്നു പറയാം. അതുപോലെ മദ്യം സേവിച്ചവരും വിഷം കുടിച്ചവരും ഒപ്പമാണ്. മദ്യം വിഷം പോലെ മാരകമാണെന്നു ഭാവം.

7. രഹസ്യമായി കള്ളുകുടിച്ചു മയങ്ങുന്ന മൂഢബുദ്ധികളെ നാട്ടുകാർ പരിഹസിക്കും.

8. ഞാൻ മദ്യപാനം തീരെ പരിചയിച്ചിട്ടില്ല എന്ന പറച്ചിൽ നിർത്തുക. അസത്യം കാലക്രമത്തിൽ വെളിപ്പെട്ടു പോകും. കള്ളുകുടിക്കയില്ലെന്നു കള്ളം പറഞ്ഞാൽ ആ കുറ്റം കള്ളു തന്നെ വെളിപ്പെടുത്തുമെന്നു താൽ പര്യം.

9. മദ്യലഹരി പിടിച്ചവനെ ഗുണദോഷിക്കുന്നത്, വെള്ളത്തിൽ മുങ്ങിപ്പോയവനെ വിളക്കു കൊളുത്തിക്കൊണ്ടു തിരയുന്നതുപോലെ നിഷ്പ്രയോജനമാണ്. രണ്ടും പരിഹാസ്യമാണെന്നു സാരം.

10. ഒരു മദ്യപാനി മദ്യപാനം ചെയ്യാത്ത സമയത്ത് മദ്യം കുടിച്ചു മത്തനായ ഒരുവന്റെ കൂത്താട്ടങ്ങൾ കാണുമ്പോൾ താൻ കുടിക്കുമ്പോഴത്തെ സ്ഥിതിയെന്താണെന്നു മനസ്സിലാക്കും.

ഏക തത്ത്വയിലേയ്ക്ക്
മികവുറ്റ സൃഷ്ടികൾ
അയച്ചുതരിക.

വരിസംഖ്യ എടുത്തും
വരിസംഖ്യ യഥാസമയം
പുതുക്കിയും
സഹകരിക്കുക

പരസ്യങ്ങളും നല്കാം!

ഡോ. എസ്. എസ്. കൈമൾ
9446294817

# ഒളിമ്പിക്സ് നേട്ടങ്ങൾ കൊയ്യാൻ...

**2018** ജൂൺ അവസാനം ഗോഹട്ടിയിൽ നടന്ന സീനിയർ അത്ലറ്റിക് ചാമ്പ്യൻഷിപ്പിലെ പുരുഷ വിഭാഗം 800 മീറ്റർ കലാശമത്സരം ഏറ്റവും ശ്രദ്ധേയമായി. ഭാരതീയ കരസേനാംഗം ജിൻസൺ ജോൺസൺ എന്ന കോഴിക്കോട്ട് ചക്കിട്ടപ്പാറ സ്വദേശി 1:45.65 സെക്കന്റിൽ ഒളിമ്പ്യൻ ശ്രീറാം സിംഗിന്റെ 42 കൊല്ലം പഴക്കമുള്ള റിക്കാർഡ് തിരുത്തി. 1976 ലെ മോൺട്രിയൽ ഒളിമ്പിക്സിൽ സ്വർണ്ണവും റിക്കാർഡും സ്വന്തമാക്കിയ ക്യൂബയുടെ ആൽബ്രട്ടോ ജ്യൂവാന്ത്രാനോ മത്സരശേഷം ശ്രീറാമിനെ നന്ദി അറിയിച്ചത് വെറുതെയല്ല; രാജസ്ഥാൻ റൈഫിളിലെ രജപുത്ര വംശജനായ ശ്രീറാം നൽകിയ 'ഹോട്ട് പെയ്സാ'ണത്രെ തന്റെ മികച്ച നേട്ടത്തിനിടയാക്കിയതെന്നാണ് ആ മഹാകായികതാരം പ്രതികരിച്ചത്. ഈ ശ്രീറാമിന്റെ റിക്കാർഡാണ് നമ്മുടെ ചക്കിട്ടപ്പാറക്കാരൻ തിരുത്തിക്കുറിച്ചത് ! മോൺട്രിയലിലെ ഓട്ടത്തിന്റെ അവസാനത്തെ നൂറ്റിയിരുപത് മീറ്റർ വരെ ഒരു മെഡൽ പ്രതീക്ഷയായിരുന്ന ശ്രീറാമിനെ ഓരോരുത്തരായി മറി കടന്നുപോയതിന്റെ കാരണം അദ്ദേഹം തെറ്റായ മത്സരതന്ത്രം ഉപയോഗിച്ചതുകൊണ്ടായിരുന്നു. ഇതേ ഒളിമ്പിക്സിൽ 400 മീറ്ററിലെ സ്വർണ്ണ ജേതാവ് കൂടിയായ ക്യൂബൻ താരത്തിന്റെ മുന്നിൽക്കയറി ഓടാൻ കൈക്കൊണ്ട ആ ധൈര്യം അഭിനന്ദനീയമാണെങ്കിലും പാളിപ്പോയ മത്സരതന്ത്രമായിരുന്നുയെന്ന് 'കുമ്പസാരിച്ചേ' മതിയാകൂ; ശ്രീരാമും അദ്ദേഹത്തെ നയിച്ചവരും. ആകെ ഓടിയ 8 മത്സരാർത്ഥികളിൽ അവസാനമായി ഓട്ടം തുടരുകയും ഫിനിഷ് ലൈനിനോടടുക്കുംതോറും കലാശക്കുതിപ്പ് വിനിയോഗിക്കുകയും ചെയ്യണമെങ്കിൽ മത്സരാരംഭത്തിൽ അതിശൂരത്വം കൈക്കൊള്ളരുതെന്ന ബാലപാഠം അനുസരിയ്ക്കാഞ്ഞതിന്റെ ശിക്ഷയായിരുന്നു ശ്രീറാമിന്റേയും പരിശീലകന്റേയും. പാളിപ്പോയ ആ മത്സരതന്ത്രം നമ്മുടെ വിദഗ്ദ്ധരുടെ വേദികളിൽ ഒരു ചർച്ചയോ പഠനമോ ആകാഞ്ഞതുകൊണ്ട് നമ്മുടെ നാട്ടിൽ ശ്രീരാമിന്റെ തെറ്റുതന്നെ ആവർത്തിയ്ക്കപ്പെടുന്നു. കണ്ടുമടുത്ത അത്തരം ദാരുണമത്സരാന്ത്യദർശനം നമുക്കൊരു വിഷയമല്ലാതായിത്തീർന്ന മട്ടാണ്. അതിനിടയ്ക്കാണ് ജിൻസൺന്റെ മാതൃകാതന്ത്രം നമ്മെ ആഹ്ലാദിപ്പിക്കുന്നതും പ്രത്യാശിപ്പിക്കുന്നതും.



### പൂർവ്വാശ്രമം

അത്ഭുതകരമായ അത്ലറ്റിക്സ് നേട്ടം കൈവരിച്ച ജിൻസൺന്റെ '<u>പൂർവ്വാശ്രമ</u>'ത്തെക്കുറിച്ചറിഞ്ഞപ്പോൾ വളരെ ആഹ്ലാദം തോന്നാൻ കാരണമുണ്ട്. പ്ലസ് വണ്ണിന് പഠിക്കുന്ന ഡിസംബറിലാണത്രെ ജിൻസൺ വ്യവസ്ഥാപിതമായ ഒരു പരിശീലന പദ്ധതിയ്ക്ക് ആദ്യമായി വിധേയനാകുന്നത്. അതുവരെ ഓരോ അദ്ധ്യയനവർഷവും നടന്നുവരുന്ന 'സാധാ' മത്സരങ്ങളിൽ ഏതെങ്കിലും ഇവന്റുകളിൽ പങ്കെടുത്തിരുന്നു എന്നുമാത്രം. ആ വർഷം 1500 മീറ്ററിൽ ജില്ലാതലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചതാണാദ്യത്തെ ശ്രദ്ധേയമായ നേട്ടം. ഓട്ടം ശ്രദ്ധിച്ച പരിചയസമ്പന്നനും, അത്ലറ്റിക്സ് രംഗം നിരീക്ഷിച്ചുപോരുന്ന വ്യക്തിയുമായ ശ്രീ. പീറ്റർക്ക് ജിൻസൺന്റെ ശരീരഭാഷയും ചലനലയവും ചുവടകലവും ഏറെ ഇഷ്ടപ്പെട്ടു. കായിക താരങ്ങൾക്ക് പൊതുവെ പ്രിയങ്കരനായ '<u>പീറ്റർ ചേട്ടൻ</u>' ജില്ലാ സഹകരണ ബാങ്ക് സെക്രട്ടറിയായി വിരമിച്ച മുൻ ദീർഘദൂര ഓട്ടക്കാരനാണ്. സാഹചര്യങ്ങൾ വിപരീതമായതുകൊണ്ടാണ് താൻ കലിക്കറ്റിന്റെ പ്രശസ്ത താരമാകാഞ്ഞതെന്ന് ശ്രീ. പീറ്റർ ഇടയ്ക്ക് പറയാറുണ്ട്. "വെറും പതിനായിരം രൂപയെങ്കിലും പ്രതിഫലമായി കിട്ടിയിരുന്നെങ്കിൽ ബാങ്കുദ്യോഗം ഉപേക്ഷിച്ച് ഞാൻ മുഴുസമയപരിശീലകനാകുമായിരുന്നു"യെന്ന ശ്രീ. പീറ്ററിന്റെ പ്രതികരണം ആദരണീയമായി ത്തോന്നി. അങ്ങനെ, ആ ഡിസംബർ മുതൽ ജിൻസൺ പീറ്ററിന്റെ വീട്ടിലെ അംഗത്തെപ്പോലെ അവിടെ താമസിച്ചുകൊണ്ട് പരിശീലനം തുടർന്നു. പ്ലസ് ടുവിന് പഠിയ്ക്കുന്ന ആ കൊല്ലം കോട്ടയത്ത് നടന്ന സംസ്ഥാന സ്കൂൾ മീറ്റിലും തുടർന്ന് കൊൽക്കട്ടയിൽ നടന്ന ദേശീയ സ്കൂൾ മീറ്റിലും 800ലും 1500ലും ദേശീയ റിക്കോർഡുകളും സ്വർണ്ണ മെഡലുകളും സ്വന്തമാക്കിയ ജിൻസൺ പ്രത്യേകം ശ്രദ്ധിയ്ക്കപ്പെട്ടു.

പ്ലസ് ടു കഴിഞ്ഞ് ബിരുദ പഠനത്തിന് കോട്ടയം ബസേലിയോസ് കോളേജിൽ ചേരാൻ കാരണം, ഡോക്ടർ ജോർജ്ജ് ഇമ്മാനുവൽ എന്ന കോച്ചിന്റെ പരിശീലനം കിട്ടാനായിരുന്നു. അതും പീറ്റർ സാറാണ് ഏർപ്പാടാക്കിയതുപോലും. ബിരുദം പൂർത്തിയാക്കുംമുമ്പ് കരസേനയിൽ ചേർന്ന ജിൻസനെ സായുധസേനാ പരിശീലകൻ മുഹമ്മദ് കുഞ്ഞി എന്ന കണ്ണൂർക്കാരനാണ് പരിശീലിപ്പിച്ചത്. തുടർന്ന് 'സായി' പരിശീലകൻ ഭാട്യയും. ഇവരെല്ലാം ജിൻസൺ എന്ന കായികതാരത്തിന്റെ 'കരിയർ' രൂപപ്പെടുത്താൻ പ്രധാന പങ്കുവഹിച്ചിട്ടുണ്ടെങ്കിലും 'പീറ്റർ' ചേട്ടനോടുള്ള വൈകാരികബന്ധം ഒരുകാലത്തും മറക്കാൻ കഴിയുന്നതല്ലെന്ന

ജിൻസൺന്റെ വാക്കുകൾ പീറ്റർ എന്ന മഹത്വ്യക്തിത്വത്തിനുള്ള അർഹമായ ഗുരുദക്ഷിണയായിരിയ്ക്കട്ടെ. ഉയരങ്ങളിലെത്തുമ്പോഴും വന്ന വഴി ഓർക്കുന്നവർ കുറവായ ഇക്കാലത്ത് ജിൻസൺ എല്ലാ തലമുറയിലേയും കുരുന്നു പ്രതിഭകൾക്കും ചാമ്പ്യൻമാർക്കും മാതൃകയാകുകയാണ്. ഇത് ഗുരുശിഷ്യ പാരസ്പര്യത്തിന്റെ കൂടി മാതൃകയല്ലേ...? മാന്യരേ, ജിൻസണെ ശ്രദ്ധിയ്ക്കൂ. 'ശ്രദ്ധാവാൻ ലഭതേ ജ്ഞാനം'

ഇനി ഒരു ഗുണദോഷ ചിന്തയിലേയ്ക്ക് കടക്കട്ടെ

800 മീറ്ററും 1500 മീറ്ററും ജിൻസണ് ഒരുപോലെ വഴങ്ങുന്ന മത്സരയിനങ്ങളാണ്. ഏതാണ് തമ്മിൽ മികച്ചതെന്നു പറയാൻ അത്ര പെട്ടെന്ന് സമർത്ഥരായ- അനുഭവ സമ്പന്നരായ പരിശീലകർക്കുപോലും എളുപ്പമല്ല. ഇതിനെക്കുറിച്ച് ലേഖകൻ ജിൻസണോടും അദ്ദേഹത്തിന്റെ ആദ്യകാല പരിശീലകരോടും പലതവണ ചർച്ച ചെയ്തിട്ടുണ്ട്.

രണ്ടിനങ്ങളിലേയും ദേശീയ ചാമ്പ്യനും റിക്കോർഡുടമയുമായ ജിൻസൺന്റെ പ്രതികരണം അതീവ ശ്രദ്ധേയമായിരുന്നു. 2018 ആഗസ്റ്റ് – സെപ്തംബറിൽ ജക്കർത്തയിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ടി രണ്ടിനങ്ങളിലും മത്സരയോഗ്യത നേടിക്കഴിഞ്ഞ ജിൻസൺ ഏതിനത്തിലായിരിക്കും കൂടുതൽ ശ്രദ്ധിക്കുക എന്ന ചോദ്യത്തിന്റെ ഉത്തരം: "എതായാലും ജക്കാർത്തയിലെ മത്സരപ്പട്ടികയനുസരിച്ച് ഓടി സ്വയം വിലയിരുത്തിയാവും 2020ലെ ടോക്യോ ഒളിമ്പിക്സിലെ പ്രധാന ഇനം ഏതെന്ന് തീരുമാനിയ്ക്കൂ" എന്ന ജിൻസൺന്റെ പ്രതികരണം വളരെ പ്രസക്തമായിത്തോന്നി. പക്വതയും ദീർഘവീക്ഷണവും അനുഭവാപഗ്രഥനക്ഷമതയും നിരന്തര നിരീക്ഷണശീലവുമുള്ളവർക്കെ ഇത്തരം ഉത്തരം പറയാൻ കഴിയൂ. അപാരമായ പ്രായോഗികബുദ്ധി.

**ആത്മപ്രചോദനം**

കൂടുതൽ നിർബന്ധിച്ചപ്പോൾ ജിൻസൺ പറഞ്ഞത്: "ഞാൻ സദാ ചിന്തിച്ചു കൊണ്ടിരിയ്ക്കുമ്പോൾ, എനിയ്ക്ക് 'സെൽഫ് മോട്ടിവേഷൻ' തോന്നുന്നതനുസരിച്ചുള്ള ഒരു തീരുമാനമായിരിയ്ക്കും ആത്യന്തികമായത്." ഈ സെൽഫ് മോട്ടിവേഷൻ എന്ന ആത്മപ്രചോദനമാണ് കർമ്മോജ്ജമായി പരിണമിയ്ക്കുന്നത്. ഏകാഗ്രതയും ധ്യാനാത്മകനിഷ്ഠയുമുണ്ടെങ്കിലേ 'സെൽഫ് മോട്ടിവേഷ'നുണ്ടാകൂ. ആദ്ധ്യാത്മിക അപഗ്രഥനത്തിൽ പറയുന്ന 'ഇച്ഛാശക്തി – ജ്ഞാനശക്തി – ക്രിയാശക്തി' എന്നീ ശക്തിത്രയങ്ങളുടെ സമന്വയമാണ് സെൽഫ് മോട്ടിവേഷൻ എന്നുതോന്നുന്നു. ആത്മപ്രചോദനം അഥവാ സ്വാത്മപ്രചോദനം എന്ന അനിതര സാധാരണമായ സെൽഫ് മോട്ടിവേഷനാണ് ഏത് വിജയത്തിന്റേയും ആധാരം. ആ അനുഗ്രഹം കൈവരിയ്ക്കാനും വികസിപ്പിക്കാനുമുള്ള തപസ്സിലായിരിക്കാം ജിൻസൺ.

**ജിൻസണന്റെ ഉത്തരം : ഒരപഗ്രഥനം**

'ആദ്യം ജക്കാർത്ത ഏഷ്യാഡ് കഴിയട്ടെ. 800 ലും 1500 ലും അവിടെ എന്തുചെയ്യാൻ കഴിഞ്ഞു എന്ന് അനുഭവപ്പെട്ടശേഷം അതിന്റെ അടിസ്ഥാനത്തിൽ ബാക്കി' എന്ന് ധ്വനി. എത്ര ധാർമ്മികമായ നിഗമനം! ഇതിനെ വിലയിരുത്തുമ്പോൾ ലേഖകനു പറയാനുള്ളത് താഴെ എഴുതട്ടെ.

**ലേഖകന്റെ വ്യാഖ്യാനം**

1976ലെ മോൺട്രിയൽ ഒളിമ്പിക്സിൽ 800 മീറ്റർ റിക്കാർഡ് സ്വർണ്ണം നേടിയ ക്യൂബക്കാരൻ ആൽബ്രട്ടോ ജ്യൂവാന്ത്രാനോ തന്നെയാണ് അതേ മീറ്റിൽ 400 മീറ്ററിലും ജേതാവായത്. അതിന്റർത്ഥം 800 മീറ്റർ എന്ന മത്സരയിനം മധ്യദൂരപ്പട്ടികയിലാണെങ്കിലും അതിന്റെ വിജയരഹസ്യം സ്പ്രിന്റിങ്ങ് കപ്പാസിറ്റിയാണെന്നല്ലേ? ഈ അനുമാനം ശരിയാണ് എന്നാണ് ആൽബ്രട്ടോ തെളിയിച്ചത്. 10.5 സെക്കന്റിൽ താഴെ നൂറു മീറ്ററും, 46.0 സെക്കന്റിൽ താഴെ 400 മീറ്ററും ഓടാൻ കഴിഞ്ഞാലെ 800 മീറ്ററിൽ ഒരു ഒളിമ്പിക് മെഡൽ സാധ്യതയുള്ളു എന്നും വരികൾക്കിടയിൽ വായിക്കാം. റിയോ – ലണ്ടൻ – ബെയ്ജിങ്ങ് – 2016, 2012, 2008 ഒളിമ്പിക്സുകളിലെ മെഡൽ ജേതാക്കളുടെ ശരാശരി പെർഫോമൻസ് പരിശോധിച്ചാൽ 1:42.0 സെക്കന്റിലും താഴെയായിരിയ്ക്കും. ഇതും മുകളിൽ പരാമർശിച്ച വസ്തുതയെ പിൻതാങ്ങുന്നുണ്ട്. അതായത് മികച്ച നൂറു മീറ്റർകാരന്റെ സ്പ്രിന്റും 400 കാരന്റെ സ്പ്രിന്റ് എൻഡ്യുറൻസും ഒരേ വ്യക്തിയിലുണ്ടായാലേ 800 മീറ്ററിൽ ഉന്നതങ്ങളിൽ എത്താൻ കഴിയൂ എന്നർത്ഥം. ഈ നിരീക്ഷണത്തിൽ ഊന്നിക്കൊണ്ട് ചില സുപ്രധാന ആശയങ്ങൾ കൂടി സാന്ദർഭികമായി ഇനി ഉൾപ്പെടുത്തുന്നത് ഭാരതീയ ട്രാക്ക് ആൻഡ് ഫീൽഡിൽ അതിവിപ്ലവകരമായ അഭിവൃദ്ധിയ്ക്ക് ഹേതുവായേക്കാം എന്ന പ്രത്യാശയിലാണ്.

**നമ്മുടെ അത്‌ലറ്റിക്സിലെ പുതിയ കുതിപ്പിന്**

നമ്മുടെ ഹ്രസ്വ സ്പ്രിന്റർമാർ – 100 ഉം 200 ഉം മീറ്റർ – അന്തർദേശീയതലത്തിൽ ശ്രദ്ധിയ്ക്കപ്പെട്ടിട്ടേയില്ല; അത്യപൂർവ്വം വനിതകൾ മാത്രം ഇതിനപവാദമായിട്ടുണ്ടെങ്കിലും. പക്ഷേ, നമ്മുടെ 400 മീറ്റർ ഓട്ടക്കാർ, ഇരുവിഭാഗങ്ങളിലും, ഒളിമ്പിക്സ് ഫൈനലിലെത്തിയവരുണ്ടല്ലോ. അതുകൊണ്ട് നമ്മുടെ മുഴുവൻ ഹ്രസ്വ സ്പ്രിന്റർമാരേയും 400 മീറ്ററിലേയ്ക്ക് പാകപ്പെടുത്തണം. അതുപോലെ 400 മീറ്റർ ഓട്ടക്കാരെ 800 മീറ്ററിലേയ്ക്കും 800 കാരെ 1500 ലേയ്ക്കും മത്സരിയ്ക്കാൻ കാലേക്കൂട്ടി സജ്ജരാക്കാനുള്ള തയ്യാറെടുപ്പ് ആരംഭിച്ചാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ അത്ഭുതകരമായ മാറ്റം കൈവരിയ്ക്കാൻ കഴിയും. ഈ നിർദ്ദേശം ഫലപ്രദമാക്കാൻ, ഒരു പ്രത്യേക മത്സരപരമ്പര ആരംഭിച്ചാൽ, കായികതാരങ്ങളേയും പരിശീലകരേയും ആകർഷിയ്ക്കാൻ കഴിയും. ഈ 'സ്വപ്നപദ്ധതി'യെ വിജയകരമായി നടത്താൻ കഴിഞ്ഞാൽ സമ്പന്നരായ പ്രായോജകർ വഴി ആകർഷകമായ 'റവന്യൂ' സ്വരൂപിയ്ക്കാനും കഴിയും.

**നിർദ്ദിഷ്ട പദ്ധതി**

ഓരോ രണ്ടുമാസം കൂടുമ്പോഴും നിശ്ചിത വാരാന്ത്യത്തിൽ, കേരളത്തിന്റെ ഓരോ ഭാഗത്ത് 400 മീറ്ററിന്റെ 'പ്രൈസ് മണി മത്സര പര

മ്പര' നടത്തൽ. 'മുഴുവർഷ ദ്വൈമാസ പ്രൈസ് മണി ക്വാർട്ടർ മൈൽ മത്സരകാമ്പെയിൻ' എന്നോ സമാന സംജ്ഞയിലോ ഈ പരമ്പര തുടങ്ങാം. പുരുഷ-വനിതാ തലങ്ങളിൽ മാത്രമേ പാടുള്ളു. 18 വയസ്സിൽ കൂടുതലുള്ള വനിതകൾക്കും, 20 കഴിഞ്ഞ പുരുഷന്മാർക്കുമേ പ്രവേശനം പാടുള്ളു. ടൈം ട്രയലും, ഫൈനലുമേ വേണ്ടൂ. ഒറ്റ ദിവസം കൊണ്ട് തീർക്കേണ്ട ഈ മത്സരത്തിൽ പതിവുപോലെ ഹീറ്റ്സ്, ക്വാർട്ടർ ഫൈനൽസ്, സെമി ഫൈനൽസ്, ഫൈനൽ എന്ന രീതി പരിക്കുകൾക്കിടയാക്കും. അതുകൊണ്ടാണ് മുകളിൽ പ്പറഞ്ഞ നിബന്ധന.

ഈ പദ്ധതി വിജയിച്ചാൽ ക്രമേണ 800 മീറ്ററിലേയ്ക്കും തുടർന്ന് 1500 മീറ്ററിലേയ്ക്കും ഈ രീതി വ്യാപിപ്പിയ്ക്കാം. അങ്ങനെ 400 മീറ്റർ മുതൽ മേല്പ്പോട്ടുള്ള എല്ലാ ട്രാക്കിനങ്ങളിലേയ്ക്കും നിരവധി മികച്ച കായികതാരങ്ങളെ ലഭിയ്ക്കും. ഏതെങ്കിലും ഒരു മത്സരയിനത്തിൽ മികവു പുലർത്താൻ കഴിയാതെ വരുമ്പോൾ സ്പ്രിന്റിങ്ങ് പവറുള്ളവർ തൊട്ടുതാഴെയുള്ള മത്സരയിനത്തിലേയ്ക്കും എൻഡ്യൂറൻസ് കൂടുതലുള്ളവർ തൊട്ടുമുകളിലുള്ള ഇനത്തിലേയ്ക്കും മാറാൻ നിർബന്ധിതരാകുമ്പോൾ അതിനുചിതമായ പരിശീലനശൈലീമാറ്റവും വികസിച്ചു വരും.നിരന്തരമായ മത്സരപരമ്പരായജ്ഞം ഈരണ്ടുമാസം കൂടുന്തോറും നടക്കുമ്പോൾ എൻഡ്യൂറൻസിന്റേയും സ്പ്രിന്റിന്റേയും പ്രത്യേകമായ പരിശീലനവും നടക്കും. പരുക്കുകളും മുരടിപ്പും വഴി ദേശീയ കായിക ദുരന്തം കഴിയുന്നത്ര ഒഴിവാക്കാനാണ് മത്സരത്തെ ടൈം ട്രയലും ഫൈനലുമായി നടത്തണമെന്ന നിർദ്ദേശം. ശാരീരിക വളർച്ച പൂർത്തിയാക്കാത്തവർ ഈ മത്സരപരമ്പരയിൽ പങ്കെടുത്താൽ പരുക്കുകൾക്കും മുരടിപ്പിനും കൊഴിഞ്ഞുപോക്കിനും ഇടയാകും. അതൊഴിവാക്കാൻ വേണ്ടിയാണ് വയസ്സിന്റെ പരിധി നിഷ്ക്കർഷിച്ചത് - പ്രായപരിധി നിബന്ധന.

**വീണ്ടും ജിൻസണിലേയ്ക്ക് മടങ്ങട്ടെ**

തുടക്കത്തിൽ പറഞ്ഞതുപോലെ, കഴിഞ്ഞ മാസം ഗോഹട്ടിയിൽ നടന്ന സീനിയർ നാഷണലിൽ ജിൻസൺ 800 മീറ്ററിൽ ഗംഭീരമായി പ്രകടനം നടത്തിയെന്ന പ്രാരംഭപരാമർശവും അതുമായി ബന്ധപ്പെട്ട അപഗ്രഥനവും, സാന്ദർഭികമായി പ്രസക്തിയുള്ള ചില നിർദ്ദേശങ്ങളും കഴിഞ്ഞ് വീണ്ടും ജീൻസണിലേയ്ക്ക്. 1:45.65 സെക്കന്റിൽ ദേശീയ റിക്കാർഡ് തിരുത്തിയ ജിൻസൺ ജക്കാർത്തയിൽ 1:43.5 സെക്കന്റിലും താഴാൻ എളുപ്പമല്ല. അവിടെ രണ്ടിനങ്ങളിലും മെഡൽ സാധ്യതയുണ്ട് - 800 ലും 1500 ലും. പക്ഷേ, ടോക്യോ ഒളിമ്പിക്സിൽ - 2020ൽ - രണ്ടിനങ്ങളിലും പങ്കെടുത്താൽ ആദ്യ ഇനത്തിൽ അത് 800 ആയാലും 1500 ആയാലും ഫൈനലിലെത്താം. മെഡൽ സാധ്യതയില്ല. സ്പ്രിന്റിങ്ങ് പവ്വറിനെ മറികടക്കുന്ന 'എൻഡ്യുറൻസ് കപ്പാസിറ്റി'യും സ്പ്രിന്റ് എൻഡ്യൂറൻസ് കപ്പാസിറ്റിയുമുള്ള ജിൻസൺ അതുകൊണ്ടുതന്നെ 800നേക്കാൾ കൂടുതൽ സാധ്യത 1500ലായിരിക്കുമെന്ന് മനസ്സിലാക്കാം. ഈ ആശയം ഫോണിലൂടെ പറഞ്ഞപ്പോൾ ജിൻസണും, ഗുരു ശ്രീ പീറ്ററും എതിർത്തില്ല. അപ്പോഴും ഫോണിന്റെ മറ്റേ അറ്റത്ത് ജിൻസൺന്റെ ധ്യാനാത്മക മൗനത്തിനിടയിൽ ശ്വാസനിശ്വാസ ശബ്ദം. അതേ, ജിൻസൺ അങ്ങനെയാണ്. സദാ മനസ്സിൽ ഓട്ടം നടക്കുകയാണ്; തപസ്സുപോലെ. തന്മയത്വം എന്ന സ്വാത്മപ്രചോദനത്തിന്റെ നിത്യശ്രോതസ്സും അതിന്റെ അനർഗ്ഗള പ്രവാഹവും, ഒളിമ്പിക്സ് മെഡലെന്ന ത്രിവേണീ സംഗമത്തിലേയ്ക്കുള്ള ആ തീർത്ഥയാത്രയിലാണ്, ഇപ്പോൾ സിക്കിമിലുള്ള ജിൻസൺ. 800 മീറ്ററിന്റെ ഫിനിഷിലേയ്ക്കുള്ള ജിൻസൺന്റെ തീവ്രമായ കുതിയ്ക്കൽ, 1500നുള്ള ശുഭസൂചനയാണ്. ചക്കിട്ടപ്പാറയിലെ കുളച്ചൽ വീട്ടിൽ, ജോൺസൺ ശൈലജ ദമ്പതികളുടെ ഈ വീരപുത്രൻ ഭാരതത്തിന്റെ തന്നെ അഭിമാനപാത്രമാകട്ടെയെന്ന് പ്രാർത്ഥിയ്ക്കാം. ഒപ്പം ആ തന്മയത്വം നമ്മുടെ താരങ്ങളും പരിശീലകരും കണ്ടുപഠിയ്ക്കട്ടെ എന്നും. സകുടുംബം ചെന്നൈയിലുള്ള സിതാരയാണ് ജിൻസൺന്റെ ഏക സഹോദരി.

**വാൽക്കഷണം**

ഏവർക്കും ബാധകമായ ഒരു നിരീക്ഷണവും പരിഹാരക്രിയാനിർദ്ദേശവുമാണ് ഇനി. സപ്തധാതുശോഷണമെന്ന അനിവാര്യ ജൈവപ്രക്രിയയ്ക്കുള്ള പരിഹാരമാണ്,ധാതുപോഷണക്ഷമമായ - ആയുർവേദ ചികിത്സയിലെ 'പഞ്ചകർമ്മം' എന്ന സവിശേഷ ചര്യ. ത്വക്ക് മുതൽ മജ്ജ വരെയുള്ള ഏഴുധാതുക്കൾക്കും, കാലം കൊണ്ടും കർമ്മസഞ്ചയം കൊണ്ടും സംഭവിയ്ക്കുന്ന ശോഷണം എന്ന വിപരീത പരിണാമത്തെ, പോഷണവും പുനരുജ്ജീവനവും ചെയ്യാനാണ് ഭാരതത്തിന്റെ തനതുചികിത്സാ സംസ്കാരമായ ആയുർവേദത്തിലെ പഞ്ചകർമ്മയും. വിനിയോഗം എന്ന ഉപയോഗം, അമിതോപയോഗം, ക്രമമല്ലാത്ത ഉപയോഗം, ദുരുപയോഗം ഇങ്ങനെ ഏതുവിധമായാലും സപ്തധാതുശോഷണം സംഭവിയ്ക്കും. ദീർഘകാലത്തെ കഠിന കായിക പരിശീലനവും മത്സരപരമ്പരകളും വഴി ഈ ശോഷണം ക്രമാതീതമാകും. യഥാകാലം ഇതിന്റെ പരിഹാരക്രിയയായ 'സപ്തധാതുപോഷണത്തിനായി പഞ്ചകർമ്മചികിത്സ അതിവിദഗ്ദ്ധ ഭിഷഗ്വരന്റെ മേൽനോട്ടത്തിൽ ചെയ്യണം. തുടർന്നുള്ള പഥ്യാചരണവും പുനഃപ്പരിശീലനവും ഒക്കെ ഭിഷഗ്വരന്റെ സഹായത്തോടെ വേണം പരിശീലകർ ചിട്ടപ്പെടുത്തേണ്ടത്.

പഞ്ചകർമ്മയിൽ വമനം വിരേചനം തുടങ്ങി അഞ്ചുവിധ ശുദ്ധീകരണ പ്രക്രിയകളാണ് നടക്കുന്നത്. അതിനുമുമ്പ് അഭ്യംഗമുൾപ്പെടെയുള്ള പൂർവ്വകർമ്മങ്ങൾ അത്യന്താപേക്ഷിതമാണ്. ഇതെല്ലാം ശരീരത്തിലെ വിഷാംശമടക്കമുള്ള മാലിന്യ നിരമ്മാർജ്ജനത്തിൽ അധിഷ്ഠിതമാണ്. മാലിന്യ മുക്തിയിലൂടെ ശരീരം സ്വയം പ്രതിരോധശക്തി നേടിക്കൊള്ളുമെന്ന 'ഋഷിപ്രോക്ത സത്യം' നമ്മെ ഇനിയെങ്കിലും പ്രചോദിതരാക്കട്ടെ- പ്രത്യേകിച്ചും നമ്മുടെ കായി

ക മേഖലയിലെ പ്രമുഖകരെയെങ്കിലും. പരുക്കുകളും മാറാപ്പരിക്കുകളും മുരടിപ്പും കൊഴിഞ്ഞുപോക്കും ഒക്കെ പ്രതിരോധിയ്ക്കാനും പരിഹരിയ്ക്കാനും നമ്മുടെ ചിരപുരാതനമായ ആയുർവേദചികിത്സകൾ വഴി സാധിയ്ക്കും. ടോക്യോ ഒളിമ്പിക്സിനുമുമ്പ് നമ്മുടെ മെഡൽ പ്രതീക്ഷാതാരങ്ങളെങ്കിലും പഞ്ചകർമ്മയ്ക്കുവിധേയരാകുമോ? ജിൻസണും മറ്റും ഇത് സ്വീകരിയ്ക്കുമോ... ? ധൈര്യവും വിശ്വാസവുമുള്ളവരെങ്കിലും ഇത് ചെയ്യണം.

വനിതകളുടെ 800 മീറ്ററിലെ, പ്രതീക്ഷ നിലനിർത്തുന്ന ടിന്റുലൂക്ക 2002 മുതൽ കഠിന കായികപരിശീലന മത്സരക്ലേശങ്ങളുടെ പിടിയിലാണ്. അടുത്തകാലത്തായി ടിന്റുവിന് സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന, മത്സരത്തിനിടയ്ക്കുള്ള വീഴ്ച്ചയും പിൻമാറലും പനികളും ഉപ്പൂറ്റിവേദനയും ഒക്കെ മാറ്റി പുനരുജ്ജീവനം നേടാൻ, ടിന്റു എത്രയും വേഗം പഞ്ചകർമ്മചികിത്സയ്ക്ക് വിധേയയാകണം. ആയാൽ, സങ്കടങ്ങളുടെ ചിതാഭസ്മക്കൂമ്പാരത്തിൽ നിന്ന് സ്വർണ്ണച്ചിറകടിച്ച് പറന്നുയരുന്ന ഒരു പുതിയ 'ഫീനിക്സ് ടിന്റു'വിനെ കാണാൻ കഴിയും. ടിന്റുവിനെപ്പോലെ മുരടിപ്പും പരുക്കുകളും പറ്റിയ എല്ലാ കായികതാരങ്ങൾക്കും അവരുടെ അഭ്യുദയകാംക്ഷികൾക്കുമുള്ള ഒരു വൃദ്ധകായിക പരിശീലകന്റെ പ്രാർത്ഥനാ-വാത്സല്യ-ഭരിതമായ അഭ്യർത്ഥന മാത്രമാണിത്. ഇഷ്ടമുള്ളവർ കേൾക്കട്ടെ. ഇതൊരോർമ്മപ്പെടുത്തൽ മാത്രം.

ഇതോടൊപ്പം അഷ്ടാംഗ യോഗയിലെ റിലാക്സേഷൻ ടെക്നിക്കുകളും, പ്രാണായാമങ്ങളും ശ്വാസനമുൾപ്പടെയുള്ള ആവർത്തന ധ്യാനസങ്കേതങ്ങളും വഴി നമ്മുടെ മുഴുവൻ കായിക മേഖലയേയും നവീകരണത്തിന്റേയും പുനരുജ്ജീവനത്തിന്റേയും രാജവീഥിയിലേയ്ക്ക് ആനയിക്കാം. ആയുർവേദം, യോഗ, കളരിപ്പയറ്റ് എന്നീ മൂന്നു മേഖലകളും നമ്മെ അനുഗ്രഹിക്കാൻ ത്രിമധുരമായി കാത്തിരിക്കയാണ്. ബാക്കി കാര്യങ്ങൾ നമ്മുടെ ഇഷ്ടം. ജയ് ഭാരത്.



**അരവിന്ദൻ**
9745935385, 0494-2682899

# അസൂയ

**ഉ**ണ്ണിക്ക് ക്ഷമ കെട്ടു. എത്ര നേരമായി കാത്തിരിക്കാൻ തുടങ്ങിയിട്ട് ? സാധാരണ ഈ സമയമാകുമ്പോഴേക്ക് അച്ഛനും അമ്മയും ജോലി കഴിഞ്ഞെത്താറുണ്ട്. ഇന്നെന്താണാവോ ? അല്ലെങ്കിലും അങ്ങിനെയാ. വേഗം വരണമെന്നാഗ്രഹിക്കുന്ന ദിവസം വൈകിയേ വരൂ. വന്നാൽ നൂറുനൂറു കാരണങ്ങൾ നിരത്തും.

സ്കൂളിൽ നിന്ന് നാലുമണിക്കെത്തിയതാണ്. എത്തിയ ഉടനെ അമ്മമ്മയേയും മുത്തശ്ശനേയും നീട്ടി വിളിച്ചു. എന്നത്തേയും പോലെ മുത്തശ്ശൻ ടി. വി. ക്കുമുന്നിലാണ്. അവിടെയിരുന്നു കൊണ്ടുതന്നെ മുത്തശ്ശൻ ചോദിച്ചു. ''ന്താ ഉണ്ണീ മുത്തശ്ശൻ പ്പൊ വരാംട്ട്വോ. ന്യൂസ് കഴിയാറായി.'' അതിലും വലിയ ന്യൂസുമായിട്ടാണ് താൻ വന്നിരിക്കുന്നത്. മുത്തശ്ശന് ന്യൂസ് കേട്ടാൽ മടുപ്പ് വരില്ലേ ? ഒരുദിവസം എത്ര പ്രാവശ്യാ ന്യൂസ് കേൾക്ക്വാ. അമ്മമ്മ വിളിച്ചു പറഞ്ഞു. ''ദാ വരുണൂട്ട്വോ. അടുപ്പത്ത് എണ്ണ ചൂടായിക്കിടക്കുന്നു. നാല് പപ്പടം കാച്ചിക്കോട്ടെ.'' അമ്മമ്മക്ക് പണി ഒഴിഞ്ഞ നേരല്യ. ഉണ്ണി എഴുന്നേൽക്കുന്നതിനുമുമ്പ് അമ്മമ്മ അടുക്കളയിൽ കയറിയിട്ടുണ്ടാവും. പണി തന്നെ പണി. നട്ടപ്പാതിരക്കാ ഒന്ന് തണ്ടല് ചായ്ക്ക്യാ. ഇത്രക്കൊക്കെ പണിയെന്താണെന്ന് ഉണ്ണി ആലോചിക്കാറുണ്ട്. എന്തായാലും അമ്മമ്മ വെറുതെ നിൽക്കുന്നത് ഉണ്ണി കണ്ടിട്ടില്ല.

പുസ്തക സഞ്ചി മേശമേൽ വെച്ച് ഉണ്ണി അമ്മമ്മയെ പിടിച്ചുവലിച്ച് ഡ്രോയിങ്ങ് റൂമിൽ ചെന്നു. ചെന്നപാടെ ടി. വി. ഓഫാക്കി. എന്നിട്ട് ചോദിച്ചു: ''ഇന്ന് സ്കൂളിലെന്താണ്ടായേന്ന് അറിയ്യോ ?''

''എന്താ ഉണ്ണീ ?'' ഇരുവരും ഒന്നിച്ച് ചോദിച്ചു.

''ഒന്നാലോചിച്ചു നോക്കൂ.''

''വല്ല ക്ലാസ് ടെസ്റ്റും ണ്ടായ്യോ ?''

''അതൊന്നും അല്ല.''

''ന്നാൽ എന്താച്ചാ പറയൂ മോനേ.'' - മുത്തശ്ശൻ.

''മിടുക്കൻ കുട്ട്യേല്ലേ. പറയൂ, ന്താണ്ടായ്യേ'' - അമ്മമ്മ.

ഉണ്ണി സാവധാനം ബാഗ് തുറന്നു. ബാഗിനുള്ളിൽ നിന്ന് ഒരു ചെറിയ പെട്ടി പുറത്തെടുത്ത് തുറന്നു. പെട്ടിയിൽ ഒരു വലിയ സ്വർണ്ണ മെഡൽ ! മുത്തശ്ശനും അമ്മമ്മയും മെഡലിൽ എഴുതിയത് വായിച്ചു. ''മാക്മിലൻ സയൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് ! മെഡലിൽ ഉണ്ണിയുടെ പേര് കൊത്തിയിട്ടുണ്ട്. അവർ ഉണ്ണിയെ കെട്ടിപ്പിടിച്ചു. കവിളിലും നെറ്റിയിലും ഉമ്മവെച്ചു. അവർ പറഞ്ഞു : ''മോൻ ഇതുപോലെ എന്നും പഠിക്കണം ട്ട്വോ. ഈശ്വരാ രക്ഷിക്കണേ.'' ഇരുവരും തലയിൽ കൈവെച്ചനുഗ്രഹിച്ചു. ഉണ്ണി അവരുടെ പാദങ്ങൾ തൊട്ട് വന്ദിച്ചു. പിന്നീട് അമ്മക്ക് ഫോൺ ചെയ്തു, അച്ഛനും. ഇരുവ

രും പറഞ്ഞു, ''കൺഗ്രാജുലേഷൻസ്.''

വാർത്ത അറിയിച്ച സ്ഥിതിക്ക് ഓടിവരേണ്ടതായിരുന്നു. അവർ വരാൻ ഇത്രയും വൈകിയതാണത്ഭുതം. ഉണ്ണി വീണ്ടും വിളിച്ചു. ഓഫീസിൽ തിരക്കുണ്ടത്രെ. അതാണ് വരാൻ വൈകുന്നത്. അമ്മയും അച്ഛനും വന്നപ്പോൾ ഉണ്ണി മെഡൽ കാണിച്ചു. മെഡലോടുകൂടി കിട്ടിയ സർട്ടിഫിക്കറ്റും. അമ്മയും അച്ഛനും ഉണ്ണിയുടെ കൈപിടിച്ചു കുലുക്കി. ഉമ്മ വെച്ചു. അപ്പോഴേക്കും അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അമ്മ വിതുമ്പിക്കൊണ്ട് ഈശ്വരനോട് പ്രാർത്ഥിച്ചു. ഗുരുവായൂരപ്പാ, ന്റെ മോന് ആയുസ്സും ആരോഗ്യവും ബുദ്ധിശക്തിയും തരേണമേ.''

ഉണ്ണിക്ക് മെഡലിന്റെ കാര്യം എല്ലാവരേയും അറിയിച്ചേപറ്റൂ. അമ്മ പറഞ്ഞു, ''എന്തിനാ എല്ലാവർക്കും ഫോൺ ചെയ്തറിയിക്കുന്നത്? നമ്മൾ മാത്രം അറിഞ്ഞാൽ പോരേ? അല്ലെങ്കിൽ തന്നെ എല്ലാവർക്കും കണ്ണുകടിയാ.''

അച്ഛനും അമ്മയുടെ അഭിപ്രായത്തോട് യോജിച്ചു. ''ശരിയാ. ഉണ്ണി നന്നായി പഠിക്കുന്നതും സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്ക് വാങ്ങിക്കുന്നതും പലർക്കും ഉറക്കം കെടുത്തുന്നുണ്ട്.''

ഉണ്ണിയുടെ മിടുക്ക് കണ്ടാലും കേട്ടാലും ഉണ്ണിക്ക് കണ്ണ് പറ്റുംത്രെ. എന്താ ഈ കണ്ണ് പറ്റാച്ചാൽ ? ഒരിക്കൽ അമ്മമ്മയോട് ചോദിച്ചു. ''അസൂയക്കാർടെ ദുർമനസ്സോണ്ട് പറ്റുന്ന ദോഷാ.''

ഉണ്ണിക്ക് അമ്മമ്മ പറഞ്ഞതിന്റെ പൊരുൾ പിടികിട്ടിയില്ല. എന്തെങ്കിലുമായ്ക്കോട്ടെ. എന്തൊ ഒരു ചീത്ത കാര്യമാണെന്നു മാത്രം മനസ്സിലായി. കണ്ണുപറ്റാതിരിക്കാൻ അമ്മ ഉഴിഞ്ഞിടും. കടുകും മുളകും ഉപ്പും എടുത്ത് തല മുതൽ കാൽ വരെ ഇരുപത്തൊന്നു പ്രാവശ്യം ഉഴിഞ്ഞ്, കത്തിച്ച് അടുപ്പിലിടും. അമ്മമ്മ പറയുന്നത് കേൾക്കാം.

''ഒരുപിടി മുളകിട്ടതാ. ഒരു ലേശെങ്കിലും കാറുണ്ണ്ടോ? നാരായണ നാരായണ.''

ആരോടും പറയേണ്ടെന്ന് ശഠിച്ചെങ്കിലും അച്ഛൻ ആരെയൊക്കെയൊ വിളിച്ച് വിവരം പറയുന്നത് കേട്ടു. അപ്പോഴൊക്കെ അമ്മ മുറുമുറുക്കുന്നതും കേട്ടു. ''എന്തിനാങ്ങനെ കൊട്ടിഘോഷിക്കുന്നത് ?''

വേണ്ടപ്പെട്ടവരെ വിവരം അറിയിക്കുന്നതിൽ എന്താ തെറ്റ് ? ആരേയും അറിയിച്ചില്ലെങ്കിലും ചെറിയച്ഛനെ അറിയിച്ചേ പറ്റൂ. ചെറിയച്ഛന്റെ മകൻ വാസ്വേട്ടനേയും. വാസ്വേട്ടന് സമ്മാനം കിട്ടുമ്പോൾ വിളിച്ചറിയിക്കാറുണ്ട്. അപ്പോഴൊക്കെ വീട്ടിലുള്ള എല്ലാവരും വാസ്വേട്ടനെ അനുമോദിക്കാറുണ്ട്. വീട്ടിൽ വരുമ്പോൾ അച്ഛനും അമ്മയും പുസ്തകങ്ങൾ സമ്മാനമായി നൽകാറുണ്ട്. അമ്മമ്മയും മുത്തശ്ശനും ഗുണപാഠ കഥകളാണ് കൊടുക്കുക. എല്ലാവരും അനുഗ്രഹിക്കാറുണ്ട്. നന്നായി പഠിക്കണമെന്നും എല്ലാ മത്സരങ്ങളിലും പങ്കെടുക്കണമെന്നും ഉപദേശിക്കാറുണ്ട്.

താൻ നേടിയത് മാസങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. സ്കൂൾ പഠിപ്പിനുപുറമെയാണ് എല്ലാം ചെയ്തത്. ഉയർന്ന ക്ലാസ്സുകളിലെ സയൻസും കണക്കും ഇംഗ്ലീഷും പൊതുവിജ്ഞാനവും അച്ഛൻ പഠിപ്പിക്കും. അമ്മ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. ഉണ്ണിയുടെ സ്കൂളിലെ എത്രയോ കുട്ടികൾ പരീക്ഷക്കിരുന്നിരുന്നു. ഭാരതത്തിലെ മിക്ക വിദ്യാലയങ്ങളിലേയും കുട്ടികൾ പരീക്ഷക്കിരുന്നിരുന്നു. പതിനഞ്ചു രാജ്യങ്ങളിലെ കുട്ടികൾ പങ്കെടുത്ത പരീക്ഷയായിരുന്നു. റീജ്യൻ ഒന്നിൽ പതിനഞ്ച് രാജ്യങ്ങൾ ഉൾപ്പെടുമെന്നാണ് ടീച്ചർ പറഞ്ഞത്. ഉണ്ണിക്ക് അഭിമാനം തോന്നി. ഉണ്ണി മൗനമായി പ്രാർത്ഥിച്ചു, ''ദൈവമെ എനിക്ക് നന്നായി പഠിക്കാൻ തോന്നിക്കണേ.''

തനിക്ക് കിട്ടിയ നേട്ടം നാലാളറിയുകയല്ലേ വേണ്ടത് ? ഉണ്ണിയുടെ സ്കൂളിൽ പഠിക്കുന്ന കേശുവിന് ഓട്ടത്തിലും ചാട്ടത്തിലും സമ്മാനം കിട്ടിയപ്പോൾ അവന്റെ ഫോട്ടോ പത്രത്തിൽ വന്നു. അങ്ങിനെ പഠിപ്പിലും കളികളിലും മികച്ച പ്രകടനം നടത്തുന്നവരുടെ ഫോട്ടോ അടിക്കുറിപ്പോടെ പത്രത്തിൽ എന്നും വരാറുണ്ട്. കഴിഞ്ഞ വർഷം പല സ്കോളർഷിപ്പ് പരീക്ഷകളിലും സമ്മാനം വാങ്ങിയ ഉണ്ണിയുടെ ഫോട്ടോ സ്കൂൾ മാഗസിനിൽ കൊടുത്തിരുന്നു. 'റൈസിങ്ങ് സ്റ്റാർ' എന്നാണടിയിൽ കുറിച്ചിരുന്നത്. എന്നിട്ട് ഉണ്ണിക്ക് കണ്ണൊന്നും പറ്റിയില്ലല്ലോ. കൂടുതൽ പഠിച്ച് കൂടുതൽ ബുദ്ധിമുട്ടുള്ള പരീക്ഷയിൽ ഒന്നാം റാങ്ക് വാങ്ങിയില്ലേ ?

ഉണ്ണി അച്ഛനോട് കെഞ്ചി: ''വാസ്വേട്ടനെ എന്തായാലും അറീക്കണം.''

അമ്മ ഇടപെട്ടു : ''നെന്റെ വാസ്വേട്ടൻ എഴുതുന്ന പരീക്ഷകളെക്കുറിച്ച് നമ്മളോട് പറയാറുണ്ടോ ? എന്തു ചോദിച്ചാലും വായിലിട്ടു പെരട്ടുകയല്ലേയുള്ളു ? അവൻ പരീക്ഷക്ക് പഠിക്കാനുപയോഗിക്കുന്ന പുസ്തകങ്ങളേതൊക്കെയാണെന്ന് പറയാറുണ്ടോ ? ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന അവന്റെ പുസ്തകങ്ങൾ നെനക്ക് തന്നാൽ നാമത് തിന്നുമോ ? അവന് ആവശ്യം വരുമ്പോൾ തിരിച്ചുകൊടുത്തുകൂടെ ?''

അമ്മ പറയുന്നതെല്ലാം ശരി തന്നെ പക്ഷെ അതൊന്നും വാസ്വേട്ടന്റെ കുറ്റമല്ല. പേടികൊണ്ടാ. വാസ്വേട്ടൻ എന്തെങ്കിലും പറയാൻ പുറപ്പെടുമ്പോൾ ചെറ്യച്ഛനും ചെറ്യേമ്മയും കണ്ണുരുട്ടുന്നത് ഉണ്ണി കണ്ടിട്ടുണ്ട്...

ഒരിക്കൽ പാലക്കാട്ട് ഒരു പരീക്ഷക്ക് പോകാനുണ്ടായിരുന്നു. പാലക്കാട്ടാണ് ചെറ്യച്ഛൻ താമസിക്കുന്നത്. അമ്മ ചെറ്യച്ഛനെ വിളിച്ചു ചോദിച്ചു, ''നാളെ വീട്ടിലുണ്ടാവ്വോ?''

''ഇല്ല. ഞങ്ങൾക്ക് ഒരു കല്യാണമുണ്ട്.''

പരീക്ഷാ സെന്ററിൽ ചെന്നപ്പോൾ അത്ഭുതം. അവിടെയുണ്ട് വാസ്വേട്ടനും ചെറ്യച്ഛനും. എല്ലാ കാര്യങ്ങളും മൂടിവെക്കുന്ന പ്രകൃതം. ഉണ്ണിയുടെ സെന്ററും പാലക്കാടാവുമെന്ന് സ്വപ്നേപി കരുതിക്കാണില്ല.

അന്ന് എന്തെല്ലാം നുണകളാണ് ചെറ്യച്ഛൻ പറഞ്ഞൊപ്പിച്ചത്. അപ്പോഴൊക്കെ വാസ്വേട്ടൻ അന്തംവിട്ടുനിൽക്കുകയായിരുന്നു. വാസ്വേട്ടൻ പാവമാണ്. ഒരുമിച്ച് കൂടുമ്പോഴെല്ലാം ഒപ്പം കളിക്കാറുണ്ട്. കഥകൾ പറഞ്ഞുതരാറുണ്ട്. സർദാർ ഫലിതങ്ങളും നമ്പൂതിരി ഫലിതങ്ങളും വിള

മ്പി പൊട്ടിപ്പൊട്ടിച്ചിരിക്കാറുണ്ട്. ഉണ്ണി അച്ഛനോട് നിർബന്ധിച്ചു. റിസൽട്ടിന്റെ വിവരം ചെറ്യച്ഛനെ എന്തായാലും അറിയിക്കണം. ശല്യം സഹിക്കവയ്യാതായപ്പോൾ അച്ഛൻ സമ്മതിച്ചു.

ഉണ്ണി അച്ഛന്റെ പക്കൽ നിന്ന് ചെറ്യച്ഛന്റെ ഫോൺ നമ്പർ വാങ്ങി ഡയൽ ചെയ്തു. വിവരമറിഞ്ഞാൽ ചെറ്യച്ഛൻ സന്തോഷിക്കാതിരിക്കില്ല, ചെറ്യമ്മയും. വാസ്വേട്ടൻ സന്തോഷം കൊണ്ട് ചാടിത്തിമർക്കും. എല്ലാവരും ഓരോരുത്തരായി ഉണ്ണിയെ അനുമോദിക്കും. ഇനിയും ഇതുപോലെയുള്ള നേട്ടങ്ങൾ കൈവരിക്കണമെന്നുപറയും. നല്ലവണ്ണം പഠിക്കാൻ ഉപദേശിക്കും. ഉണ്ണിക്ക് എന്തെങ്കിലും സമ്മാനവും തരാതിരിക്കില്ല.

വാസ്വേട്ടൻ മാക്മിലൻ പരീക്ഷക്കിരുന്നിട്ടുണ്ടാവ്വോ ? തീർച്ചയായും എഴുതിയിരിക്കും. വാസ്വേട്ടനെ എല്ലാ പരീക്ഷക്കും ഇരുത്താറുണ്ട്. പക്ഷെ, എല്ലാം ഗോപ്യമായി വെക്കും. മറ്റുള്ളവർ അറിഞ്ഞാൽ എന്താണാവോ പ്രശ്നം ? ഒരിക്കൽ അമ്മ ചെറിയമ്മയോട് ചോദിച്ചു, “വാസു ഏതൊക്കെ സ്കോളർഷിപ്പ് പരീക്ഷക്കാ ഇരിക്കാറുള്ളത്?”

ചെറിയമ്മയൊന്നു പരുങ്ങി. അമ്മ തുടർന്നു, “ഏതൊക്കെയാണെന്ന് അറിഞ്ഞാൽ ഉണ്ണിയേയും ഇരുത്താലോ ?”

“സ്കോളർഷിപ്പ് പരീക്ഷകളുടെ വിവരങ്ങൾ നമ്മെ തിരഞ്ഞെത്തില്ല. നെറ്റിൽ മുങ്ങിത്തപ്പി കണ്ടുപിടിക്കുന്നതാ.”

“നിങ്ങൾ കണ്ടുപിടിച്ച സ്ഥിതിക്ക്...”

“അങ്ങിനെയങ്ങ് സുഖിക്കണ്ട മോളെ. വേണമെങ്കിൽ നെറ്റിൽ തിരഞ്ഞോളൂ.”

അമ്മ അച്ഛനോട് പറയുന്നതു കേൾക്കാം. “തനി സ്വാർത്ഥികളാ. അസൂയയുടെ കാര്യം പറയും വേണ്ട.”

വാസൂന്റെ പരീക്ഷകൾ കഴിഞ്ഞാൽ അവന്റെ സ്കോളർഷിപ്പ് മെറ്റീരിയൽസ് തരാവുന്നതെയുള്ളു. അവന്റെ താഴെ ആരുമില്ലല്ലോ. ഉണ്ണിയുടെ ആവശ്യം കഴിഞ്ഞാൽ തിരിച്ചു കൊടുക്കലും ആവാം. പക്ഷെ തരില്ല. പരീക്ഷ കഴിഞ്ഞാൽ പുസ്തകങ്ങൾ എവിടെയാണെന്നുപോലും നോക്കാറില്ലത്രെ ! തപ്പാനൊട്ട് നേരവുമില്ല... ഉപകാരം ചെയ്യാത്തോണ്ടാ വാസ്വേട്ടന് പഠിച്ചാൽ മണ്ടേൽ കേറാത്തത്. ഒരു സ്കോളർഷിപ്പ് പരീക്ഷയിലും ഇന്നുവരെ ജയിച്ചിട്ടില്ല. എന്നാലും വാസ്വേട്ടൻ നല്ലവനാ. ഉണ്ണിയെ വലിയ ഇഷ്ടമാണ്. വാസ്വേട്ടന് ഫുട്ബോളിനോടാണ് കമ്പം. സ്കൂൾ ടീമിലുണ്ട്. പല ഷീൽഡുകളും കൊണ്ടുവന്നിട്ടുണ്ട്.”

പലതവണ ഡയൽ ചെയ്തിട്ടാണ് ചെറ്യച്ഛനെ കിട്ടിയത്. ഉണ്ണി പറഞ്ഞു, “ചെറ്യച്ഛാ എനിക്ക് ഗോൾഡ് മെഡൽ കിട്ടി.” ചെറ്യച്ഛൻ ശബ്ദിച്ചില്ല. ഉണ്ണി തിരക്കി. “ചെറ്യച്ഛാ ഞാൻ പറേണത് കേക്കിണില്ല്യേ ? എനിക്കേയ്...”

പെട്ടെന്ന് ഫോൺ ലൈൻ കട്ടായി. ലൈനിൽ എന്തെങ്കിലും തകരാറുണ്ടാകും. ചിലപ്പോൾ അങ്ങിനെയാ. എന്തെങ്കിലും പ്രധാന കാര്യം അറിയിക്കാൻ ശ്രമിക്കുമ്പോഴായിരിക്കും ലൈനിൽ തകരാറുകൾ വരുക. അവൻ അച്ഛനോടും അമ്മയോടുമായി പറഞ്ഞു, “ലൈൻ കേടാ. കുറച്ചുകഴിഞ്ഞ് വിളിക്കാം.”

അച്ഛനും അമ്മയും എന്തൊ കുശുകുശുക്കുന്നത് കേട്ടു. കുറേ കഴിഞ്ഞപ്പോൾ അച്ഛൻ ഫോൺ കറക്കി. “നേരത്തേ ഉണ്ണി വിളിച്ചിരുന്നു. കട്ടായിപ്പോയി.”

“എന്താച്ചാ വേഗം പറയൂ. എനിക്ക് തിരക്കുണ്ട്.” മൈക്ക് ഓൺ ചെയ്തതുകൊണ്ട് ചെറ്യച്ഛന്റെ പ്രതികരണം കേൾക്കാം.

“ഒരു സന്തോഷ വാർത്ത അറിയിക്കാനാ വിളിച്ചത്. ഉണ്ണിക്ക് മാക്മിലൻ പരീക്ഷയിൽ ഒന്നാം റാങ്കുണ്ട്. റീജ്യൻ ഒന്നിലെ ഫസ്റ്റാ. ഒരു ഗ്രൻ ഗോൾഡ് മെഡൽ കിട്ടിയിട്ടുണ്ട്.”

“ഇതാണോ ഇത്ര വലിയ ചേനക്കാര്യം. ഇത് ഒരാഴ്ചമുമ്പ് നെറ്റിൽ വന്നതാ.”

ഉണ്ണിക്ക് വിഷമം തോന്നി. ഒരാഴ്ച മുമ്പറിഞ്ഞിട്ടും ചെറ്യച്ഛൻ വിളിച്ചറിയിച്ചില്ല. വാസ്വേട്ടൻ ഫുട്ബാൾ ടൂർണ്ണമെന്റിൽ ജയിച്ചാൽ പോലും അച്ഛനും അമ്മയും അഭിനന്ദനങ്ങൾ അറിയിക്കാറുണ്ട്. നേരിൽ കാണുമ്പോൾ എന്തെങ്കിലും സമ്മാനവും കൊടുക്കും. ചെറ്യച്ഛൻ വല്ലാത്ത മനുഷ്യൻ തന്നെ !

അച്ഛൻ ചോദിക്കുന്നതുകേട്ടു, “ഒന്നു വിളിച്ചു പറയായിരുന്നില്ലേ? കമ്പ്യൂട്ടറും ഇന്റർനെറ്റും ഒന്നും ഞങ്ങൾക്കില്ലല്ലോ.”

ചെറ്യച്ഛൻ എന്താണ് ഉത്തരം കൊടുത്തത് ? മനസ്സിലായില്ല. അച്ഛൻ ഫോണടച്ചുവെച്ച് അമ്മയോട് പറയുന്നതുകേട്ടു, “അസൂയയാ. കഴിഞ്ഞ ഒരാഴ്ച ഉറങ്ങിക്കാണില്ല.”

ഉണ്ണിക്കിപ്പോൾ സ്കൂളിൽ നടന്ന കാര്യങ്ങൾ ഓർമ്മ വന്നു. അസംബ്ലിയിൽ പ്രിൻസിപ്പാളിന്റെ അനൗൺസ്മെന്റ്: “നമ്മുടെ വിദ്യാലയത്തിന് അഭിമാനിക്കാവുന്ന ഒരു കാര്യമാണ് അറിയിക്കുന്നത്. നമ്മുടെ വിദ്യാലയത്തിലെ ഒരു കുട്ടി മാക്മിലൻ പരീക്ഷയിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയിരിക്കുന്നു. റീജ്യൻ ഒന്നിലെ പതിനഞ്ച് രാഷ്ട്രങ്ങളിലെ കുട്ടികൾ മാറ്റുരച്ച പരീക്ഷയാണ്. പിന്നീട് ഉണ്ണിയുടെ പേര് വിളിച്ചു. അടുത്തുചെന്നപ്പോൾ ഗോൾഡ് മെഡൽ ഉയർത്തിക്കാണിച്ചതിനുശേഷം ഉണ്ണിക്ക് സമ്മാനിച്ചു. ഉണ്ണി പ്രിൻസിപ്പാളിന്റെ പാദങ്ങൾ തൊട്ടുവണങ്ങി. പ്രിൻസിപ്പാൾ ഉണ്ണിയുടെ തലയിൽ കൈകൾ വെച്ചനുഗ്രഹിച്ചു. അതിനുശേഷം അവനെ കെട്ടിപ്പിടിച്ചു. അന്നേരമെല്ലാം കുട്ടികൾ താളത്തിൽ കയ്യടിച്ചുകൊണ്ടിരുന്നു. വിദ്യാലയത്തിലെ എല്ലാ ടീച്ചർമാരും അടുത്തു വന്നു കൈപിടിച്ചുകുലുക്കി. എല്ലാവരും പറഞ്ഞു, “കൺഗ്രാജുലേഷൻസ്.”

ഉണ്ണിയുടെ കണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു. ക്ലാസ്സിലേക്ക് നടക്കുമ്പോൾ പ്രായഭേദമെന്യേ കുട്ടികൾ അടിച്ചാർത്തെത്തി. ചിലർ കൈപിടിച്ചു കുലുക്കി. ചിലർ തലയിലും പുറത്തും തലോടി. എല്ലാവരും പറഞ്ഞു, “ കൺഗ്രാറ്റ്സ്.”

അന്നേരം ആയ വന്നറിയിച്ചു. “പ്രിൻസിപ്പാൾ വിളിക്കുന്നു.”

പ്രിൻസിപ്പാളിന്റെ മുറിയിൽ ക്യാമറയുമായി ഒരാൾ നില്ക്കുന്നുണ്ട്. പ്രിൻസിപ്പാൾ മെഡൽ തരുന്ന രീതിയിൽ അയാൾ ഫോട്ടോ എടുത്തു. തിരിച്ചുനടക്കുമ്പോൾ പ്രിൻസിപ്പാൾ പറഞ്ഞു: "മെഡൽ ഇവിടെ ഞാൻ സൂക്ഷിക്കാം. ക്ലാസ്സിൽ കൊണ്ടുപോയാൽ കുട്ടികൾ അത് കേട് വരുത്താനിടയുണ്ട്. നഷ്ടപ്പെടാനും പാടില്ലല്ലോ. സ്കൂൾ വിട്ടു വീട്ടിൽ പോകുമ്പോൾ വന്നു വാങ്ങിച്ചോളൂ..."

മെഡൽ അതിന്റെ മനോഹരമായ പെട്ടിയിൽ ഭദ്രമായി വെച്ച പ്രിൻസിപ്പാൾ അത് അലമാറയിൽ വെച്ചുപൂട്ടി. ക്ലാസ്സിലെത്തിയപ്പോൾ ക്ലാസ് ടീച്ചറുടെ വക ചോക്ലേറ്റ് വിതരണം നടക്കുകയായിരുന്നു. ഇത്രയും വലിയ സമ്മാനം കരസ്ഥമാക്കിയ ഉണ്ണിയെ ടീച്ചറും കുട്ടികളും കയ്യടിച്ചഭിനന്ദിച്ചു. പക്ഷെ ചെറിയച്ഛൻ മാത്രം... ചെറിയമ്മയും ഒട്ടും മോശമല്ല. എന്താണവർക്ക് പറ്റിയത് ? ദിവസങ്ങൾക്കുശേഷം ചെറ്യച്ഛനും കുടുംബവും വീട്ടിൽ വന്നു. ഏതോ അമ്പലത്തിൽ പോയി തിരിച്ചുവരികയായിരുന്നത്രെ ! ഒഴിവുദിവസമായിരുന്നു.

ഉണ്ണിക്ക് ഉത്സാഹമായി. അവൻ വാസ്വേട്ടനേയും കൂട്ടി കിടപ്പുമുറിയിലെത്തി. എന്നിട്ട് ചോദിച്ചു: "എനിക്ക് കിട്ടിയ മെഡലും സർട്ടിഫിക്കറ്റും കാണണ്ടെ ?" വാസ്വേട്ടൻ ഒന്നും പറഞ്ഞില്ല. ചെറ്യച്ഛന്റെ ശ്രവണശക്തി ശരിക്കും അറിയാവുന്ന അവൻ തല താഴ്ത്തി നിന്നു.

ഉണ്ണി മെഡലും സർട്ടിഫിക്കറ്റും എടുത്തുതരാനായി അച്ഛനോടപേക്ഷിച്ചു. നിർബന്ധം സഹിക്കവയ്യാതായപ്പോൾ അച്ഛൻ എഴുന്നേറ്റ് അലമാറക്കകത്ത് ഭദ്രമായി സൂക്ഷിച്ചുവെച്ച മെഡൽ പുറത്തെടുത്തു കൊടുത്തു.

ഉണ്ണി മെഡലുമായി ആദ്യം ചെറ്യച്ഛന്റെ അടുത്തേക്കാണ് പോയത്. അങ്ങിനെയാണവനെ പഠിപ്പിച്ചിട്ടുള്ളത്. ആദ്യം മൂത്തവർ. പിന്നെ പ്രായത്തിനനുസരിച്ച്... അവൻ പറഞ്ഞു. "എനിക്ക് കിട്ടിയ മെഡൽ നോക്കൂ..."

"ഓ. ഇതൊന്നും വെച്ച് അഹങ്കരിക്കരുത്. പി. ടി. ഉഷക്ക് എത്ര സ്വർണ്ണ മെഡൽ കിട്ടിയിരിക്കുന്നു? അങ്ങിനെ എത്രയെത്ര പേർ ആരും അത് സ്വയം കൊട്ടിഘോഷിക്കാറില്ല."

ചെറ്യച്ഛൻ മെഡൽ വാങ്ങി നോക്കാൻ പോലും തുനിഞ്ഞില്ല. ആ മുഖത്ത് ഒരുതരം പുച്ഛമായിരുന്നു, വെറുപ്പായിരുന്നു. ഒന്ന് കൈ പിടിച്ചു കുലുക്കുമെന്നെങ്കിലും കരുതി. ഉണ്ണി ഒരുനിമിഷം അവിടെനിന്നു. പക്ഷേ അതുണ്ടായില്ല. വാസ്വേട്ടൻ മെഡൽ വാങ്ങി നോക്കാനാഞ്ഞപ്പോൾ അവന്റെ അച്ഛൻ പറഞ്ഞു: "നീയും ഇരുന്നതല്ലെ പരീക്ഷക്ക് ? മറ്റുള്ളവരുടെ മെഡൽ വാങ്ങി നോക്കാനെന്താ ധൃതി? നാണമില്ലാത്ത ജന്തു."

വാസ്വേട്ടൻ പിന്തിരിഞ്ഞു. ഉണ്ണിയുടെ മനസ്സ് പുകഞ്ഞു നീറി. അവന്റെ കണ്ണുകളിൽ കണ്ണീർ തളംകെട്ടി. അവൻ തേങ്ങിത്തേങ്ങിക്കരഞ്ഞു. അപ്പോൾ വാസ്വേട്ടനും കരയുകയായിരുന്നു. ഉണ്ണിയെ സമാധാനിപ്പിക്കാനോടി വന്ന അമ്മയും അച്ഛനും കരയുകയായിരുന്നെന്നും ഉണ്ണി മനസ്സിലാക്കി. അകത്ത് അമ്മമ്മ ഉറക്കെ നാമം ജപിച്ചു: "നാരായണ നാരായണ."

●

---

# ഫലിതമേള

എ. രാമകൃഷ്ണൻ
9447804135

*1. പത്ര ലേഖകൻ സിനിമാ നടിയോട് : അടുത്ത കാലത്തിറങ്ങിയ ഭവതിയുടെ സിനിമയിൽ ഗർഭിണിയായ അഭിനയം വളരെ യാഥാർത്ഥ്യമായി തോന്നത്തക്ക വിധത്തിലാണ് ഭവതി കൈകാര്യം ചെയ്തിരിക്കുന്നത്. ഉഗ്രനായിരിക്കുന്നു. അഭിനന്ദനങ്ങൾ.*
സിനിമാ നടി : ആ അഭിനന്ദനം ശരിക്കും അർഹിക്കുന്നത് സംവിധായകനാണ്.

*2. സിനിമാനടിയോട് പത്രലേഖകൻ : ഭവതി മേക്കപ്പില്ലാതെ വല്ല സിനിമയിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ ?*
നടി : രാമായണത്തിലെ ശൂർപ്പണഖയായിട്ട്.

*3. കോളേജുകുമാരി സുമ കൂട്ടുകാരിയോട് : നീ ഇന്ന് സൗന്ദര്യമത്സരത്തിനു വരുന്നില്ലേ ?*
സതി : ഇല്ല, അതിനല്ലേ നമ്മൾ ദിവസവും കോളേജിലേക്ക് പോകുന്നത്.

*4. ഓഫീസ്സിൽ നിന്ന വരുമ്പോൾ ഓടിക്കിതച്ചെത്തിയ ഭർത്താവിനോട് ഭാര്യ : എന്ത് ? ഭ്രാന്തൻ നായ കടിക്കാൻ വന്നപ്പോൾ നിങ്ങൾ അത്ഭുതകരമാം വിധം ഓടിരക്ഷപ്പെട്ടെന്നോ ? അതെങ്ങിനെ ?*
ഭർത്താവ് : നിന്നെയാണെനിക്ക് അപ്പോൾ ഓർമ്മ വന്നത്.

*5. ഓഫീസറോട് ലേഡി ടൈപ്പിസ്റ്റ് : സർ, നാളെ എനിയ്ക്കവധി വേണം ?*
ഓഫീസർ : അതെന്താ ?
ടൈപ്പിസ്റ്റ് : സാറ് നാളെ അവധിയാണല്ലോ. എനിയ്ക്ക് വിശേഷിച്ച് പണിയൊന്നും കാണുകയില്ല.

*6. സിനിമാനടിയോട് പത്രലേഖകൻ : ഭർത്താവുമൊന്നിച്ച് ബോട്ടുയാത്ര ചെയ്യുമ്പോഴുണ്ടായ അപകടത്തിൽ ഭർത്താവ് മുങ്ങിപ്പോയെന്നോ ?*
നടി : എന്തുചെയ്യാം. എന്റെ ഒരു നായയെ മാത്രമാണ് എനിയ്ക്ക് രക്ഷിക്കാൻ കഴിഞ്ഞത്.

*7. വിവാഹ ദല്ലാളിനോട് വരന്റെ അച്ഛൻ : എടോ താനല്ലേ പറഞ്ഞത് വധുവിന് വീണ വായിക്കാൻ അറിയുമെന്ന് ?*
വിവാഹദല്ലാൾ : അറിയാമല്ലോ. 'വീണ' എന്നെഴുതിയാൽ വായിക്കും.

# മിഴിയോർത്തിരുന്നിട്ടും



അശോകൻ രാജീവം
9447533850

രാമനാഥൻ സാറിനെ കണ്ടിട്ട് ഒന്നൊന്നൊരവർഷത്തോളമായിരിക്കുന്നു. കൃത്യമായിട്ടോർമ്മയില്ല; എങ്കിലും കുറേയേറെ മാസങ്ങളായി എന്നു തീർച്ചയാണ്. രണ്ടു വർഷങ്ങൾക്കുമുൻപ് ഒരു സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് ടൗൺഹാളിലൊരുക്കിയ നാടകോത്സവത്തിൽ അവതരിപ്പിച്ച പത്തുനാടകങ്ങളിൽ ഒന്ന് ഞങ്ങളുടേതായിരുന്നു. അതിലൊരു പ്രധാനപ്പെട്ട വേഷം കൈകാര്യം ചെയ്തത് രാമനാഥൻ സാറായിരുന്നു.

സത്യം പറഞ്ഞാൽ ആ നാടകത്തിന്റെ ആശയം തന്നെ രാമനാഥൻ സാറിന്റേതായിരുന്നു. അതാരോടും പറയരുത് എന്ന് അദ്ദേഹം ശഠിച്ചതുകൊണ്ടായിരുന്നു ഞങ്ങളിത്രയും കാലം പരസ്യപ്പെടുത്താതിരുന്നത്. എംപ്ലോയ്മെന്റ് എക്സേഞ്ചിലെ ഉന്നതാധികാരിയായി പത്തുമുപ്പതുകൊല്ലം വിരാജിച്ച ആളാണ് രാമനാഥൻസാർ. ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷമാണ് അദ്ദേഹം ശരിക്കും ജീവിക്കാൻ തുടങ്ങിയത്.

പി. എഫ്. തുകയിൽ നിന്നും നീക്കിവെച്ച ചെറിയ തുക മുടക്കിയാണ് അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധീകരിച്ചത്. അതേസമയം തന്നെയായിരുന്നു എന്റേയും ഒരു നാടകസമാഹാരം തയ്യാറായത്. രണ്ടു പുസ്തകങ്ങളുടേയും പ്രസാധകർ ഒരാൾ തന്നെയായിരുന്നതിനാലാണ് ഒരേദിവസം തന്നെ പ്രകാശനം നടത്താൻ തീരുമാനിച്ചത്. ആ ദിവസമാണ് ഞങ്ങൾ തമ്മിൽ പരിചയത്തിലാവുന്നത്. നാൽപതു തികഞ്ഞിട്ടില്ലാത്ത ഞാനും അറുപതുകഴിഞ്ഞ അദ്ദേഹവും എത്ര പെട്ടെന്നാണ് സുഹൃത്തുക്കളായത്. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ ഓർക്കുന്നു.

ഞങ്ങളുടെ കൂടിക്കാഴ്ചകളൊക്കെ നഗരത്തിലെ ഓരോ ഇടങ്ങളിലായിരുന്നു. കോട്ടമൈതാനത്ത്, വാടികയിൽ, രാപ്പാടിയിൽ, കോട്ടയ്ക്കു ചുറ്റുമുള്ള പുൽത്തകിടിയിൽ, വാകമരച്ചോട്ടിൽ, താരേക്കാടുള്ള ഹിന്ദി വിദ്യാലയത്തിൽ... അങ്ങനെ ഒരുപാട് സ്ഥലങ്ങളുണ്ട് ഞങ്ങൾക്കിരുന്ന് ചർച്ച ചെയ്യുവാൻ. മിക്കപ്പോഴും മുജീബ് സാറും ഉണ്ടാവും. ങാ, പുള്ളിയും ഒരു റിട്ടയേർഡ് തഹസിൽദാരാണ് കേട്ടോ.

ഞങ്ങൾ മൂവരും കൂടി ചേർന്നാൽ സൂര്യന് താഴെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യും. ഇപ്പഴാ ഓർത്തത് മുജീബ് അണ്ണനേയും കണ്ടിട്ട് കുറേനാളായിരിക്കുന്നു. ഞങ്ങൾക്കിടയിലെ ഒരു കണ്ണിയാണ് രാമേട്ടൻ അഥവാ അവർക്കിടയിലെ ഒരു കണ്ണിയാണ് ഞാൻ. മിക്കവാറും എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരങ്ങളിൽ ഞങ്ങൾ എന്തെങ്കിലും ചർച്ച സംഘടിപ്പിക്കാറുണ്ടായിരുന്നു. രാമേട്ടന്റെ ഇഷ്ടപ്പെട്ട ഇടം താരേക്കാടുള്ള ഹിന്ദി വിദ്യാലയമാണ്.

ഒരുദിവസം ബെന്യാമിന്റെ 'ആടു ജീവിതം' എന്ന പുസ്തകം ചർച്ചകഴിഞ്ഞു. പിരിയാൻ നേരത്താണ് ഞങ്ങൾ താരേക്കാടുള്ള ഒരു ചായക്കടയിൽ കയറിയത്. മുൻവശത്തെ ചില്ലുകൂട്ടിനുള്ളിൽ നിറഞ്ഞു നിൽക്കുന്ന എണ്ണക്കടികളും അതിനുതാഴെ മേശയ്ക്കരുകിൽ ഒരു മരക്കസേരയാകെ നിറഞ്ഞുകവിഞ്ഞിരിക്കുന്ന ഒരു മധ്യവയസ്കയും. അവരേയും കണ്ണാടിക്കൂട്ടിനുള്ളിലെ മുഴച്ചുനിൽക്കുന്ന ബോണ്ടകളേയും നോക്കിക്കൊണ്ട് രാമേട്ടൻ എന്റെ ചെവിയിൽ പറഞ്ഞു, "ഡാ വിശ്വാ ദ് നോക്ക്, ദാ പോച്ചക്കാരി അമ്മിണി !"

എനിക്ക് ചിരിയടക്കാനായില്ല. ആടു ജീവിതത്തിലെ ഒരു ആടിന്റെ പേരാണ് പോച്ചക്കാരി അമ്മിണി ! ആ സ്ത്രീയെ രണ്ടു മൂന്നുപ്രാവശ്യം ഉറ്റുനോക്കിയപ്പോഴേക്കും എനിക്കും തോന്നി. ശരി തന്നെ ഇത് പോച്ചക്കാരി അമ്മിണി തന്നെ. പിന്നീട് എല്ലായ്പ്പോഴും രാമേട്ടൻ എന്നെ ഫോണിൽ വിളിക്കുമ്പോൾ പറയും, പോച്ചക്കാരി അമ്മിണിയുടെ കടേന്ന് ചായ വാങ്ങിത്തരാം, മസാല ദോശ വാങ്ങിത്തരാം എന്നൊക്കെ.

എന്തുരസമായിരുന്നു രാമേട്ടനോടൊത്തുള്ള ആ സായാഹ്നങ്ങൾ ! രാമേട്ടൻ ഒരിക്കൽപ്പോലും എന്റെ കുടുംബകാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടേയില്ല, ഞാൻ തിരിച്ചും. എന്നിട്ട് ഒരിക്കൽ രാമേട്ടൻ പറഞ്ഞു, "ഡാ വിശ്വാ, വെറുതെയല്ലാ ഈ റിട്ടയർമെന്റിനെ നമ്മുടെ ഭാഷയിൽ 'അടുത്തൂൺ പറ്റുക' എന്നു പറയുന്നത്. തികച്ചും ശരിയാണത്. എന്റെ അഭിപ്രായത്തിൽ ഒരു വ്യക്തി ഉദ്യോഗസ്ഥനാണെങ്കിൽ ആ പദവിയിലിരിക്കുമ്പോൾ തന്നെ മരിക്കാൻ കഴിഞ്ഞാൽ അതിനേക്കാൾ വേറെ സൗഭാഗ്യമില്ല. വിരമിച്ചശേഷം ഇരുന്നാലെന്ത്, പോയാലെന്ത് ? ആരന്വേഷിക്കാൻ. ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന അവസ്ഥയാണ്.

ഒരു പൊതുസത്യം പറയുന്നതുപോലെയാണ് രാമേട്ടൻ അത് പറഞ്ഞതെങ്കിലും അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥ എനിക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഞാൻ നിശ്ശബ്ദമായി ചിരിച്ചു.

"നമ്മളിങ്ങനെ കൂടിയിരുന്ന് എന്തെങ്കിലുമൊക്കെ സംസാരിക്കുമ്പോഴാണ് വിശ്വാ, ഇനിയും എത്രയോ വായിക്കാനുണ്ട് അറിയാനുണ്ട് എന്ന് തോന്നാറുള്ളത്."

"എനിക്കുമതേ, രാമേട്ടനോട് ഒരു മണിക്കൂർ സംസാരിച്ചിരുന്നാൽ പത്ത് പുസ്തകം വായിച്ചതുപോലെയുള്ള അറിവാണ് കിട്ടുന്നത്."

"ഡാ, നീ ഞാൻ പറയുന്ന കാര്യങ്ങളൊക്കെ നിന്റെ നാടകങ്ങളിലും കഥകളിലും വെച്ച് പൂശിണ്ണ്ട് ല്ലേ... ഞാനറിയുന്നുണ്ട്... ങാ നടക്കട്ടെ നടക്കട്ടെ..."

വാസ്തവം തന്നെ. രാമേട്ട

ൻ പറഞ്ഞുതന്നിട്ടുള്ള കാര്യങ്ങൾ എനിക്ക് കുറച്ചൊന്നുമല്ല പ്രയോജനമായിട്ടുള്ളത്. നഗരത്തിൽ ഒരുപാട് സാഹിത്യസംഘടനകളുണ്ട്. എല്ലാവർക്കും എന്നും ഓരോ പരിപാടികളുണ്ടാവും. ആരുടെ പരിപാടികളാണെങ്കിലും ഹാളു നിറയ്ക്കാൻ ആളുകളെ വിളിച്ചുകൂട്ടുന്ന കൂട്ടത്തിൽ രാമേട്ടനേയും എന്നേയും രമേശിനേയും മുരളിയേട്ടനേയും ഒക്കെ ക്ഷണിക്കാറുണ്ട്. മുരളിയേട്ടൻ പക്ഷേ ആരും വിളിച്ചാലും പോകാറില്ല. ഞാനും രാമേട്ടനും രമേശും പോകും. ഞങ്ങൾക്ക് മുമ്പേ രമേശ് എത്തി മുൻനിരയിൽത്തന്നെ ഇരിപ്പുറപ്പിച്ചിട്ടുണ്ടാകും. നത്തോലി മുതൽ കൊമ്പൻ സ്രാവുകൾവരെ നിർദ്ദാക്ഷിണ്യം മൈക്കിനെ പീഡിപ്പിക്കുന്നത് നിർന്നിമേഷനായി ഇരുന്ന് ആസ്വദിക്കും.

ഉദ്ഘാടന വെടിക്കെട്ടുകഴിഞ്ഞാൽ രാമേട്ടൻ എഴുന്നേൽക്കും. ഒപ്പം എന്നേം തോണ്ടും. പുറത്തിറങ്ങി ഞങ്ങൾ ഒഴിഞ്ഞൊരു കോണിൽ പോയിരുന്ന് മറ്റുപല കാര്യങ്ങളും ചർച്ച ചെയ്യും. ഒടുവിൽ പോച്ചക്കാരി അമ്മിണിയുടെ കടയിൽ ചെന്ന് കട്ടൻചായയും പരിപ്പുവടയും കഴിച്ച് പിരിയും. അങ്ങനെ ഒരു ദിവസമായിരുന്നു ഞങ്ങൾ അവസാനമായി യാത്ര പറഞ്ഞ് പിരിഞ്ഞത്.

പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസിന്റെ മുന്നിലെ ബസ് സ്റ്റോപ്പിൽ നിന്ന് രാമേട്ടൻ മണ്ണാർക്കാട്ടേക്കുള്ള ബസ്സിൽ കയറിപ്പോയതിനുശേഷമാണ് ഞാൻ ബൈക്ക് യു-ടേൺ എടുത്ത് നഗരത്തിലേക്ക് പ്രവേശിച്ചത്. രാമേട്ടൻ എപ്പോഴും ഉപദേശിക്കാറുണ്ട്. ആ സ്ഥലമൊരു അപകടം പിടിച്ച ജംഗ്ഷനാണ് യുടേൺ എടുക്കുമ്പോൾ ശ്രദ്ധിക്കണം, അല്ലെങ്കിൽ വല്ല ബസ്സിന്റെയോ ലോറിയുടേയോ അടിയിലേക്ക് തെറിച്ചു വീഴാൻ സാധ്യതയുണ്ട്. മഴയുണ്ടെങ്കിൽ പിന്നെ പറയുകയേ വേണ്ട, സൂക്ഷിക്കണം വിശ്വാ എന്ന് !

അന്നെന്തോ നല്ല മഴയുണ്ടായിരുന്നു. അതിനുശേഷം ഞങ്ങൾ തമ്മിൽ കണ്ടിട്ടില്ല. ഒന്നിടവിട്ട ദിവസങ്ങളിൽ രാമേട്ടൻ ഫോൺ ചെയ്യാറുള്ളതായിരുന്നു. അതു ഉണ്ടായില്ല. എന്തെങ്കിലും തെരക്കിൽപ്പെട്ട് മറന്നതാവും. അങ്ങനെ മറക്കുന്ന ആളല്ല. പക്ഷേ, എന്തുപറ്റിയെന്നറിയില്ല. വല്ല അസുഖവും ? ഞാൻ അങ്ങോട്ട് വിളിച്ചുനോക്കി, ഫോൺ സ്വിച്ച് ഓഫാണ് ! ഒന്നും അറിയാൻ കഴിയുന്നില്ല.

ഇടയ്ക്ക് രമേശും രഘുവും രമണി ടീച്ചറുമൊക്കെ എന്നെ കാണുമ്പോൾ രാമേട്ടനെക്കുറിച്ചന്വേഷിക്കും. ഞാനവരോടും തിരക്കും. ആർക്കും ഒരു വിവരവും ഇല്ല. ഒടുവിൽ ഞാൻ രാമേട്ടനെ അന്വേഷിച്ചുപോകാൻ തന്നെ തീരുമാനിച്ചു. രാമേട്ടൻ മുൻപുപറഞ്ഞ അടയാളങ്ങൾ വെച്ച് വഴി അന്വേഷിച്ചറിഞ്ഞ് ഞാൻ രാമേട്ടന്റെ വീട്ടിലെത്തി.

രാമേട്ടന്റെ സന്തതസഹചാരിയായ ആ സ്കൂട്ടർ വീടിനു സൈഡിലുള്ള ചായ്പയിൽ നിൽപ്പുണ്ട്. വെളിയിലാരേയും കാണാനില്ല. മുറ്റം നിറയെ നെല്ല് ഉണക്കാനിട്ടിട്ടുണ്ട്. രാമേട്ടന്റെ ചെരിപ്പ് പടിക്കെട്ടിനുതാഴെ കിടപ്പുണ്ട്. രാമേട്ടന്റെ സുൽത്താൻ എന്ന നായ എന്നെയൊന്ന് തലയുയർത്തി നോക്കി വീണ്ടും പഴയപടി ചുരുണ്ടുകൂടി കിടന്നു. രണ്ടുമൂന്നു കോഴികൾ നെല്ലുകൊത്തുന്നുണ്ടായിരുന്നു.

ഞാൻ കോളിംഗ് ബെല്ലിൽ വിരലമർത്തി. കുറച്ചുനേരം കാത്തു നിന്നിട്ടും ആരും പുറത്തേയ്ക്ക് വന്നില്ല. ഞാൻ പതുക്കെ സിറ്റൗട്ടിലേക്ക് കയറി. മുൻവാതിലിനോട് ചേർന്ന് നിന്ന് ശബ്ദം ഉയർത്തി വിളിച്ചു.

"ഹലോ രാമേട്ടാ, ഹലോ ഇവിടാരുംല്ലേ ?" ഉള്ളിൽ നിന്നും ശബ്ദമൊന്നും കേൾക്കുന്നില്ല. അപ്പോഴാണ് ശ്രദ്ധിച്ചത്, വാതിൽ വെറുതെ ചാരിവെച്ചിട്ടേയുള്ളു. ഞാൻ പതുക്കെ വാതിൽ തള്ളി. അത് മലർക്കേ തുറന്നു.

"ഹലോ രാമേട്ടാ, ഇവിടെയുണ്ടോ?" എന്നു ചോദിച്ചുകൊണ്ടേ ഞാനകത്തേക്ക് കടന്നു. മുൻവശത്തെ ഹാളിനോട് ചേർന്ന് കിടപ്പുമുറിയിലതാ രാമേട്ടനിരിക്കുന്നു ! വെളിയിലേക്കുള്ള ജനലിന്നഭിമുഖമായാണ് ഇരിക്കുന്നത്. മുന്നിലെ മേശപ്പുറത്ത് പുസ്തകങ്ങൾ അടുക്കും ചിട്ടയുമില്ലാതെ ചിതറിക്കിടക്കുന്നുണ്ട്.

രാമേട്ടൻ ഏതോ ഗഹനമായ ചിന്തയിലാണെന്നു തോന്നുന്നു. മേശപ്പുറത്തെ കടലാസിൽ ഇടയ്ക്കിടെ എന്തൊ കുത്തിക്കുറിക്കുന്നുണ്ട്. ഞാൻ ശബ്ദമുണ്ടാക്കാതെ രാമേട്ടന്റെ പിന്നിലെത്തി. അടുത്തു കിടക്കുന്ന ഒരു കസേര നിരക്കി ഞാനതിൽ ഇരുന്നു. രാമേട്ടൻ കണ്ണടച്ചിരിക്കുകയാണ്. കണ്ണുതുറക്കുമ്പോൾ എന്നെക്കണ്ട് അത്ഭുതം കൊണ്ട് ഹൃദയസ്തംഭനം വരെ ഉണ്ടായേക്കാം. ഞാനത് ഭാവനയിൽ കണ്ട് ഊറിച്ചിരിച്ചു.

അൽപം കഴിഞ്ഞ് രാമേട്ടൻ പതുക്കെ കണ്ണുകൾ തുറന്നു. മേശപ്പുറത്തെ നാഴികമണിയുടെ മുകളിലെ ഗോളത്തിൽ നിന്നും അവസാന മണൽത്തരിയും താഴെ ഗോളത്തിൽ വീണുകഴിഞ്ഞപ്പോൾ രാമേട്ടനത് എടുത്ത് മറിച്ചുവെച്ചു, ഇനി അടുത്ത നിമിഷം തുടങ്ങുകയായി. അതിനു ശേഷമാണ് രാമേട്ടൻ ഇടതുഭാഗത്തേക്ക് തിരിഞ്ഞതും എന്നെ കണ്ടതും.

"ഹല്ല ! ഇതാരിത്, വിശ്വനോ ? നീയിതെപ്പോ വന്നു ? എവിടെയായിരുന്നു നീ, ഇത്രേം നാൾ? നിന്റെ ഫോണെന്താ ചത്തോ? ഒരു ഇരുളുമില്ല വെളുവുമില്ല. എന്തുപറ്റി നിനക്ക് ? ഒന്നൊന്നര വർഷമായില്ലേ നമ്മള് കണ്ടിട്ട് ? ഞാനാ രഘുവിനോടും രമേശിനോടും രമണിയോടുമൊക്കെ ചോദിക്കാറുണ്ട്. ഇന്നാളൊരിക്കൽ ആ മുജീബും ചോദിച്ചു. ആർക്കും അറിയില്ല. എവിടെയായിരുന്നു നീ ? എവിടേക്കെങ്കിലും പോകുമ്പോ ഒന്നു പറഞ്ഞിട്ട് പോണ്ടെഡാ. ഇനി അന്വേഷിക്കാത്ത ഒരിടോം ല്ല്യ കഷ്ടം!"

ഞാൻ വെറുതെ ചിരിച്ചു കൊണ്ടിരുന്നു.

"ഓ, അതിനൊരു മാറ്റോം ഇല്ല. എന്തുപറഞ്ഞാലും ചിരി തന്നെ."

"നിങ്ങള് ആരോടാണ് മനുഷ്യാ ഈ കലഹിക്കുന്നത്? ങേ"

മുറിയിലേക്ക് കടന്നുവന്ന ഒരു തടിച്ച സ്ത്രീ രാമേട്ടനോട് കയർത്തു. രാമേട്ടന്റെ ഭാര്യയാവും !

"വല്ലതും എഴുത്വാണെങ്കി,

ശബ്ദമില്ലാതെ ഇരുന്ന് എഴുത്യാപ്പോരെ. ദെന്തിനാ പിച്ചും പേയും പറഞ്ഞോണ്ട് എഴുതണത് ? ഞാൻ വിചാരിച്ചു ഇനി മുറിലാരെങ്കിലും വന്നു കേറ്യോന്ന് ! വാതില് തുറന്ന് ആരും വരണത് കണ്ടൂംല്യാ, ദെന്താപ്പോ ?''

''അല്ല, നമ്മുടെ വിശ്വനേ...'' രാമേട്ടൻ നിന്നു ചിലമ്പി.

''ഏത് വിശ്വം ? ഓ, ആ നാടകത്തിന്റെ... എന്നിട്ടെവിടെ, പോയോ ?''

അവർ രാമേട്ടന്റെ ഇടതുഭാഗത്ത് കിടക്കുന്ന കസേര വലിച്ചിട്ട് അതിലിരുന്നു. രാമേട്ടൻ ഭാര്യയെ തുറിച്ചുനോക്കി. കണ്ണുകളടച്ച് തുറന്ന്, തലകുടഞ്ഞ് ഒന്നുകൂടി നോക്കി. ആ കസേരയിലാണ് ഇത്രനേരം വിശ്വം ഇരുന്നിരുന്നത്.

''എന്താ മനുഷ്യാ, ആദ്യമായിട്ട് കാണും പോലെ?''

''ഏയ് വിശ്വൻ...'

''എവിടെ ? പോയോ... ഞാൻ കണ്ടില്ലല്ലൊ. വന്നിട്ട് ഒരു ഗ്ലാസ് ചായ പോലും കൊടുത്തില്ല.''

രാമേട്ടൻ ഒന്നും മിണ്ടാതെ എഴുതിക്കൊണ്ടിരുന്ന കടലാസുകൾ ഓരോന്നായി നമ്പറിട്ട് ക്രമത്തിൽ അടുക്കിവെയ്ക്കാൻ തുടങ്ങി. നാഴികമണിയിലെ മണൽത്തരികൾ അപ്പോഴും ഒരു നിശ്ചിത താളത്തിൽ താഴോട്ട് ഊർന്നുവീണുകൊണ്ടേയിരുന്നു. •


പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

**തവണകളായും പണമടയ്ക്കാം.**


# വിൽക്കാനുണ്ട് അവാർഡുകൾ


**സജിത അനിൽ**
**9539786861**


**രാ**ത്രി മഴയിൽ നനഞ്ഞ ഭൂമിക്ക് പതിവിലേറെ സൗന്ദര്യമുള്ളതുപോലെ വിജയകൃഷ്ണന് തോന്നി.

''കുറേ നേരമായല്ലോ മുറ്റത്തേക്ക് നോക്കിയിരുപ്പ് തുടങ്ങീട്ട്. ഓഫീസിൽ പോകണ ലക്ഷണമൊന്നും കാണാനില്ലല്ലോ.'' അതും പറഞ്ഞുകൊണ്ട് ശ്രീദേവി സിറ്റൗട്ടിലേക്ക് വന്നു.

''പോകണം. ചായ...''

''ചായ വേണേൽ കിച്ചനിലേക്ക് വാ.''

ഇനിയും ഇവിടിരുന്നാൽ തന്റെ പ്രിയതമയ്ക്ക് അധികം അധരവ്യായാമം വേണ്ടിവരുമെന്ന് മനസ്സിലാക്കിയ വിജയകൃഷ്ണൻ കിച്ചനിലേക്ക് പോകാനായി എണീറ്റപ്പോൾ മൊബൈൽ റിംഗ് ചെയ്തു.

''ഹലോ വിജയകൃഷ്ണൻ മങ്ങാട്ട് പറമ്പിലാണോ ?''

''അതെ, ആരാണ് ?''

''ഞാൻ വിദ്യാപീഠം സാഹിത്യ ഗ്രൂപ്പിന്റെ സെക്രട്ടറി മൃദുല പ്രകാശ് ആണ്. താങ്കളെ ബാലാമണിയമ്മ മെമ്മോറിയൽ ട്രസ്റ്റിന്റെ മികച്ച കവിതാ രചയിതാവിനുള്ള അവാർഡിന് തെരഞ്ഞെടുത്ത വിവരം അറിയിക്കാൻ വിളിച്ചതാണ്.''

വിജയകൃഷ്ണൻ ആദ്യമൊന്നമ്പരന്നെങ്കിലും അവാർഡെന്ന് കേട്ടപ്പോ മനസ്സിലൊരഞ്ചാറ് ലഡ്ഡു പൊട്ടി. ''ഞാനാ ഗ്രൂപ്പിൽ ആക്ടീവല്ലല്ലോ മാഡം. ആകെക്കൂടി രണ്ടോ മൂന്നോ കഥകൾ പോസ്റ്റിയിട്ടുണ്ടാവും. ഇത് കവിതാ രചയിതാവിനുള്ള അവാർഡല്ലെ പിന്നെങ്ങനെ...? മികച്ച കവിതാ രചയിതാവിനല്ലെ നൽകേണ്ടത്...?''

''അതൊന്നും സാരമില്ല. ഇനി ഒരു കവിത എഴുതി പോസ്റ്റിയാൽ മതിയാവും. ഞങ്ങൾക്ക് ഒരു ചാരിറ്റബിൾ ട്രസ്റ്റ് കൂടിയുണ്ട് കേട്ടോ. അതിലേക്കെന്തെങ്കിലുമൊരു ചെറിയ സംഭാവന നൽകണം.''

''ചെറുതെന്ന് പറയുമ്പോ... അതെത്ര വരും...?''

''ഒരു 4000 രൂപ അത്ര തന്നെ...''

''ഉവ്വോ നോക്കട്ടെ ട്ടോ...'' അയാൾ മറുപടി പറഞ്ഞു. ഉടനെ ശ്രീകുമാർ മാഷിനെ ഒന്നു വിളിക്കണമെന്ന് തോന്നി. ഈ വിവരം അദ്ദേഹത്തെയുമൊന്നറിയിക്കാം. ഫോണെടുത്ത മാഷും സന്തോഷത്തിലായിരുന്നു. അദ്ദേഹത്തിനും കിട്ടിയത്രേ ഒന്ന്. അതാണ് സന്തോഷത്തിന്റെ കാര്യം. മാഷിനോടും പറഞ്ഞു 4000 രൂപേടെ ചാരിറ്റി ചെയ്യാൻ. പിന്നീട് വിജയകൃഷ്ണനും ശ്രീകുമാർ മാഷും ചേർന്ന് കുറച്ച് പേരേക്കൂടി വിളിച്ചു. അവർക്കെല്ലാം അവാർഡ് കിട്ടിയിരിക്കുന്നു.

4000 രൂപേടെ ചാരിറ്റി ചെയ്താൽ മതി. നല്ല ഒന്നാന്തരം അവാർഡ് റെഡി. അങ്ങ് തലസ്ഥാന നഗരിയിൽ വച്ചാണ് അവാർഡ് ദാനം. പ്രമുഖർ പങ്കെടുക്കുന്ന സദസ്സിൽ വച്ച് ഒരവാർഡ് സ്വീകരിക്കുക എന്നത് ചില്ലറക്കാര്യമാണോ! എന്തായാലും വിജയകൃഷ്ണനും തീരുമാനിച്ചു 4000 രൂപേടെ ചാരിറ്റി ചെയ്ത് ചുളുവിനൊരവാർഡ് നേടാൻ. നാടോടുമ്പോൾ നടുവെ ഓടണമല്ലോ. അതല്ലെ അതിന്റെ ഒരു ഇത്...

കുറച്ച് കഴിഞ്ഞപ്പോ വിജയകൃഷ്ണന്റെ ഫോണിൽ ഒരു കാൾ വന്നു. വീടിനടുത്ത് പലവ്യഞ്ജനക്കട നടത്തുന്ന ഖാദറിക്കയായിരുന്നു ഫോണിൽ.

''മോനെ വിജയാ. യ്യ് എനിക്കൊരു കവിത എയിതിത്തരണട്ടോ, മ്മടെ സുഹറേടെ ചെക്കൻ നജീബിന് മേണ്ടിയിട്ടാ. ഓൻ ഏതോ 'വാസപ്പ്' ഗ്രൂപ്പിലുണ്ടെന്ന്. അയിലെല്ലാർക്കും അവാർഡ് കൊട്ക്കണന്നറിഞ്ഞപ്പം തുടങ്ങീതാ ചെക്കൻ തൊള്ളയിട്ടാർക്കാൻ.''

വടക്കേലെ അബൂന്റെ ചെക്കൻ സലിമിന് കിട്ടിയത്രേ അവാർഡ്. 5000 കായ് കൊട്ക്കണം പോലും. എന്തോ ചാരിറ്റിക്ക് മേണ്ടീട്ടാണ് ഈ കായ് എന്ന് അയിന്റെ ആളുകൾ പറഞ്ഞുവത്രെ. കായ് എത്ര വേ

ണേലും മ്മള് കൊടുക്കാലോ... മ്മക്ക് അവാർഡ് കിട്ടിയാ മതി. യ്യ് ഇന്ന് തന്നെ കവിത എയ്തി നജീബിന്റെ പോണിലേക്ക് ആക്കിക്കൊടുക്കീൻ അനക്ക് അയിനുള്ള കായ് മ്മൾ തരാം.''

''കാശൊന്നും വേണ്ടിക്കാ. ഞാൻ എഴുതിത്തരാം.''

''നജീബിനെത്ര വയസ്സായി?''

''ഓന് പയിനേഴായി.''

''അതൊന്നും കൊയപ്പമില്ലെന്നാ ഓൻ പറഞ്ഞത്. പണ്ടൊരു പാകിസ്താനി പെങ്കൊച്ചിന് പയിനേഴ് വയസ്സുള്ളപ്പം എന്തോ മുന്തിയ അവാർഡ് കിട്ടീത്രേ മാലാകയെന്നോ എന്തോ ആണ് ഓൾടെ പേര്.''

''ഓ മലാല യൂസഫായ് അതാവും. അത് സമാധാനത്തിനുള്ള നോബൽ സമ്മാനമായിരുന്നു. ശ്രീ കൈലാഷ് സത്യാർത്ഥിയോടൊപ്പം 2014ൽ ലഭിച്ചു. അവർക്കപ്പോൾ 17 വയസ്സായിരുന്നു. അത് കാശ് കൊടുത്തിട്ടില്ല ഇക്കാ കിട്ടിയത്.'' വിജയകൃഷ്ണൻ ഖാദറിക്കയെ പറഞ്ഞു മനസ്സിലാക്കിപ്പിക്കാൻ ശ്രമിച്ചു.

''എന്തായാലും യ്യ് എയിതിത്താ. ചെക്കന് ഖുശിയാവട്ടെ...''

''ശരി ഇക്കാ. ഞാനെഴുതിത്തരാം കാശെനിക്ക് വേണ്ട.''

പക്ഷെ വിജയകൃഷ്ണൻ ഒന്നു തീരുമാനിച്ചു. ഈ അവാർഡെനിക്ക് വേണ്ട. ഞാനിനിയും എഴുതും. നല്ല രചനകൾക്ക് പരിശ്രമിക്കും. അതിനവാർഡ് കിട്ടുമെങ്കിൽ കിട്ടട്ടെ. അല്ലാതെ കാശ് നൽകി വാങ്ങുന്ന അവാർഡെനിക്ക് വേണ്ട. ഒരു നിമിഷമെങ്കിലുമാ അവാർഡിന് വേണ്ടി മോഹിച്ചതിൽ അയാൾ പശ്ചാത്തപിച്ചു. ഇവിടെ ബഷീറും തകഴിയും ആശാനും ഉള്ളൂരും വള്ളത്തോളും വയലാറുമൊക്കെ അവാർഡ് നേടിയത് അവരുടെ സർഗ്ഗാത്മകത കൊണ്ടാണ് അല്ലാതെ പണം കൊണ്ടല്ല.


ഖാദറിക്കയ്ക്ക് എഴുതി കൊടുക്കാമെന്ന് വാക്കു കൊടുത്തതിനാൽ വിജയകൃഷ്ണൻ കഥ എഴുതാനിരുന്നു. ആദ്യമേ ശീർഷകം നൽകി, 'വിൽക്കാനുണ്ട് അവാർഡുകൾ'. അന്നു രാവിലെ മുതൽ തനിക്കുണ്ടായ അനുഭവങ്ങൾ കുറച്ച് അതിശയോക്തി കലർത്തി എഴുതി. അയാൾ ചിന്തിച്ചു. ഒരുപക്ഷേ ഇതായിരിക്കും ഞാനെഴുതിയതിൽ വച്ചേറ്റവും മികച്ച രചന. പക്ഷേ ഇത് സലിമിന് കൊടുക്കണോ? അയാൾ മനസ്സിൽ ചോദിച്ചു. വേണ്ട ഇത്തരത്തിലൊരു കള്ളത്തരത്തിന് ഞാൻ കൂട്ടുനിൽക്കാൻ പാടില്ല. ഇത് ഏതെങ്കിലും പ്രമുഖ മാസികയിൽ പ്രസിദ്ധീകരിക്കാൻ പറ്റുമോന്ന് നോക്കണം. അതുവഴി അവാർഡിന്റെ അണിയറ ശിൽപികൾ കാണട്ടെയിത്. നാണം കെട്ട ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യാനുള്ള ധൈര്യം ഒരു സംഘടനയ്ക്കും ഇനി ഉണ്ടാകരുത്. ഇങ്ങനെ ചിന്തിച്ചുകൊണ്ടിരുന്നപ്പോഴാണ് വിജയകൃഷ്ണന്റെ ഫോൺ റിംഗ് ചെയ്തത്, നോക്കിയപ്പോ മൃദുല പ്രകാശാണ്.

''ഹലോ മിസ്റ്റർ വിജയകൃഷ്ണൻ അവാർഡിന്റെ കാര്യമെന്തായി ? താങ്കൾക്ക് വേണോ ?''

''വേണ്ട മാഡം എനിക്കിപ്പോ അവാർഡ് വേണ്ട. പകരം ഞാൻ മാഡത്തിനൊരവാർഡ് നൽകുന്നുണ്ട്. അത് വഴി മാഡം ഇനി ഏറെ പ്രശസ്തയാകും.'' മൃദുലക്ക് അയാൾ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായില്ല. പക്ഷേ വിജയകൃഷ്ണന്റെ ചുണ്ടിലാകട്ടെ ഒരു പുഞ്ചിരി വിടർന്നുനിന്നു.

■ കവിത

# മണ്ണിന്റെ മാറിൽ



ഇന്ദുജൻ
9567128513

ഭൂമിയിൽ ലയിച്ചിടാത്ത
വസ്തുവാണ് പ്ലാസ്റ്റിക്
ഭൂമിയാകെ മലിനമാക്കും
ശത്രുവാണ് പ്ലാസ്റ്റിക് !

എന്റെ ഭൂമിയെന്നുമെന്നും
രമ്യമായിത്തീരാൻ
കവിതപോലെ മലരുപോലെ
മധുരമായിത്തീരാൻ
പ്രകൃതിയും അതിൽ വിരിഞ്ഞ
മർത്ത്യരായ നമ്മൾ
ചിത്ത ശുദ്ധിയുള്ളവരായ്
തീർന്നിടേണം - നിത്യം.

ഭൂമിയുടെ ഉപ്പുപോലെ
നന്മചെയ്തുനിൽക്കാൻ
ഒത്തൊരുമിച്ചൊന്നുചേർന്ന്
പോരടിച്ചുനിൽക്കാം.

മാക്സിം ഗോർക്കി പണ്ടൊരിക്കൽ
പാടിയതു കേട്ടോ
മനുഷ്യനെന്നവാക്കു മാത്രം
സുന്ദരമാണെന്നും

പൃഥ്വിയിൽ വളർന്നുനിൽക്കും
ജീവജാലമെല്ലാം
എന്നുമെന്നും നമ്മളോ-
ടുരപ്പതിന്നു കേൾക്കൂ !


മണ്ണിൽ വീണുറങ്ങിയാലും
നന്മ കൈവിടല്ലേ
നന്മയുടെ തേനുറവ
നാവിലെന്നും വേണം.

നമ്മളേപ്പോലന്യരേയും
കൺതുറന്നു കാണൂ
കാഴ്ചകൾക്കുമപ്പുറത്തെ
കാഴ്ച നമ്മൾ കാണൂ !

ഭൂമിയാണ് വാനമാണ്
സൂര്യനാണ് ദൈവം
സൂര്യനില്ല മണ്ണിലെങ്കിൽ
ഒന്നുമില്ല നിത്യം

സത്യമെന്ന തേൻകുടത്തിൻ
ബിന്ദുവായിത്തീരാൻ
സ്നേഹനിർഭരമനസ്സി-
ന്നുടമയാകൂ നമ്മൾ !

# മാവ്



ചന്തിരൂർ താഹ
9567723235, 9846388422

**മ**രിച്ചുകിടന്ന ഞാൻ പതിയെ കണ്ണ് തുറന്ന് ചുറ്റിനുമൊന്ന് നോക്കി. കടമകൾ ചെയ്യേണ്ട പലരും സന്തോഷത്തിലാണ്. വേറെ ചിലർ ഓടിനടന്ന് എന്തൊക്കെയോ ചെയ്യുന്നുമുണ്ട്.

മുറിക്ക് പുറത്ത് ജനലിനടുത്ത് മക്കളും ചിലരും ചേർന്ന് എന്തോ തർക്കത്തിലാണ്. തെക്ക് വശത്തെ പൂത്ത് കായ്ച്ചുനിൽക്കുന്ന മൂവാണ്ടൻ മാവ് വെട്ടണമെന്ന് ചിലർ. അതിന്റെ ആവശ്യമില്ലെന്ന് മക്കൾ. വിദേശത്ത് മാത്രം കിട്ടാറുള്ള അപൂർവ്വ ഇനത്തിലുള്ള മാങ്ങയാണത്രെ അതിൽ ഉണ്ടാകുക. അതെന്തിന് വെട്ടി നശിപ്പിക്കണം.

ഇളയവൻ വാശിയിലാണെന്ന് തോന്നുന്നു. പാവം രജനി മാത്രം വലിയവായിൽ നിലവിളിക്കുന്നുണ്ട്. അവൾക്കെന്ത് ചെയ്യാൻ കഴിയും. ഇനി അവൾക്ക് മക്കളല്ലേ തുണയുള്ളു. ജനലിലൂടെ അവന്റെ ശബ്ദം ഒഴുകിയിറങ്ങി. വിശാലമായ ഇലക്ട്രിക്ക് ശ്മശാനം നീണ്ടുനിവർന്ന് കൊതിയോടെ ദാഹം മൂത്ത് കിടന്നു.

ഞാനിവർക്കൊക്കെ ആരായിരുന്നു എന്ന പുതിയ അറിവിൽ... പതിയെ കണ്ണുകൾ അടച്ചു.

# സംഗതി ക്ലാസ്സ്



തുളസി കേരളശ്ശേരി
9526144499

''**ഗാ**ന്ധി പുനർജ്ജനിച്ചാൽ ? സങ്കൽപ്പിച്ചെഴുതൂ...'' അദ്ധ്യാപകൻ ചോദ്യമെറിഞ്ഞു.

''എന്തിനാ പാവത്തിനെ വെറുതെ...'' എന്നൊരുത്തൻ ആത്മഗതമോതി.

''ഞാനെന്തു ചെയ്യുമെന്നാണോ... രാജ്യമെന്തു ചെയ്യുമെന്നാണോ എഴുതേണ്ടത് ?'' മനാഫ് സംശയമുന്നയിച്ചു.

''എന്തുമാവാം. നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച്'' എന്ന വിശദീകരണം വന്നതും കുട്ടികൾ എഴുതിത്തുടങ്ങി.

''എപ്പൊ എഴുതീന്നു ചോച്ചാമതി എന്റെ ദേ കഴിഞ്ഞു...'' നിമിഷങ്ങൾക്കകം സെബാസ്റ്റ്യന് നോട്ടുബുക്കുയർത്തിക്കൊണ്ട് പറഞ്ഞു.

''മിടുക്കൻ'' എന്നഭിനന്ദിച്ച് ടീച്ചർ വായിക്കാനാരംഭിച്ചതും ശബ്ദം തൊണ്ടക്കുഴിയിൽ കുരുങ്ങിയതും ഒപ്പമായിരുന്നു.

'ഗാന്ധിജി പുനർജ്ജനിച്ചാൽ ന്റെ അപ്പച്ചന്റെ പുതിയ ബാറിന്റെ ഉൽഘാടനം അങ്ങേരെക്കൊണ്ട് ചെയ്യിക്കണം. മൂപ്പർക്ക് മുടിഞ്ഞ ഇമേജല്ലേ... വേണമെങ്കിൽ രഘുപതിരാഘവ ന്യൂവേർഷൻ ബാക്ഗ്രൗണ്ടിലിടുകയുമാവാം. സംഗതി ക്ലാസ്സാവും.'



കഥ

# യോഗം

സുരേഷ് തെക്കീട്ടിൽ
9446330957

**അ**ല്ല, പണ്ടറക്കൽത്തെടി താമുണ്ണിനമ്പ്യാർ എന്നു കേട്ടുകാണും. കേൾക്കാതിരിക്കാൻ തരമില്ല. ഉണ്ടാവും ഉറപ്പ്. പ്രമാണിയായിരുന്നു. എന്റെ അച്ഛനാ. മൂപ്പർക്ക് ഞങ്ങൾ നാല് മക്കൾ. മൂത്തത് പത്മനാഭൻ. ഞങ്ങൾ പപ്പേട്ടൻ എന്നുവിളിക്കും. നാട്ടിലെ ചില കുരുത്തം കെട്ടവർ ചേനപപ്പൻ മൊട്ടപപ്പൻ എന്നൊക്കെ വിളിക്കും. അലവലാതികൾ. അതുപോട്ടെ അതൊന്നുമല്ല ഇപ്പോൾ അവിടെ വിഷയം. അതിലേക്ക് വരാം. പപ്പേട്ടൻ വളരെ നേരത്തെ വിവാഹം കഴിച്ചു എങ്കിലും കുട്ടികളില്ല. പപ്പേട്ടന്റെ നേരെ താഴെയുള്ള കൃഷ്ണദാസൻ എന്ന ദാസേട്ടൻ വിവാഹം കഴിക്കാൻ സമ്മതിക്കാത്തതിനാൽ അങ്ങേർക്കും കുട്ടികളില്ല. മൂന്നാമനായ എന്റെ താഴെയുള്ള ഞങ്ങളുടെ ഏക പെങ്ങൾ ദേവയാനിയുടെ കല്യാണം നേരത്തെ കഴിഞ്ഞുവെങ്കിലും അവൾക്കും കുട്ടികളില്ല. മക്കളെ കൊണ്ട് അനുഭവിക്കാൻ ഒരു യോഗം വേണം എനിക്കതില്ല, ദേവയാനിക്കും അതില്ല. പപ്പേട്ടൻ എത്രയോ തവണ സങ്കടത്തോടെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒടുവിൽ ഞാൻ വിവാഹിതനാവുകയും എനിക്ക് ഒരു പുത്രൻ ജനിക്കുകയും ചെയ്തപ്പോൾ വീടാകെ ആഘോഷം. കുടുംബമാകെ സന്തോഷം. അതിൽ അത്ഭുതപ്പെടാനൊന്നുമുണ്ടെന്നല്ല കേട്ടോ. അതങ്ങനെയല്ലേ വരൂ. പറഞ്ഞെന്നു മാത്രം.

എന്റെ പൊന്നുമകൻ പതിനെട്ടുവയസ്സു തികയുമ്പോഴേക്ക് ഉണ്ടാക്കിയത് നാല് പെൺകേസും അഞ്ച് പോലീസ് കേസും. സാരോപദേശത്തിന് ചെന്ന പപ്പേട്ടന്റെ മൊട്ടത്തല അടിച്ചുപൊളിച്ചതും കരുവാരക്കുണ്ടിൽ നിന്നും വിരുന്നുപാർക്കാനെത്തിയ വകയിലെ കാർത്ത്യായനി വല്യമ്മായിയുടെ പേഴ്സ് അടിച്ചുമാറ്റിയതും ഉൾപ്പടെ ഞങ്ങൾ എല്ലാവരും ചേർന്ന് പുറം ലോകമറിയാതെ ഒതുക്കിയ കേസുകൾ വേറേയും.

ഒറ്റനോട്ടത്തിൽ അങ്ങോട്ടോ ഇങ്ങോട്ടോ തിരിഞ്ഞുനിൽക്കുന്നത് എന്നറിയാൻ കഴിയാത്ത എന്റെ ചെക്കനെ നോക്കി ദേവയാനി പിറുപിറുത്തത് ഞാൻ വ്യക്തമായി കേട്ടു. ദൈവാദീനം സന്താനഭാഗ്യം തരാത്തതിൽ സന്തോഷം. ആൺകുട്ടിയെ തന്നിരുന്നെങ്കിൽ ഈ ലക്ഷണം കെട്ട ചെക്കന്റെ കൂട്ടുകൂടി അവനും നശിച്ചുപോയേനേ. പെൺകുട്ടിയെ ആണ് തന്നിരുന്നെങ്കിൽ ഈ ചെക്കന് ലോകത്ത് നിന്നൊന്നും പെണ്ണ് കിട്ടാഞ്ഞ് എന്റെ കുട്ടിയെ ചോദിച്ചേനേ.

വാശി പിടിച്ചും ഭീഷണി മുഴക്കിയും ഒടുവിൽ ഗതികെട്ട് ഞാനവന് ലോൺ എടുത്ത് വാങ്ങിക്കൊടുത്ത എന്തൊക്കെയോ കോലത്തിലുള്ള ബൈക്കിൽ ചെക്കൻ രാവിലെ കുതിച്ചുപോയാൽ നട്ടപ്പാതിരയ്ക്ക് തിരിച്ചുവരുന്നതുവരെ ഞാനും ഷുഗറും പ്രഷറുമുള്ള എന്റെ പത്മാവതിയും തിന്നുന്നത് ചോറും ചപ്പാത്തിയുമൊന്നുമല്ല തീയാ തീയ്. ഇന്നലെ കാലത്ത് ചെക്കന്റെ പോക്ക് കണ്ട പപ്പേട്ടൻ സങ്കടത്തോടെ പറഞ്ഞു, ''മണിയേ മക്കളെ കൊണ്ട് അനുഭവിക്കാൻ ഒരു യോഗം വേണം. നമ്മടെ കുടുംബത്തില് അത് നിനക്കാ.''

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

മുരളി സാറിന്,

ഏക തത്ത്വ ജൂലായ് ലക്കം കിട്ടി. താങ്കളുടെ മുഖമൊഴി – 'എനിക്ക് പറയാനുള്ളത്' അതാണ് ഞാനാദ്യം വായിക്കുന്നത്. ഇക്കുറി താങ്കൾ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ എത്ര അർത്ഥവത്താണ്. താഴ്ന്ന ജാതിക്കാരനെ വീട്ടിൽ കയറ്റില്ല എന്നു തുടങ്ങി വല്യമ്മ ശയ്യാവലംബിയായപ്പോൾ അവരും മനുഷ്യരല്ലേ എന്നു ചോദിക്കുന്നു. സത്യം. ഇതാണ് നാട്ടുനടപ്പ് പക്ഷെ ആരും പറയില്ല. എല്ലാം എല്ലാവർക്കുമറിയാം ആരും പറയില്ല. രാഷ്ട്രീയ നേതാക്കൾ ഒരു സ്ഥാനത്തെത്തിയാൽ പിന്നെ അവർ ചത്തൊഴിയുന്നതുവരെ അവർ തന്നെ. മറ്റുള്ളവരെ അടുപ്പിക്കില്ല. നാലാളിന്റെ സഹായത്താൽ സഞ്ചരിക്കുന്ന അവസ്ഥയിലും കണ്ണ് അധികാരസ്ഥാനങ്ങളിൽ തന്നെ. നമ്മുടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ആ കാര്യത്തിൽ ഒന്നുതന്നെ. അപ്പുറം, ഇപ്പുറം ചാടി ജനങ്ങളെ കബളിപ്പിച്ച് എന്നും ഈ പ്രതിനിധികളായി വിലസുന്നവർ വേറെ. ജീവിതത്തിന് താങ്കൾ കൊടുത്ത നിർവചനം – ഉദാഹരണം എത്ര മഹത്തരം. അമ്യൂസ്മെന്റ് പാർക്കിൽ ടിക്കറ്റെടുത്ത് കാണാൻ കേറി ഒടുക്കം സമയം തീരുന്നതുവരെ ഓടിനടന്നു കാണുന്നു. പിന്നെ ഒരിക്കൽ കൂടി വരണമെന്ന മോഹം തന്നെ. ശരിയാണ്. താങ്കളുടെ ഉദാഹരണം എത്ര അനുയോജ്യം. നമ്മുടെ സമൂഹം എന്നാണിനി മാറുക...

ഇനി രചനകൾ കഥകളും, കവിതകളും, ലേഖനവും, അനുഭവവും എല്ലാം കൊണ്ടും ഭദ്രം. കഥകൾ എല്ലാം കഥാരംഗത്ത് ശോഭിക്കുന്നവരുടെ, കവിതകൾ അതും നല്ല രചനകൾ. മോഹം ക്യാപ്സ്യൂൾ കഥ താങ്കൾ എഴുതിയതുകൊണ്ട് പറയുകയല്ല. സത്യമാണ് താങ്കൾ കുറിച്ചത്. ആരോഗ്യമുള്ള കാലത്ത് ആത്മഹത്യ ചെയ്യാൻ തയ്യാറാകും പക്ഷെ മരണമടുത്തെത്തിയെന്ന തിരിച്ചറിവ് മനുഷ്യനെ ദുർബലനാക്കും സത്യം. നൂറുശതമാനം സത്യം. എല്ലാ രചനകളും വായിച്ചെങ്കിലും ഒന്നും കൂടുതൽ എഴുതുന്നില്ല. എഴുതിയാൽ തീരില്ല. മുഹമ്മദ് കനിയുടെ അനുഭവം സെക്കന്റ് ഷോ – ആ കാലഘട്ടത്തിൽ ഏതാണ്ടെല്ലാ കുട്ടികൾക്കും പരിചിതമായ ഒന്നുതന്നെ. ഗംഭീരമായിരിക്കുന്നു ഇക്കുറി. എല്ലാവിധ അഭിനന്ദനങ്ങളും അറിയിച്ചുകൊള്ളുന്നു.

ടി. വി. ഹരികുമാർ
9446118387

അഭിനന്ദനങ്ങൾ

2018 ജൂൺ മാസത്തിലെ ലക്കത്തിൽ അശോകൻ രാജീവം എഴുതിയ അപരിചിതം എന്ന ചെറുകഥ വായനക്കാരുടെ ഹൃദയഭിത്തികളിൽ നിന്നും സങ്കടത്തിന്റെ പെരുമഴയായി വർഷിക്കുന്നതായി. അവതരണത്തിലും ഭാഷാശൈലിയുടെ വ്യത്യസ്തതകൊണ്ടും മനോഹരമായി. അനന്തപത്നാഭൻ സ്വന്തം കൂടപ്പിറപ്പായി കരുതിയിരുന്ന ഉമ്മാച്ചുവിനേയും താങ്ങും തണലുമായി സ്വകൂടപ്പിറപ്പായി എന്നും നിന്നിരുന്ന അനന്തപത്മനാഭനേയും ഓരോ കുടുംബത്തിലേയും പൂർവ്വകാലത്തിലേയ്ക്കുള്ള എത്തിനോട്ട വാതായനവുമായി ചിത്രീകരിച്ചിരിക്കുന്നു. 'അഭിനന്ദനങ്ങൾ' അശോകൻ രാജീവം അർഹിക്കുന്നു. പ്രസിദ്ധീകരിച്ച ഏക തത്ത്വ അണിയറ ശില്പികൾക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

എ. രാമകൃഷ്ണൻ
ചിറ്റിലഞ്ചേരി

സാർ,

ഏക തത്ത്വ ജൂലൈ ലക്കം കൈപ്പറ്റി. നന്ദി. 'ഒന്നും ഇന്നും ഇന്നലേയും ഉണ്ടായതല്ല' എന്ന എഡിറ്റോറിയലിന് പൂർണ്ണമായും യോജിച്ച മുഖചിത്രം. അത്യന്തം നന്നായിരിക്കുന്നു. മുഖചിത്രത്തെപ്പറ്റി എത്ര പുകഴ്ത്തിയാലും മതിയാവില്ല. ഈ മുഖചിത്രവും അതിനടിയിലെ വാചകവും മാത്രം മതി പതിനായിരം വാചകങ്ങളുടെ ശക്തിക്കുപകരം ആയിരിക്കാൻ. എന്തായാലും ആശയത്തിനൊത്ത വിധം മുഖചിത്രം പ്രസിദ്ധീകരിച്ച പത്രാധിപർക്കും ഫോട്ടോഗ്രാഫർക്കും അഭിനന്ദനം. പതിവുപോലെത്തന്നെ എഡിറ്റോറിയൽ ശക്തം. മറ്റു രചനകളും ഒന്നിനോടൊന്ന് മികച്ചവ തന്നെ. 'സ്വർഗ്ഗത്തിലും കുറ്റം പറയുന്നവർ' എന്ന ലേഖനം കാലിക പ്രസക്തിയുള്ളതാണ്. ദൈനംദിന ജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ് പി. ആർ. ജോസെന്ന എഴുത്തുകാരന്റെ തൂലികയിലൂടെ ഉതിർന്നുവീണത്. ഏക തത്ത്വയുടെ എഴുത്തുകാർക്കും അണിയറപ്രവർത്തകർക്കും അഭിനന്ദനവും പ്രാർത്ഥനയും.

ജോസ് ചാലക്കൽ
എഡിറ്റർ, അഭിപ്രായം മാസിക.

പ്രിയപ്പെട്ട പത്രാധിപർക്ക്,

'ഏക തത്ത്വ'യുടെ ജൂലൈ ലക്കം കിട്ടി. വായിച്ചു. ലേഖനങ്ങൾ പലതും കാലികപ്രസക്തിയുള്ളതും ചിന്തോദ്ദീപകവുമാണ്. സൈനുദീൻ മുണ്ടക്കയത്തിന്റെ 'പുതുച്ചൊല്ലുകൾ' ആലോചനാമൃതം തന്നെ. കവിതകൾ പലതും 'കാവ്യം' എന്ന ഗണത്തിൽ പെടുത്താനാവാത്തവയാണെന്ന് പറയാതെ വയ്യ. ഗദ്യകവിതയുടെ ഗണത്തിൽപ്പെടുത്താവുന്നവയാണ് പലതും. ഛന്ദോബദ്ധമായവയിലെ താളഭംഗവും മാത്രാവ്യത്യാസവും വായനയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. എടത്തറ ജയന്റെ മേഘം എന്ന കവിതയിൽ പല വരികളിലും വൃത്തഭംഗമുണ്ട്. ശ്ലഥകാകളിയിൽ രചിക്കാനുദ്യമിച്ചതെന്ന് വ്യക്തം. അഞ്ചാമത്തെ വരിയിൽ കൈരളി എന്ന പദം കൊണ്ട് കേരളം എന്നാണ് കവി ഉദ്ദേശിച്ചതെന്ന് തോന്നുന്നു. കൈരളി എന്നാൽ മലയാള ഭാഷയെന്നാണർത്ഥം; കേരളമെന്നർത്ഥമില്ല. 17, 18 വരികളിലെ നിങ്ങൾ എന്ന പ്രയോഗം ഒഴിവാക്കേണ്ടത് തന്നെ. പ്രതിഭ അംബാടിയുടെ നിഴൽപ്പാടുകൾ എന്ന കവിതയിലും ഇത്തരത്തിൽ ഒഴിവാക്കേണ്ട പദങ്ങളുണ്ട്. 'ഏക തത്ത്വ'യിലെ എല്ലാ വിഭവങ്ങളും കൂടുതൽ രുചിപ്രദമാകണം എന്ന ആഗ്രഹമാണ് ഈ കുറിപ്പിനാധാരം.

വിജയൻ കല്ലട
9605407260, 0494 2405580

## ■ കത്തുകൾ

മുണ്ടക്കയത്തുള്ള
സൈനുദീൻ സാറിന്റെ
മുണ്ടെന്ന കവിത ഞാൻ കണ്ടു.
മുണ്ടിന്റെ വേഷപ്പകർച്ചകളെല്ലാ-
മുണ്ടതിൽ സന്തോഷമുണ്ട്.

പണ്ടൊക്കെ നിക്കറിട്ടിട്ടതിൻ മീതെ
മുണ്ടുടുക്കുന്ന നാം കണ്ടു.
ഇന്നൊക്കെ മുണ്ടഴിച്ചിട്ടിട്ട്
നിക്കറിട്ടതിൽ കുണ്ഠിതമുണ്ട്.

ഏക തത്ത്വയും ശ്രീ. മുരളി സാറിനും അഭിനന്ദനങ്ങൾ.

മംഗളൻ തൈക്കൽ
9495493153

പ്രിയപ്പെട്ട ഏക തത്ത്വക്ക്

ഏക തത്ത്വയുടെ പുതിയ വായനക്കാരനാണ് ഞാൻ നല്ല വായനാനുഭവത്തെ പ്രദാനം ചെയ്യുന്ന പാലക്കാട്ടെ മാസിക വളരട്ടെ !

വാസന്തി മോഹന്റേയും വള്ളിച്ചിറയുടേയും കവിതകൾ അർത്ഥവത്തായി. ഉന്മാദം എന്ന കവിത കൊണ്ട് എഴുതുകാരൻ ഉദ്ദേശിച്ചത് മനസ്സിലായില്ല.

ലൗകികമായ ഇഷ്ടങ്ങൾക്കപ്പുറം അലൗകികമായ സ്നേഹം പങ്കുവയ്ക്കാൻ കഴിയാത്ത നവസമൂഹത്തിന്റെ ആത്മ സംഘർഷം വെളിപ്പെടുത്തുന്ന ശ്രീ പ്രഭ വർമയുടെ മനോഹരമായ വരികൾ എനിക്കോർമ്മവന്നു:

*നേരിത് കഴിയുന്നീലാ*
*എനിക്ക് സ്നേഹിക്കുവാൻ*
*ഓമനേ നിന്നെ തൊട്ട വിരൽ*
*പിൻ വലിക്കട്ടെ*
*ഞാനിനി മറന്നാലും ഒരു*
*നോട്ടത്താൽ പതിനായിരം*
*ചുറ്റമ്പല വിളക്കു*
*കൊളുത്തിയതാണ് ഞാൻ*
*ഒരിക്കലാ നിനവെമ്പാടും*
*പക്ഷെ...*
*ഇഷ്ടമാണ് നിന്നിതൾ കണ്ണുകൾ*
*അതിൽ പിടഞ്ഞുണരും*
*കുതൂഹലപിണക്കങ്ങൾ*
*ഇഷ്ടമാണ് നിൻ തളിർച്ചുണ്ടുകൾ*
*അതിൽ ചിറകൊതുക്കി തുടിക്കുന്ന*
*പുഞ്ചിരി കിലുക്കങ്ങൾ*
*സ്നേഹമേ*
*പ്രിയപ്പെട്ട സ്നേഹമേ വിട*
*കഴിയുന്നീല എനിക്ക്*
*സ്നേഹിക്കുവാൻ !*

സാഹിത്യ രചന സാംസ്കാരികമായി നമ്മെ വിമലീകരിക്കുന്നതും ചിന്തിപ്പിക്കുന്നതും ആകണം. അത്തരം രചനകൾ പ്രസിദ്ധീകരിക്കാൻ അപേക്ഷിക്കുന്നു.

വാസുദേവൻ, പാലക്കാട്

ശ്രീ. ടി. വി. ഹരികുമാർ സർ,

'ഭൂമിയിലുള്ള സകല ജീവജാലങ്ങളേയും പകലറിയിക്കുന്ന സൂര്യനെന്നപോലെ അനുദിനം ഗൃഹത്തിലെ ഓരോ അംഗത്തേയും ഉണർത്തുന്ന അമ്മ' ഈ ചിന്തയാണ് ആ വരികൾ എഴുതാൻ എനിക്ക് പ്രേരകമായത്. എങ്കിലും കവിതയിലെ വരികളെ ശ്രദ്ധാപൂർവ്വം അവലോകനം ചെയ്യുകയും കനിവോടെ നിർദേശം നൽകുകയും ചെയ്തതിനു വളരെ നന്ദി.

നന്ദിപൂർവ്വം,
അജയ് ബാലചന്ദ്രൻ

മുരളിസാർ

ജൂൺ മാസത്തെ ഏകതത്ത്വയിൽ പ്രസിദ്ധീകരിച്ച ശ്രീ മുക്കം ഭാസി സാറിന്റെ സ്മരണകൾ അന്നത്തെ കലാകാരന്മാരുടെ സാമൂഹ്യ പ്രതിബദ്ധതയും തുറന്ന മനസ്സും ചങ്കൂറ്റവും വെളിപ്പെടുത്തുന്നു. ഇന്നത്തെ പോലെ കൊല വിളിക്കുന്നവർ തുലോം കുറവാണെന്നും തോന്നുന്നു !

പുനർജ്ജനിയുടെ വാർത്തയിൽ വന്ന ആർ കെ വള്ളിച്ചിറ സാറിന്റെ കവിതയും ഹൃദ്യമായി. പായിപ്ര സാറിന്റെ കവിത ഡയറിക്കുറിപ്പുപോലെ തോന്നി.


ജൂലൈ ലക്കം ഒന്നിനൊന്നു മെച്ചം. യാത്ര വിവരണം, നിപ്പ വൈറസ് ലേഖനം, പുതുചൊല്ലുകൾ, അനുഭവം എല്ലാം എടുത്തു പറയേണ്ടവ തന്നെ!

ഏകതത്വക്കു അഭിനന്ദനങ്ങൾ. പുതിയ വിഭവങ്ങൾക്കായി കാത്തിരിക്കുന്നു.

വിലാസിനി, പാലക്കാട്

■ കഥ

# സഞ്ചാരി



ഉല്ലല ബാബു
9645267545, 9349793355

**അ**യാൾ ഒരു സഞ്ചാരി ആയിരുന്നു. പല വിദേശ രാജ്യങ്ങൾ സഞ്ചരിച്ചു. അപ്പോഴൊക്കെ ഭാര്യയും ഉണ്ടാകും. അവർ ഒന്നിച്ചായിരുന്നു യാത്ര. പക്ഷെ കുറച്ചുനാളുകളായി പല പല യന്ത്രങ്ങൾ ഘടിപ്പിച്ച് അയാൾ ആശുപത്രിയിലാണ്. അങ്ങനെയിരിക്കെ ഒരുദിവസം അയാൾ ചോദിച്ചു: "നീയും പോരുന്നോ?

അവൾ ഒന്നും മിണ്ടിയില്ല. അയാൾ അവളുടെ കൈത്തണ്ടയിൽ പിടിച്ചു. അവൾ ആ കൈ എടുത്തുമാറ്റി.

"ഞാനെങ്ങനെയാ തനിച്ചുപോകുന്നത്. നീയും കൂടി വരിക." നേർത്ത സ്വരത്തിൽ അയാൾ കെഞ്ചി.

"ഇപ്പൊ ഏതൊക്കെ ആയാലും ഞാനില്ല. തനിച്ചുപോയാൽ മതി." അവൾ പിറുപിറുത്തു. അത് കേൾക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അയാളുടെ ഹൃദയത്തിൽ നിന്നും ഒരു കറുത്ത പക്ഷി പറന്നുപോയി.

# ഉഴുതുണ്ണുന്നവരെ തൊഴുതുണ്ണുന്നവർ രാജാവായി



**എടത്തറ ജയൻ**
**9446033861**

വിയർപ്പൊഴുക്കി മണ്ണിലോ പണിയെടുത്ത മർത്ത്യനെ
വിലക്കി നിർത്തി ദൂരെയാ വിചിത്രമാം പ്രവർത്തികൾ
വിളക്കുവെച്ച നേരമേ കവർന്നെടുത്ത തന്ത്രവും
വിശുദ്ധിയാർന്ന മർത്ത്യതയ്ക്കറിഞ്ഞതില്ലിതേവരെ.

വരുന്നിതാ വിളവെടുത്തളന്നിടും ദിനങ്ങളിൽ
വരുന്ന വാണിഭത്തിനായിരുവരെന്ന പോലവേ,
കരത്തിലുള്ള ചാക്കുമായിരുന്നവർ പടിയ്ക്കലായ്-
കരയ്ക്കതെപ്പുറത്തതുള്ള നാട്ടിൽ വന്നതിഥികൾ.

തരേണമിന്നൊരല്പമേ കുറച്ചു കഞ്ഞിമോന്തുവാൻ
വരേണമെന്നൊരല്പവും നിരീച്ചതില്ല ഞങ്ങളും.
വരേണ്യനായൊരീശ്വരൻ തരുന്നതില്ല തെല്ലുമേ
വരേണ്യനായ നിങ്ങളെങ്കിലല്പവും തരേണമെ.

വിശുദ്ധനായ കാരണവൻ വീടണയാനെത്തവേ
വിലാപമായിരുന്നിടുന്നു രണ്ടുപേർ പടിയ്ക്കലായ്
വിലോലമായ കൈകളാൽ തൊഴുതുകൊണ്ടിരുവരും
വിലയ്ക്കു വാങ്ങുവാനതായ് വിധത്തിലില്ലൊരു വഴി.

വരുന്നിതാ വിദൂരതയിലില്ലിയാൽ ഗൃഹത്തിലെ
വിരുന്നുകാരരല്ലിതു വിശന്നിടുന്ന മർത്ത്യത
വിളവെടുത്തു നിങ്ങളോ വസിച്ചിടുന്നു സൗഖ്യമായ്
വിളവതില്ല ഞങ്ങളോ മരിച്ചിടും ദിനേ ദിനേ.

വിശപ്പടക്കി നിന്ന നേരമല്പമായ് മൊഴിഞ്ഞവർ
വിശപ്പു കൊണ്ടിരിപ്പതാണ് വീടിനുള്ളിലുള്ളവർ
വിധേയനായ ദേവനല്പമേകണം കനിവിനാൽ
വിനാശമായിടാതെ ഞങ്ങളല്പമേ വസിയ്ക്കുവാൻ.

ദയാലുവായ മാനവൻ കൊടുത്തു നെല്ലിരുപറ
ദയാലുവിന്റെ കാലിലായ് കരഞ്ഞുവീണു വീണ്ടുമേ
ദയാരഹിതരായി ഞങ്ങൾ നാലുമാസമെങ്ങിനെ
ദയായൊരല്പമെങ്കിലുമതിന്നിനി കനിയണം.

ഒഴിഞ്ഞതില്ല തെല്ലുമേ കുറഞ്ഞു ദാനമെന്നതാൽ
ഒഴിച്ചിടുന്നതിന്നതായിരട്ടി നെല്ലു നൽകിയും
ഒഴിച്ചുവിട്ട ബാധയോ തിരിച്ചടുത്ത പൂവ്വലിൽ
ഒഴിഞ്ഞതില്ല ബാധയായ് തുടർന്നു വീണ്ടുമാവഴി.

തുടർന്നു വന്ന നാളിലായ് മൊഴിഞ്ഞുവേറെ തന്ത്രമായ്
അടർന്നു പോയി ഞങ്ങളിൽ ലഭിച്ച പാതി നെല്ലുമേ,
പടർന്ന രാജഭക്തിയാൽ കൊടുത്തു പാതി നെല്ലതും
തുടർന്നു നിങ്ങൾ നൽകണം തരുന്നതിന്നിരട്ടിയായ്.


അളന്നുവെച്ച നെല്ലതന്നു ചാക്കിലായ നേരവും
അറിഞ്ഞിടാത്ത തന്ത്രമായ് തൊടുത്തു വേറെയാ ശരം
അറിഞ്ഞുകൊൾക ഞങ്ങളേറെ ശക്തരല്ലിതേറ്റുവാൻ
അറിഞ്ഞുകൊണ്ടു നിങ്ങളാലെയെത്തുകിൽ ഗുണകരം.

കുറുമ്പ നീയതേറ്റിയങ്ങവർക്കതെത്തി നൽകുക
കുറഞ്ഞനേരമല്പമങ്ങതിന്നതായി വെയ്ക്കുക
കുറച്ചു ധാന്യമങ്ങു പന്നി തിന്നതാം കണക്കിലും
കുറച്ചു നെല്ലവർക്കതങ്ങു പോയിടട്ടെ, പോട്ടതും.

വരുന്നു പിന്നെ ദേവനായ് കരം പിരിച്ചളക്കുവാൻ
വരുന്നു പിന്നെ കോട്ടകൾ കരം പിരിച്ചുകൂട്ടുവാൻ
വരുന്നു പിന്നെ കാര്യേക്കാരാ കൂട്ടമായ്
പിരിയ്ക്കുവാൻ
വരുന്നു പിന്നെ സേനകൾ പിരുവു ശക്തിയാക്കുവാൻ.

ഇരന്നു വാങ്ങിയന്നു വീട്ടിൽ നിന്നിറങ്ങി പോയവർ
തുരന്നു വാങ്ങുവാൻ തുനിഞ്ഞു കാലമേറെ കഷ്ടമായ്
വരുന്നു പിന്നെ വാരണമായ് പാട്ടമായ് പിരിയ്ക്കുവാൻ
പരശുരാമനാൽ കൊടുത്ത ഭൂമിയെന്ന പേരിനാൽ.

## ഉപ്പ് മാഹാത്മ്യം



**ഭാസ്ക്കരൻ പൂവത്തിങ്കൽ**
**0466 2230274**

**അ**ണുകുടുംബത്തിൽ അത്താഴം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അച്ഛൻ പറഞ്ഞു: "കറികളിലെല്ലാം ഉപ്പ് കൂടുതലാണ്. എന്റെയും അമ്മയുടേയും പ്രഷർ കൂടും."

മരുമകൾ : "ഉപ്പു കുറഞ്ഞാൽ എന്റെ പ്രഷർ കുറയും."

മകൻ : "ഉപ്പ് മിതമായാൽ എന്റെ പ്രഷർ മാറ്റമില്ലാതെ നിലനില്ക്കും."



ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

# പറങ്കിമാങ്ങ

**രാ**മൻകുട്ടി കാറോടിച്ചു പോകുമ്പോൾ റോഡിൽ ഇരുവശത്തും പഴങ്ങൾ വിൽക്കുന്ന ഉന്തുവണ്ടിക്കാരെ കണ്ടു. അയാൾ അതിലേക്ക് ശ്രദ്ധിച്ചപ്പോഴാണ് ഒരു ഉന്തുവണ്ടി നിറയെ പറങ്കിമാങ്ങ കണ്ടത്. മനസ്സിൽ കുട്ടിക്കാലം ഓർമ്മവന്നു. അയാൾ കാറുനിർത്തി വണ്ടിക്കാരനെ വിളിച്ച് വില ചോദിച്ചു. ഒന്നിന് അമ്പത് ഉറുപ്പികയാണ് എന്നറിഞ്ഞപ്പോൾ ദേഷ്യം തോന്നി. ഒരു പറങ്കിമാങ്ങയ്ക്ക് അമ്പത് ഉറുപ്പികയോ ? കോപം മനസ്സിലൊതുക്കി കാറ് മുന്നോട്ട് നീങ്ങി.

കുട്ടിക്കാലത്തെ ഓർമ്മകൾ മനസ്സിൽ തത്തിക്കളിക്കുന്നുണ്ടായിരുന്നു. കുന്നിൻചെരുവിലെ ഓലമേഞ്ഞ വീട്. അതിനുള്ളിൽ ആസ്മ കൊണ്ട് ഏങ്ങിവലിച്ച് ചുമച്ച് കഫം തുപ്പുന്ന അമ്മ. അച്ഛൻ മുടിവെട്ടുകാരനാണ്. ഇപ്പോഴത്തെപ്പോലെ കടകളൊക്കെ അന്ന് ദുർലഭം. രാവിലെ കട്ടൻചായ കുടിച്ചാൽ അച്ഛൻ ക്ഷൗരപ്പെട്ടിയുമായി ഇറങ്ങും. ആ പെട്ടിയിൽ തുരുമ്പുപിടിച്ച കത്രികയും പിടി ഇളകിയ കത്തിയും ചളി നിറഞ്ഞ ചീർപ്പും ഒരാലത്തിന്റെ കട്ടയുമുണ്ടാകും. പണിക്കിടയിൽ ചെറിയ വല്ല മുറിയും പറ്റിയാൽ ആലം വെള്ളത്തിൽ മുക്കി മുഖത്ത് തുടച്ചാൽ നല്ലതാണത്രെ. വീടുകളിൽ ചെന്നാണ് ക്ഷൗരപ്പണി. ഒരു വീട്ടിൽ ചെന്നാൽ എല്ലാവരുടേയും മുടി അറുത്ത് മുഖം വടിച്ച് ഇറങ്ങുമ്പോൾ കുറച്ച് അരിയോ നെല്ലോ ഒരു തേങ്ങയോ കിട്ടും.

വയ്യാത്ത അമ്മ എങ്ങിനെയൊക്കെയോ കഞ്ഞിവയ്ക്കുമ്പോൾ രാമൻകുട്ടി വീട്ടിൽ നിന്നിറങ്ങും. ആ കാലം മാങ്ങയുടേയും പറങ്കിമാങ്ങയുടേയുമായിരുന്നു. അതുകൊണ്ട് വിശപ്പടക്കാൻ മറ്റു സാധനങ്ങൾ തിരക്കാറില്ല. അടുത്ത വീട്ടിലെ ജാനുവിനെ കൂട്ടുവിളിക്കും. അച്ഛൻ മരിച്ചുപോയപ്പോൾ അവളുടെ അമ്മ വീട്ടുജോലികൾ ചെയ്ത് ജീവിക്കുകയാണ്.

രണ്ടുപേരും കുന്നിൻ ചെരിവിൽ നിറഞ്ഞുനിൽക്കുന്ന പറങ്കിമാവിൻ തോട്ടത്തിലെത്തും. അണ്ടിയോടുകൂടി പഴുത്തുനിൽക്കുന്ന മാങ്ങകൾ കാണാൻ എന്തുരസമാണ്. ഏതെങ്കിലും ഒരു മാവിൽ കയറും. ഉടമസ്ഥന്റെ ആൾക്കാർ കണ്ടാൽ തടയില്ല. അവർക്ക് അണ്ടി വേണമെന്നേയുള്ളു. രാമൻകുട്ടി ചെറിയ ചില്ലകൾ കുലുക്കുമ്പോൾ പഴുത്ത പറങ്കിമാങ്ങകൾ ഉതിർന്നുവീഴും. ജാനു പെറുക്കിക്കൂട്ടും. ഇറങ്ങിവന്ന് അണ്ടി ഇരിഞ്ഞ് മാങ്ങ തിന്ന് രണ്ടുപേരും വയറു നിറക്കും. ഉടമസ്ഥന്റെ ആളുകൾ വന്ന് അണ്ടി എടുക്കുമ്പോൾ ഒന്നുരണ്ടെണ്ണം അവർക്ക് കൊടുക്കും. അത് കിട്ടുന്നത് ജാനുവിന് വലിയ സന്തോഷമായിരുന്നു. കാരണം അത് കൊടുത്താൽ നിലക്കടല വിൽക്കുന്ന പാത്തുമ്മ പകരത്തിന് രണ്ടുമൂന്നു നിലക്കടല കൊടുക്കും. അത് തോടുപൊളിച്ച് കൊറിക്കാൻ ബഹുരസമായിരുന്നു.

വർഷങ്ങൾ നീങ്ങുന്നതിനിടയിൽ അയാൾ അച്ഛനോടൊപ്പം പണി പഠിക്കാനും ജാനു അമ്മയെ സഹായിക്കാനും പോയിത്തുടങ്ങി. ദിവസങ്ങൾ അങ്ങിനെ നീങ്ങുമ്പോഴാണ് രാമൻകുട്ടി നാടുവിട്ടത്. നാടുവിടാൻ കാരണമുണ്ടായിരുന്നു. പണക്കാരനായ കരുണാകരമേനോന്റെ മുടിവെട്ടി ഷേവ് ചെയ്തുകഴിഞ്ഞപ്പോൾ അയാൾ കൈപൊക്കി എന്നിട്ട് കക്ഷം വടിക്കാൻ പറഞ്ഞു. രാമൻകുട്ടി കൂട്ടാക്കിയില്ല. അയാൾ കോപത്താൽ രാമൻകുട്ടിയെ തല്ലി. രാമൻകുട്ടിയുടെ അച്ഛനും അവനെ തല്ലി. അപ്പോഴാണ് രാമൻകുട്ടി നാടുവിടാൻ തീരുമാനിച്ചത്.

നഗരത്തിൽ വന്ന് ഒരു കടയിൽ പണിക്കുകൂടി. പുതിയ പുതിയ സ്റ്റൈലിൽ മുടിവെട്ടാൻ പഠിച്ചു. പുതിയ പുതിയ തരത്തിൽ താടിവച്ചു കൊടുക്കാൻ പഠിച്ചു. പുതിയ പുതിയ തരത്തിലുള്ള കൃതാവുകൾ കണ്ടുപഠിച്ചു. ഏതോ സിനിമയിൽ അമീർഖാന്റെ തലയിലെ വരകൾ വേണ്ടവർക്ക് നൽകി. സൽമാന്റെയും ഷാരുഖിന്റെ തലമുടിയുടെ നിൽപ്പ് പകർത്തി. അമിതാഭ് ബച്ചന്റെ താടിയുടെ രീതി പലർക്കും നൽകി.

യൗവ്വനം വന്നു സ്വന്തം കടകൾ വന്നു, പണം വന്നു. വലിയ വീടും കാറും വന്നു. മനസ്സിൽ പ്രണയം വന്നു. ഗൾഫിൽ ബ്യൂട്ടിപാർലർ നടത്തുന്ന സരള ഭാര്യയായി അവളോടൊപ്പം ഗൾഫിലേക്ക് പോയി.

നാടിനെ മറന്നു. നാട്ടുകാരെ മറന്നു. അച്ഛനേയും അമ്മയേയും മറന്നു. ജാനുവിനെ മറന്നു. ഇന്നു ബോംബെയിൽ രണ്ടു മൂന്നു ബ്യൂട്ടിപാർലറുകൾ ഉണ്ട്. ആരോ പിന്നിൽ നിന്ന് ഹോണടിച്ചപ്പോഴാണ് വീട് അടുത്തെത്തിയെന്ന് ഓർത്തത്. വീട്ടിലെ ഗെയിറ്റിലേക്ക് കാറ് കയറ്റിയിട്ടു.

ഭക്ഷണം കഴിക്കുമ്പോൾ ഭാര്യയോട് പറങ്കിമാങ്ങയുടെ കാര്യം പറഞ്ഞു. വിലയുടെ കാര്യം പറഞ്ഞു. മോഹമുണ്ടായിട്ടും വാങ്ങാതെ പോന്നതിനെപ്പറ്റി പറഞ്ഞു. എല്ലാം കേട്ട ഭാര്യ ചോദിച്ചു, "മനുഷ്യാ മോഹമുണ്ടെങ്കിൽ അത് ഒരു ഡസ്സൻ വാങ്ങാമായിരുന്നില്ലേ? പണത്തിന്റെ കുറവില്ലല്ലോ. ഇത് നിങ്ങളുടെ അച്ഛൻ ക്ഷൗരപ്പെട്ടിയുമായി നടക്കുന്ന കാലമല്ല. എല്ലാറ്റിനും വില കൂടുമ്പോൾ കൃഷിക്കാരനും അവന്റെ ഉൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടണം. അവന്റെ അദ്ധ്വാനത്തിനുമാത്രം വില കൂടുന്നത് മനുഷ്യന് സഹിക്കില്ല. വീടിനും കാറിനും ഹോട്ടലുകളിലും ബാറിലും തുണിക്കടകളിലും ബ്യൂട്ടിപാർലറുകളിലും ജനം പണം ഒഴുക്കുമ്പോൾ പഴങ്ങൾക്കും പച്ചക്കറികൾക്കും വില വർദ്ധിക്കുന്നത് ജനത്തിന് പിടിക്കില്ല. കാലാവസ്ഥയുടേയും ദല്ലാളുകളുടേയും ഇടയിൽ കൃഷിക്കാർ അരയുമ്പോൾ സഹായിക്കാനാരുമില്ല. ഒരു പറങ്കിമാങ്ങ ഇവിടെ അമ്പത് രൂപയ്ക്ക് വിൽക്കുമ്പോൾ കൃഷിക്കാരന് കിട്ടുന്നത് അഞ്ചു രൂപയായിരിക്കും. അതും പാടില്ലെന്നാണോ നിങ്ങൾ പറയുന്നത്."

ഭാര്യയുടെ തർക്കം ശരിയാണെന്ന് അയാൾക്ക് തോന്നി. അയാൾ പറങ്കിമാങ്ങ വാങ്ങാൻ കാറുമെടുത്തിറങ്ങി. ●

# എന്റെ വീട്



പ്രതിഭ അംബാടി
9746213960

**എ**നിക്കും ഉണ്ടായിരുന്നു സ്വന്തമായി ഒരു വീട് വേണം എന്ന മോഹം. പല സ്ഥലങ്ങളിൽ ആയി പല തരം വീടുകളിൽ താമസിച്ചത് കൊണ്ടാവാം ഇടക്കിടെ മാറേണ്ടാത്ത ഒരു വീട് വേണം എന്ന തോന്നൽ വന്നത്. അങ്ങിനെ വർഷങ്ങളുടെ ആഗ്രഹം ഒരു ദിവസം സഫലമായി. എനിക്കും കിട്ടി ഒരു 'സ്വന്തം വീട്'. പ്രകൃതി കനിഞ്ഞ സുന്ദരമായ സ്ഥലത്ത് ഒരു കൊച്ചു വീട്...

പുതിയതിനോടുള്ള കമ്പം കൊണ്ടാവാം വീട് ക്ളീനിംഗ് എന്ന പ്രക്രിയ ഗംഭീരമായി നടന്നുകൊണ്ടിരുന്നു. അങ്ങിനെ, പതുക്കെ പതുക്കെ പുതിയ പെയിന്റിന്റെ മണം മാറിത്തുടങ്ങി. അപ്പോഴാണ് എന്റെ വീട്ടിലേക്ക് അതിഥികൾ എത്തി തുടങ്ങിയത്. ഒരു ദിവസം നോക്കുമ്പോൾ ജനലിൽ ഒരു യമണ്ടൻ തവള. കുട്ടികൾക്ക് കൗതുകം, പിന്നെ സന്തോഷം, ഹായ് ഫ്രോഗ് എന്നും പറഞ്ഞ് തുള്ളിച്ചാട്ടം.

എനിക്ക് ചെറിയ പേടി...ങേ.. എന്റെ വീട്ടിൽ ഇവനെന്തു കാര്യം? ഒന്നു രണ്ടും, രണ്ടു മൂന്നും ഒക്കെ ആയിതുടങ്ങി. പരിസരത്ത് പാടങ്ങളും നല്ല പച്ചപ്പും ഉള്ളത് കൊണ്ടാവാം വിരുന്നുകാരുടെ എണ്ണം കൂടി കൂടി വന്നു... പേരറിയാത്ത എല്ലാ ജീവികളെയും മക്കൾ 'ഏലിൻസ്' എന്നു വിളിച്ചു. എനിക്കും അവർ 'ഏലിൻസ്' ആയിരുന്നു, എന്റെ വീട്ടിലേക്ക് ക്ഷണിക്കപ്പെടാതെ വന്ന 'ഏലിൻസ്'. പിന്നെ ഞാൻ അവരെ എന്റെ വീട്ടിൽ നിന്നും ഒഴിവാക്കാനുള്ള തത്രപ്പാടിൽ ആയി.

തവള, പല്ലി, പാറ്റ, കൊതുക് എന്നുവേണ്ട ഏലിൻസിന്റെ പ്രളയം. പിന്നൊരു ദിവസം നീണ്ടു മെലിഞ്ഞ ഒരു മഹാൻ വളഞ്ഞു വളഞ്ഞു മുറ്റത്തു കൂടെ അങ്ങിനെപോവുന്നു. ഹോ..! ഉള്ള സമാധാനവും പോയി. ഹത്യ എന്ന വിചാരം മനസ്സിൽ ഇല്ലാത്തതിനാൽ അദ്ദേഹത്തെ ഓടിച്ചു വിട്ടു..

ആയിടക്കാണ് അടുത്ത വീട്ടിലെ ഒരു പൂച്ച പ്രസവിച്ച മൂന്നു പൂച്ചക്കുട്ടികളെ മക്കൾ കണ്ടത്. അവർ കളി തുടങ്ങി, പിന്നെ പതുക്കെ വീടിനകത്തേക്ക് സ്വാഗതം ചെയ്തു.

"മമ്മീ...പാൽ തരോ...? പാവം കുട്ടികൾ"

അങ്ങിനെ ആ വിരുന്നുകാർ വീട്ടുകാർ ആയി. വർക് ഏരിയയിൽ അവർക്ക് കാറ്റ് സ്റ്റേഷനും ആയി. ഒരു ദിവസം അമ്മപ്പൂച്ചയെ കാണാതായി. മണ്ണ് മാന്തി വിസർജനം നടത്താൻ അറിയാത്തത് കൊണ്ട് അവർ 'വർക് ഏരിയ' 'വാഷ് റൂം' ആക്കി.

എന്റെ ജോലി അത് വൃത്തിയാക്കലും. ഒന്നല്ല മൂന്നു പേർ ആണേ. അങ്ങിനെ ഞാൻ തീരുമാനിച്ചു, എന്റെ വീടിനകത്ത് ഇവരെ ഇടാൻ പറ്റില്ല. പുറത്ത് സിറ്റ് ഔട്ടിലേക്ക് ക്യാറ്റ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കപ്പെട്ടു.

അന്ന് രാത്രി നല്ല മഴ... അടച്ചുകെട്ടി കൂടു പോലെ ആകാത്ത തുറന്ന സിറ്റ് ഔട്ടിൽ പൂച്ചക്കുട്ടികൾ... എന്റെ ഉറക്കം പോയി... അപ്പോഴാണ് എന്റെ തലയിൽ പെട്ടെന്നൊരു തോന്നൽ... ഇതെങ്ങനെ എന്റെ വീടായി? കാലാകാലങ്ങളായി നിലനിന്നുവരുന്ന ഭൂമിയിൽ നാലു ചുവരുകൾ കെട്ടിപ്പൊക്കി ഒരു പേരും ഇട്ടപ്പോൾ അത് 'എന്റെ' ആയി. ശരി തന്നെ. ചുറ്റും ഉള്ള മനുഷ്യരോട് എനിക്ക് പറയാം ഇത് എന്റെ വീടെന്ന്, പക്ഷെ അവിടെ കാലങ്ങളായി ജീവിച്ചുവരുന്ന ഏലിയൻസിന് സത്യത്തിൽ ഞാൻ അല്ലേ 'ഏലിയൻ'....!!! അവരുടെ സ്ഥലം കയ്യേറിയതും പോരാ അവരെ ഒഴിപ്പിക്കാൻ നിരന്തര പരിശ്രമം നടത്തുന്ന കാപാലിക... അതേ, അതാണ് സത്യം. ഇത് അവരുടെ വീടാണ്...

ഉടൻ തന്നെ വീട്ടിലെ ജനാലകൾ തുറക്കപ്പെട്ടു. ഈ സ്ഥലത്തിന്റെ എല്ലാ ഉടമസ്ഥർക്കും സ്വാഗതം. ഞങ്ങൾ കുറച്ച് കാലം ഇവിടെ താമസിച്ചു പൊയ്ക്കോട്ടെ... ഉപദ്രവിക്കില്ല... തിരിച്ചും ഉപദ്രവിക്കരുതെ... ഞങ്ങളും നിങ്ങളെ പോലെ ഈ ഭൂമിയിൽ ജനിച്ചവർ ആണേ.. മനുഷ്യൻ ആയതിനാൽ കുറച്ച് സുഖസൗകര്യങ്ങൾ കൂടുതൽ വേണം എന്നുമാത്രം...

അങ്ങിനെ ക്യാറ്റ് സ്റ്റേഷൻ ഉള്ളിലേക്ക് പുനഃസ്ഥാപിക്കപ്പെട്ടു. ഒരു ട്രേയിൽ കുറച്ച് മണ്ണ് നിറച്ച് അവർക്ക് ബയോ ടോയ്ലറ്റ് സംവിധാനവും ആക്കി. ടോയ്ലറ്റ് ട്രെയിനിങ് അവർ പെട്ടെന്ന് തന്നെ പഠിച്ചു. അവർ വലുതായി. മൂന്നു സുന്ദരന്മാരായ ചുണക്കുട്ടന്മാർ. സ്വന്തം ടെറിട്ടറി തേടി അവർ പോയി. ഇപ്പോഴിതാ വീണ്ടും മൂന്നു പേർ എത്തിയിരിക്കുന്നു. മൂന്നു കുറിഞ്ഞികൾ... എന്റേതെന്നു ഞാൻ വിശ്വസിക്കുന്ന വീട്ടിലേക്ക്...!!!

■ കഥ

# എന്റെ മോഹം പൂക്കാത്ത മരമായി

ആർ. പ്രിയ പരമേശ്വരൻ


**പി.** ജി. കോഴ്സിന് പുതുതായി ക്ലാസ്സിൽ വന്ന വന്ദിതാ മേനോന്റെ ഓരോ ചലനങ്ങളും ശ്രദ്ധിക്കത്തക്കതായിരുന്നു. വഴിഞ്ഞൊഴുകുന്ന സൗന്ദര്യവും കുയിൽ നാദവും ഉള്ള വന്ദിതാ മേനോനെ മറ്റു സഹപാഠികൾക്കും ഹരമാണ്.

പ്രൊഫസ്സർ ചെല്ലപ്പൻ സാറിന്റെ ക്ലാസ്സിൽ ഒരു കവിത ആലപിക്കുന്നതിനുവേണ്ടി ഒ. എൻ. വി. കുറുപ്പു സാറിന്റെ ഒരു കവിതാസമാഹാരം ലൈബ്രറിയിൽ ഞാൻ തിരയുകയാണ്. അതാ ! മറ്റൊരു മൂലയിൽ കസേരയിൽ ഇരുന്ന് കട്ടിയുള്ള പുസ്തകം വായിക്കുന്ന വന്ദിതാ മേനോൻ ! എന്നെ കണ്ട മാത്രയിൽ വന്ദിത മേനോൻ പുഞ്ചിരി തൂകി. ഇത് തന്നെയാണ് പറ്റിയ അവസരമെന്ന് കരുതി ഞാൻ പ്രശ്നം അവതരിപ്പിച്ചു.

മുഖവുര കൂടാതെ ഞാൻ "വന്ദിത മേനോനെ എനിക്കിഷ്ടവും സ്നേഹവുമാണ്. വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു, വിരോധമില്ലെങ്കിൽ...?"

ഞാനതു മുഴുമിപ്പിക്കുവാൻ ഇട നല്കാതെ മറുപടിയെന്നോണം അവരുടെ താലിമാല സാരിക്കുള്ളിൽ നിന്നും ഞാൻ കാണത്തക്കവിധം സാരിക്കു മുകളിലേയ്ക്കിട്ടു.

■ കവിത




സൈനുദീൻ മുണ്ടക്കയം

9947253006


# കുട

ഗുഹയിൽ വസിച്ചവർ മഴയിൽ നനഞ്ഞവർ
ഇല കൊണ്ടു കുട ചൂടി നിന്നു.
വാഴയില, ചേമ്പില കുടയായ് പിറക്കുന്നു,
മേലിലതു പോരെന്നു വന്നു.

പനയോല കുടയാക്കി കൊണ്ടുനടന്നവർ,
പലകാലമത് തന്നെ ചൂടി.
ഏതോ കലാകാരനതു പിന്നെ വട്ടത്തിൽ-
കുടയാക്കി മാറ്റിമെടഞ്ഞു.

ഒരുകോലു മദ്ധ്യത്തിൽ കുത്തിനിറുത്തി-
കാലുള്ള കുടയാക്കി മാറ്റി.
രൂപാന്തരം കൊണ്ട് തൊപ്പിക്കുടയുമായ്-
തലയിലുറപ്പിച്ചു പിന്നെ.

ഓണത്തിനെത്തുന്ന മാവേലി ചൂടുന്ന-
തോലക്കുടയെന്നുമോർക്കാം.
ഓലക്കുടയുടെ കാലം ഗണിക്കുകിൽ
മാവേലി മന്നനും മുന്നേ.

മുന്തിയോരോലക്കുടയുടെ കീഴിലായ്-
ആഢ്യന്മാരന്നു വിളങ്ങി;
ഓലക്കുട പിടിച്ചാത്തേമ്മാരൊക്കെയും,
മറക്കുടയാക്കി നടന്നു.

കുട ചൂടുവാനുള്ള യോഗ്യത കീഴാളർ-
ക്കില്ലായിരുന്നതക്കാലം.
കോരന്നു കുമ്പിളിൽ കഞ്ഞിയാണെന്ന പോൽ-
വാഴയില തന്നെ ശരണം.

കാലവും കോലവും മാറി മറിഞ്ഞപ്പോൾ
ശീലക്കുടകൾ പിറന്നു.
നിവർത്തി മടക്കുന്ന ശീലക്കുടകളും-
കാലൻ കുടകളുമെത്തി.

ശീലക്കുടയങ്ങു വാണു പ്രതാപിയായ്-
ശീമേന്നിറങ്ങിയതാണ്.
ശീമക്കാരിൽ നിന്നു സേവകർ കൈപ്പറ്റി-
നാട്ടിൽ പ്രചാരമായ്ത്തീർന്നു.

വൃദ്ധർക്കു താങ്ങായി കാലൻ കുടകളും,
വർദ്ധിച്ചു വന്നു പതുക്കെ.
ആൺകുട കാലനും പെൺകുട മുണ്ടനും,
ആൾക്കാരു കൊണ്ടുനടന്നു.

നാടൻ പ്രമാണിമാർ കുടചൂടിപ്പോകവേ-
നാട്ടാർക്കുമുണ്ടായി പൂതി;
ആലപ്പുഴക്കാരു നിർമ്മിച്ചു കുടകളും-
ആളുകൾക്കാവേശമായി.

കറുത്ത കുടയുടെ സ്ഥാനത്ത്, വർണ്ണ-
ക്കുടകളും വന്നുത്ഭവിച്ചു.
ഉത്സവങ്ങൾക്കുള്ള മുത്തുക്കുടകളും-
പട്ടുക്കുടകളുമെത്തി.

കമ്പികളെട്ടതുപത്തായി, പന്ത്രണ്ടായ്-
പരിഷ്ക്കാരമേറെ വരുത്തി.
മരക്കാലു പിന്നീടു സ്റ്റീലാക്കിമാറ്റി
ഭാരം കുറച്ചു ഭംഗിയേറ്റി.

നട്ടുച്ച നേരത്തും മഴയത്തും തണലായി
കുടയുറ്റ തോഴനുമായി.
കുടപ്പണി ചെയ്തിട്ടാഹാരം തേടുന്നോർ
കുടയുടെ കീഴിലിരിപ്പായ്.

ഒന്നമർത്തുമ്പോൾ തുറക്കും കുടകളും
പിന്നൊന്നമർത്ത്യാൽ ചുരുങ്ങും;
കച്ചവടക്കാർക്കു പന്തൽ കുടകളും,
കുട്ടികൾക്കായുള്ള പീപ്പിക്കുടകളുമായി.

നീളം കുറയ്ക്കുവാൻ, കയ്യിലൊതുക്കുവാൻ,
മാറ്റങ്ങളേറെ വരുത്തി.
രണ്ടായ് മടക്കിക്കൊണ്ടുണ്ടായ് പരിഷ്ക്കാരം,
മൂന്നായുമഞ്ചായും മാറ്റി.

കുടകൾ പിറക്കുന്നു ചിത്രപ്പണികളാൽ-
കുട്ടികൾക്കാവേശമാകാൻ.
ഫോണും ടോർച്ചുമതൊക്കെ പിടിപ്പിച്ച്,
കുട ജൈത്രയാത്ര നടത്തും.

നാടു നടുക്കുമഴിമതിക്കാർക്കുമേൽ
കുടചൂടുമധികാരി വർഗ്ഗം;
കടക്കാരെയൊഴിവാക്കി മാനം കാക്കുവാൻ.
കുടയൊരു മറയാക്കിപ്പോകാം.

തലക്കുട, മറക്കുട, വെൺകൊറ്റക്കുട,
കുടകൾ വിളങ്ങുന്നു പാരിൽ;
കുടയാതെ, കളയാതെ നോക്കണേ-
കുടകൾ, തണലാണെന്നതുമോർക്കാം.


**Subscribe**

Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Sent Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001

■ പാചകം

## ചെറുനാരങ്ങ മധുര അച്ചാർ



പി. എൻ. ഗംഗാലക്ഷ്മി

9447972209

**ആവശ്യമുള്ള സാധനങ്ങൾ**

ചെറുനാരങ്ങ - $^{1}/_{2}$ കി.
പഞ്ചസാര - 1 കപ്പ്.
മുളകുപൊടി - 1 ടീ സ്പൂൺ
കുരുമുളക് പൊടി - 1 ടീ സ്പൂൺ
മഞ്ഞൾ പൊടി - $^{1}/_{2}$ ടീ സ്പൂൺ
ഉപ്പ് - 2 ടീ സ്പൂൺ
റോക്ക് സോൾട്ട് - $^{1}/_{2}$ ടീസ്പൂൺ.

**ഉണ്ടാക്കേണ്ട വിധം**

ചെറുനാരങ്ങ കഴുകി തുടച്ച് നാല് കഷ്ണങ്ങളാക്കി നീര് പിഴിഞ്ഞെടുക്കുക. ഉപ്പ്, മുളകുപൊടി, മഞ്ഞൾപ്പൊടി, കുരുമുളക് പൊടി, റോക്ക് സോൾട്ട് എന്നിവ കഷ്ണങ്ങളിൽ നല്ലതുപോലെ ഇളക്കിച്ചേർത്ത് കുപ്പിയിൽ നിറക്കുക. പിഴിഞ്ഞ് വെച്ചിരിക്കുന്ന നീര് അരിച്ച് കുപ്പിയിൽ ഒഴിച്ച് കുലുക്കിവെക്കുക. ഒരാഴ്ചയ്ക്കു ശേഷം പഞ്ചസാര ചേർത്ത് കുലുക്കിവെക്കുക. ഒരുമാസത്തിനു ശേഷം ഉപയോഗിക്കാം.

■ കവിത

## 'അഭിമന്യു' വിശേഷം

പ്രമോദ് മഞ്ചേരി

09495607393



ചാരത്തുവന്നു നിന്നെൻ
മുഖത്തു മുത്തമിട്ടു
പാരമോതിയെൻ മകളൊന്നാം
ക്ലാസ്സിലേക്കാണീവർഷം.

"കരാട്ടേപഠിക്കേണം, കളരിക്കു നേരം നോക്കാം
സമയം കിട്ടീടുകിൽ ജൂഡോയിലൊരുകൈ നോക്കാം"

രാവിലെ പത്രത്താളിൽ കണ്ണുകളോടിച്ചെന്നും
വാർത്തകൾ മനഃപ്പാഠമാക്കുമെൻ ഉള്ളൊന്നാളി!

എന്തൊരുമ്പെട്ടാണിവളൊന്നുകിൽ പാട്ടോ, ഡാൻസോ
വല്ലതുമല്ലേ പെണ്ണിൻ കുഞ്ഞിന്നു പറഞ്ഞിട്ടുള്ളൂ!?

എന്തിനാപുറപ്പാട്, യുദ്ധത്തിനാണോ കുഞ്ഞേ?
കളിക്കാൻ സമയം പോരായെന്നല്ലേ പരാതികൾ?

കൂട്ടുകാരാരുമില്ലേ, റ്റിവി കണ്ടിരിക്കേണ്ടേ?
രസിച്ചു കൊല്ലാനും മറ്റും മൊബൈലിൽ
ഗെയിമുണ്ടല്ലോ?

പുച്ഛത്തോടൊന്നു നോക്കീട്ടോതിയെന്നോടായോമൽ
"അച്ഛനീ ലോകത്തുള്ള കാര്യങ്ങളറിയുന്നില്ലേ"

"സ്കൂളിലായുധങ്ങൾ പരിശീലിച്ചാലല്ലേ,
കത്തികൾ തടയാനാവൂ കലാലയത്തിന്നുള്ളിൽ?"

നിറഞ്ഞെൻ കണ്ണുകൾ വീണ്ടും
തപ്തമീഹൃത്തൊന്നാളി
മുന്നിലെ പത്രത്താളി'ലഭിമന്യു'വിൻ ചിത്രം!

സൗഹൃദം,സ്നേഹം,ദയാവായ്പ്പുകൾ ശീലിക്കേണ്ട
സരസ്വതീക്ഷേത്രഹൃത്തിൽ കത്തി കുത്തിയതാര്?

■ മഹാത്മ



ബിന്ദു. കെ

9446422321

## ബാല്യവിവാഹം

(രണ്ടാം ഭാഗം - കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)

**ഗാ**ന്ധിജിയുടെ അച്ഛൻ ദിവാനായിരുന്നു. ഠാക്കോർ സാഹിബ്ബിന് അദ്ദേഹത്തെ ഇഷ്ടമായിരുന്നു. ഒരുപാട് ജോലികൾ അദ്ദേഹം അച്ഛനെ ഏൽപ്പിക്കുക കാരണം അച്ഛന് ഗാന്ധിജിയുടെ കല്യാണത്തിന് നേരത്തേ എത്തി വിവാഹത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ സാധിച്ചില്ല. സാധാരണ ഗതിയിൽ അഞ്ചുദിവസം യാത്രയ്ക്കെടുക്കുന്ന 120 മൈൽ ദൂരമുണ്ട് രാജ്കോട്ടിൽ നിന്ന് പോർബന്തറിലേയ്ക്ക്. രണ്ടുദിവസത്തെ യാത്ര കുറയ്ക്കാൻ പാകത്തിന് ഒരു പ്രത്യേക വണ്ടി അദ്ദേഹം അച്ഛന് അനുവദിച്ചുകൊടുത്തു. അച്ഛൻ മൂന്നുദിവസം കൊണ്ട് യാത്ര പൂർത്തിയാക്കിയെങ്കിലും മൂന്നാം ദിവസം വണ്ടി മറിഞ്ഞ് ആഴത്തിൽ പരിക്കേറ്റു. ദേഹം മുഴുവൻ വച്ചുകെട്ടിക്കൊണ്ട് വീട്ടിൽ എത്തി. അതോടെ എല്ലാവർക്കും വിവാഹാഘോഷത്തിലുള്ള ഉത്സാഹം കുറഞ്ഞു. പക്ഷെ വിവാഹം മാറ്റിവെക്കാൻ പറ്റാത്തതിനാൽ ചടങ്ങുകൾ നടത്താൻ തീരുമാനിച്ചു. പരിക്കുകൾ വകവെയ്ക്കാതെ അച്ഛൻ വിവാഹകാര്യത്തിൽ നല്ല ഉത്സാഹം കാണിച്ചു. അച്ഛന്റെ അപകടമോർത്തുള്ള ദുഃഖം മറന്ന് ഗാന്ധിജിയും വിവാഹത്തിലെ ബാലിശവിനോദങ്ങളിൽ മുഴുകി. അച്ഛനമ്മമാരെ ആദരപൂർവ്വം ശുശ്രൂഷിക്കാൻ വേണ്ടി എല്ലാ സുഖസന്തോഷങ്ങളും ത്യജിക്കണമെന്ന് ഗാന്ധിജിക്ക് അറിയില്ലായിരുന്നു. അങ്ങനെ വിവാഹം നല്ല രീതിയിൽ നടന്നു.

വിവാഹം കഴിഞ്ഞ് ആദ്യരാത്രി എങ്ങനെ പെരുമാറണമെന്ന് ഗാന്ധിജിക്ക് ജ്യേഷ്ഠപത്നി പഠിപ്പിച്ചിരുന്നു. എങ്കിലും ഇരുവർക്കും വലിയ നാണമായിരുന്നു. പിന്നീട് അവർ പരസ്പരം അറിയാനും യഥേഷ്ടം സംസാരിക്കുവാനും തുടങ്ങി. രണ്ടുപേർക്കും ഒരേ പ്രായമായിരുന്നു. ഭാര്യയോട് ആജീവനാന്തം വിശ്വസ്ത പുലർത്തണമെന്നും സത്യത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് ഭാര്യയെ വഞ്ചിക്കരുതെന്നും ഗാന്ധിജി തീരുമാനിച്ചു. അതുപോലെ തിരിച്ച് ഭാര്യയും തന്നോട് വിശ്വസ്തയായിരിക്കണമെന്ന് സ്വയം വിചാരിച്ചു. അങ്ങിനെ ഭർത്താവിന്റെ അധികാരം എറ്റെടുക്കാൻ ഗാന്ധിജിക്ക് അധികം താമസിക്കേണ്ടിവന്നില്ല. അവളുടെ ഓരോ ചലനങ്ങളും നിരീക്ഷിച്ചിരിക്കുക തന്റെ കടമയായി കണക്കാക്കി. അതിനാൽ തന്റെ അനുവാദം കൂടാതെ അവൾക്കെങ്ങും പോകാനാവില്ലെന്ന അവസ്ഥയുണ്ടായി. ഇത് വിപരീതഫലത്തെ ഉണ്ടാക്കി. പിന്നീട് ഈ വിചാരധാരണയെല്ലാം തെറ്റാണെന്ന് ഗാന്ധിജിക്ക് ബോധ്യമായി. ഭാര്യയുടെ മേൽ നിയന്ത്രണം ഏർപ്പെടുത്താൻ ഭർത്താവിനവകാശമുണ്ടെങ്കിൽ സമാനമായ അവകാശം ഭാര്യയ്ക്കും ഉണ്ട് എന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. •



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

(2൦൦ പേജിൽ നിന്നും തുടർച്ച...)

ക്കേവർക്കും അറിയാം സാഹിത്യലോകത്തിനപ്പുറം വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച വ്യക്തിത്വമാണ് ശ്രീ. നരേന്ദ്രമേനോൻ സാർ. പുസ്തകത്തിന്റെ അവതാരികയിലൂടെ ഈ പുസ്തകത്തിന്റെ പ്രസക്തിയെക്കുറിച്ചും, ആവശ്യകതയെക്കുറിച്ചും അദ്ദേഹം എഴുതിയ വാക്കുകൾ, അതെനിക്ക് ഏറെ ആത്മവിശ്വാസം നൽകി. അതിനുള്ള നന്ദി അറിയിക്കുന്നതോടൊപ്പം ഇന്നിവിടെ പുസ്തകം സ്വീകരിച്ച് ഈ പാവനകർമ്മത്തെ അനുഗ്രഹീതമാക്കിയ ശ്രീമതി. ഇന്ദിര കൃഷ്ണകുമാർ മാഡത്തിനോടും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

ശ്രീ. മുക്കം ഭാസി സാർ, യുവത്വംനിറഞ്ഞ മനസ്സിന്റെ ഉടമയാണെങ്കിലും ശാരീരികമായ പരിമിതികളാൽ പരിസരപ്രദേശങ്ങളിലേക്കുള്ള യാത്രകൾ പോലും വേണ്ടെന്നുവയ്ക്കുന്ന അദ്ദേഹം, ദീർഘമായ യാത്രനടത്തി ഇവിടെയെത്തിച്ചേരാം എന്ന ചുമതല സന്തോഷപൂർവ്വം ഏറ്റെടുത്തു. എന്നാൽ യാദൃശ്ചികമായി സംഭവിച്ച കാലാവസ്ഥാ വ്യതിയാനവും ശാരീരിക അസ്വസ്ഥതകൾ മൂലവും അതു സാധിക്കാതെ വന്നു. എങ്കിലും, എന്റെ ഭാസിസാർ നമ്മോടൊപ്പമുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ആ സ്നേഹ വാത്സല്യത്തിനു മുന്നിൽ എൻെറ വിനീതമായ നമസ്കാരം. വളരെ നാളുകളായി ഉള്ളിൽ കൊണ്ടുനടന്ന 'ശ്രീരാമ ഗീത' എന്ന സ്വപ്നത്തിനു പുസ്തകരൂപം നൽകിയ ഏക തത്ത്വ പബ്ലിക്കേഷൻസിന്റെ അമരക്കാരനായ ശ്രീ ഇ. ടി മുരളീധരൻ സാറോടും അദ്ദേഹത്തിനു തണലും നിഴലുമായി ഒപ്പം നിൽക്കുന്ന ശ്രീമതി. ബിന്ദു മാഡത്തിനോടും ഈ അവസരത്തിൽ എന്റെ നന്ദി അറിയിക്കുന്നു. ഈ പുസ്തകത്തിന്റെ നിർമ്മാണവേളയിലും പ്രകാശനചടങ്ങിലും അമൂല്യസേവനം നൽകിയ റിട്ട. പി. എൻ. ബി. ഉദ്യോഗസ്ഥനും പാലിയേറ്റീവ് കെയർ പ്രവർത്തകനുമായ ശ്രീ. ശ്രീവത്സൻ സാറാണ്. അദ്ദേഹം പരിചയപ്പെടുത്തിയ സാഹിത്യകാരനും റിട്ട. ബാങ്ക് മാനേജർ ശ്രീ. പ്രകാശൻ ചുനങ്ങാടാണ് എനിക്ക് ഏക തത്ത്വയെ പരിചയപ്പെടുത്തി തന്നത്. ഈ രണ്ട് മഹത് വ്യക്തികളേയും ഈ വേളയിൽ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. മുഖചിത്രത്തിനു പുറമെ ഈ പുസ്തകത്തിലെ പതിനേഴു സന്ദർഭചിത്രങ്ങളും വരച്ചിരിക്കുന്നത് ശ്രീമ തി. ശ്രീജ ജയചന്ദ്രൻ ആണ്. ശാസ്ത്രീയമായി ചിത്ര കല അഭ്യസിക്കാതെ തന്നെ ജന്മസിദ്ധമായ സ്വന്തം കഴിവിനെ പലവിധ അവസരങ്ങളിലൂടെ പരിപോഷിപ്പിക്കുവാൻ സമയം കണ്ടെത്തുന്നു, ഒരു സ്വകാര്യ സ്ഥാപനത്തിലെ ഉദ്യോഗസ്ഥയും എഴുത്തുകാരിയും വീട്ടമ്മ യുംകൂടിയായ ശ്രീമതി. ശ്രീജ ജയചന്ദ്രൻ. സന്ദർഭ ഭാവനകൾക്ക് അനുസൃതമായി വരകളിലൂടെ അവാച്യമായ ആശയങ്ങൾക്ക് ജീവൻ പകരാനുള്ള മഹനീയ കഴിവിനുമുന്നിൽ വിനീതമായ നമസ്കാരം. ഏക തത്ത്വ കുടുംബാംഗം കൂടിയായ ശ്രീജ ചേച്ചിക്ക് ഹൃദയം നിറഞ്ഞ നന്ദി. ഒപ്പംതന്നെ ശ്രീ. സിദ്ധിവിനായകർ, ശ്രീരാമ അവതാരലക്ഷോപദേശം, ഫലശ്രുതി എന്നീ സന്ദർഭങ്ങൾക്കനുസൃതമായ ചിത്രരചന നടത്തിയ പ്രിയസുഹൃത്തും ചിത്രകലാ വിദ്യാർത്ഥിനിയും കൂടിയായ ശ്രീമതി. വിദ്യാ സ്വരൂപ് എന്ന വിദ്യയോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

രാമായണ പാരായണം കൂടെയുണ്ടെങ്കിലേ ഈ മംഗളകർമ്മത്തിനു പൂർണ്ണത കൈവരൂ. അതിന് ഏറ്റവും അനുയോജ്യനായ വ്യക്തി ശ്രീ. രാജീവ് സാർ ആണെന്നും ശ്രീ. നരേന്ദ്രമേനോൻ സാർ നിർദ്ദേശിച്ചപ്പോൾ അത് ഞങ്ങൾക്കേവർക്കും സന്തോഷം പകരുന്ന വാക്കുകളായിരുന്നു. എന്തുകൊണ്ടെന്നാൽ എന്റെ അച്ഛന്റെ പ്രിയ സുഹൃത്തുകൂടിയാണ് ടി. ആർ. കെ. എച്ച്. എസ്. എസ് പ്രിൻസിപ്പാൾ ശ്രീ. രാജീവ് സാർ. പുസ്തകപ്രകാശിതത്തെക്കുറിച്ച് അറിയിച്ചപ്പോൾത്തന്നെ വളരെ സന്തോഷപൂർവ്വം തിരക്കുകൾ മാറ്റിവെച്ച് ഇവിടെ എത്തിച്ചേരുമെന്ന് ഏറ്റ അദ്ദേഹത്തോടും, ഒരു ജ്യേഷ്ഠനെന്നപോലെ ഔപചാരികതകൾ ഒന്നും കൂടാതെ ഇവിടെ എത്തിച്ചേരുകയും ഈ ചടങ്ങിനു സോപാന സംഗീതത്തിന്റെ നിറവ് സമ്മാനിക്കുകയും ചെയ്യുന്ന ശ്രീ. തുറവൂർ രാകേഷ് കമ്മത്ത് സാറിനോടും ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു. ചടങ്ങിന് നൃത്താവിഷ്കാരത്തിന്റെ ധന്യത നൽകുവാൻ വിപരീത ജീവിത സാഹചര്യങ്ങൾക്കിടയിലും ഇവിടെ എത്തിയിട്ടുള്ള ഗീത ടീച്ചർക്ക് നന്ദി പറയുവാൻ ഞാൻ ശക്തനല്ലെങ്കിലും എളിയ സ്നേഹാദരങ്ങൾ അറിയിച്ചുകൊള്ളട്ടെ.

ഏക തത്ത്വ കുടുംബത്തിൽ നിന്നും ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിയ ബഹുമാന്യരായ ശ്രീ സുരേഷ് തെക്കീട്ടിൽ സാർ, ശ്രീ. മുരളീധർ കൊല്ലത്ത് സാർ, വളരെ സന്തോഷപൂർവ്വം മുന്നോട്ടുവന്ന് ചുമതലകൾ ഏറ്റെടുത്ത് ഈ സദസ്സിനെ ശോഭനമാക്കിയ സി. എസ്. എൻ അക്ഷരപക്ഷം ഭാരവാഹികൾ, ഒപ്പംതന്നെ പ്രോഗ്രാമുകൾ മാറ്റിവെച്ച്, ചെയ്തുതീർക്കുവാനുള്ള ജോലികളെയെല്ലാം ഒരുവിധം ഒതുക്കി, ഈ പുസ്തക പ്രകാശനകർമ്മത്തെ ധന്യമാക്കുവാനും ഈ എളിയ കലാകാരനെ പ്രോത്സാഹിപ്പിക്കുവാനും ഇവിടെ എത്തിച്ചേർന്നിട്ടുള്ള പ്രിയപ്പെട്ട ഓരോ സുമനസ്സുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചുകൊള്ളുന്നു. ഇത്രയും ദൂരം യാത്ര ചെയ്ത് ഇവിടെയെത്തിയ നിങ്ങൾ ഓരോരുത്തരുടെ അടുത്ത് അൽപ നേരം ഇരിക്കുവാനോ ആതിഥ്യമര്യാദകൾ ചെയ്യുവാനോ കഴിയാത്തതിലുള്ള വിഷമം എന്റെ അമ്മയുടെയും കുടുംബാംഗങ്ങളുടെയും പേരിൽ ഞാൻ അറിയിക്കുന്നു. കനിവോടെ ഏവരും ക്ഷമിക്കുമെന്നു കരുതുന്നു. ഏകദേശം രണ്ടര വർഷമായി തുടങ്ങിയ ഉദ്യമമാണ് ഈ പുസ്തകം. അനേകംപേരുടെ ശ്രമഫലം കൂടിയാണ് ആരെയെങ്കിലും പേരെടുത്തു പരാമർശിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ കനിവോടെ പൊറുക്കുവാൻ അപേക്ഷിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനു എൻെറ രണ്ടു കൈകളായി പ്രവർത്തിച്ച അമ്മ, അനുജത്തി, അമ്മമ്മ എന്നിവർക്കൊപ്പം ഇന്നിവിടെ ഉണ്ടായിരുന്നെങ്കിൽ വളരെയധികം സന്തോഷമുണ്ടാകുമായിരുന്നു എന്റെ അച്ഛന്, ഇന്ന് അദ്ദേഹത്തിന്റെ പിറന്നാൾ ദിനം കൂടിയാണ്, അന്നും ഇന്നും അല്ലലറിയിക്കാതെ ഞങ്ങളെ പരിപാലിയ്ക്കുന്ന ആ ദൃഢതയെ സ്നേഹപൂർവ്വം സ്മരിച്ചു നമിച്ചുകൊള്ളുന്നു. ഈ അവസരത്തിൽ എൻെറ അച്ഛന്റെ അഭാവം അറിയിക്കാതെ ഞങ്ങളുടെ കുടുംബത്തെ മുന്നോട്ടു നയിക്കുന്ന ശ്രീ. ശിവശങ്കരൻ, എന്റെ വലിയച്ഛൻ... അദ്ദേഹത്തോടും, അതുപോലെത്തന്നെ അനേകം നാമരൂപങ്ങളായി നിത്യം തണലേകുന്ന സർവ്വേശ്വരനുമുന്നിൽ ഈ മംഗള കർമ്മം സമർപ്പിച്ചുകൊള്ളുന്നു. നന്ദി, നമസ്കാരം.

അജയ ബാലചന്ദ്രൻ

9895659050

Published on 15/07/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8, Issue 9, August 2018, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com